

LUDO
Farook B.Ed College, Kottakkal
College Magazine

# FAROOK GROUP OF INSTITUTIONS

**Run By: Farook Educational Society (regd)**
Changuvetty, kottkkal, Parappur (PO) Malappuram (Dt) 676503

## OUR INSTITUTIONS

- Pre Primary School
- LP & UP School
- High School
- Higher Secondary School
- Arts & Science College
- Montessori Teacher Training Academy
- D.El.Ed College
- B.Ed College

## FACILITY

- Comfortable Smart Study Rooms
- Science & Computer Labs
- Multipurpose Auditorium
- Campus WiFi
- Digital Library
- Play Ground




0483 2742710, 2744144, 2744155

www.farookkottakkal.org, www.kottakkalfarookcollege.edu.in

# ഓർമയിൽ...




തങ്ങളുടെ ദീർഘവീക്ഷണവും
കഠിനധ്വാനവും കൊണ്ട്
ഈ സ്ഥാപനത്തെ കെട്ടിപ്പടുത്തവർ...
ഒരുപാട് തലമുറകൾക്ക് അറിവിന്റെ
അനന്ത വെളിച്ചം പകർന്നവർ...
ഈ മഹാരഥന്മാരുടെ ത്യാഗോജ്ജ്വലമായ
ഓർമ്മകൾക്ക് മുമ്പിൽ...

# Managing Executive Committee


President

**Paravakkal Usman Kutty**


Vice president

**M. Abdul Kareem**


Secretary

**T. Moideen Kutty Alias Kunhu**


Treasurer

**Marakkar Kutty Haji**


Joint Secretary

**Mohammed Haneefa Thaikadan**

# Those who led Us


**Dr. Santhosh Vallikkad**
2004-2013


**Dr. Mahmood**
2013-2014


**Mr. Muhammed K**
2014-2019


**Dr. Reshma PT**
2019-2024


**Dr. Abdunnazar P T**
2025 January - July

# MAGAZINE *Committee*



**Dr Abdunnazar PT**
**Chief Editor**



**Dr Shamina E**
**Staff Editor**



**Anshida Thoombath**
**Student Editor**



**Mr . Muhammed**



**Siraj K C**



Fathima Khamarunnisa



Nila Sheeja Sunil



Fathima Sahla KV



Jaseela AP



Muhammed Sajjad P



Sreehari K



Mubashira Binsy



Fahmidha PVP



Sahla Shereen



Aiswarya P



Shebeeba Sherin MC



Sneha T



Hisana Nazreen PP



Rebi K



Ahsam




Devika Vipin




Shemeena MT



Shani Mol


ipu Sultan is widely regarded as one of the most formidable and steadfast opponents of the Britis
East India Company in the late th century. His entire reign was a continuous struggle to maint
the independence of his kingdom and to resist the growing tide of British imperialism in India. H
inherited a strong anti-colonial stance from his father, Hyder Ali, and dedicated his life to this cause
Tipu's freedom struggle was not just a series of defensive actions; he actively sought to modernize his
military and administration to counter the British threat. He famously developed and deployed
iron-cased rockets, a pioneering military technology that gave his army a significant advantage and
later influenced British rocketry. He also sought international alliances, sending envoys to the French
and Ottoman empires to garner support against the British. The four Anglo-Mysore Wars defined his
ERROR
404
PAGE NOT FOUND
surrender. He famously declared that he would rather live a day as a tiger than a hundred years as a
sheep." He was killed
one of India's earliest and most ardent freedom fighters. His death marked the end of the last major
ndigenous resistance in South India and facilitated the British consolidation of power, but his fierce





വിദ്യാഭ്യാസ ലോകത്ത് പുതിയ വിചാരങ്ങളും നവോന്മേഷവും പങ്കുവെക്കുന്ന ഈ മാഗസിൻ ഭാവിയിലെ പ്രതിഭാശാലികളായ അധ്യാപകരെ അഭിമാനത്തോടെ മുന്നോട്ടു നയിക്കുന്നതായിരിക്കട്ടെ.

ആശംസകളോടെ...
ഉസ്മാൻ കുട്ടി പറവക്കൽ



**Dr. Abdunnazar PT**
Principal

I am pleased to present this edition of our college magazine, a commendable initiative by the B.Ed. batch. This publication stands as a testament to the intellectual curiosity, creativity, and collaborative spirit of our student-teachers.

The contributions within these pages reflect the diverse experiences and evolving perspectives shaped during their academic journey at Farook B.Ed College, Kottakkal. I appreciate the editorial team and all contributors for their thoughtful efforts in bringing this magazine to fruition.

I extend my best wishes to the entire batch as they move forward in their professional paths with purpose and integrity.

പ്രിയ വായനക്കാരെ,




ഞങ്ങളുടെ കോളേജ് മാഗസിന്റെ ഈ പതിപ്പ് നിങ്ങളിലേക്ക് എത്തിക്കുന്നതിൽ വലിയ സന്തോഷം. അധ്യാപകരാകാൻ പരിശീലനം നേടുന്ന നമുക്ക്, പുസ്തകങ്ങളിലും ക്ലാസ്റൂമുകളിലും മാത്രം ഒതുങ്ങാതെ, ചിന്തകളും അനുഭവങ്ങളും പങ്കുവെയ്ക്കുന്ന വേദികൾ ഏറെ പ്രാധാന്യമർഹിക്കുന്നു. അത്തരം ഒരു വേദിയാണ് ഈ മാഗസിൻ.

B.Ed പഠനം അറിവ് നേടുന്നതിനുള്ളതല്ല, അറിവ് പങ്കുവെക്കുന്നതിനുള്ള പരിശീലനമാണ്. അധ്യാപകന്റെ ജീവിതം വിദ്യാർത്ഥികളുടെ സ്വപ്നങ്ങളിൽ നിറം പകരുന്നൊരു യാത്രയാണ്. ഈ യാത്രയിൽ കരുണയും, സഹനശക്തിയും, സൃഷ്ടിപരമായ ചിന്തയും അനിവാര്യമാണ്.

ഈ പതിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലേഖനങ്ങൾ, കവിതകൾ, ചിത്രങ്ങൾ, കുറിപ്പുകൾ എല്ലാം നമ്മുടെ കോളേജിന്റെ സൃഷ്ടിപരമായ മുഖം തുറന്നു കാണിക്കുന്നു. ഓരോ വിദ്യാർത്ഥിയുടെയും കഴിവുകൾ, അവരുടെ അധ്യാപകജീവിതത്തിന്റെ അടിത്തറയായിത്തീരുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

മാഗസിൻ എന്ന സാംസ്കാരിക യാത്രയ്ക്ക് കതിരായി കഠിനാധ്വാനത്തോടെ സഹകരിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സഹപ്രവർത്തകർക്കും എഡിറ്റോറിയൽ ബോർഡിൻറെ നന്ദിയും കടപ്പാടും അറിയിക്കുന്നു. ഈ മാഗസിൻ വായനക്കാർക്ക് പ്രചോദനമാകട്ടെ എന്നും ഇതിലൂടെ പുതിയ കാഴ്ചപ്പാടുകൾ ജനിക്കട്ടെ...

ഡോ. ഷാമിന ഇ
സ്റ്റാഫ് എഡിറ്റർ



# പിന്നിട്ട വഴികളിലൂടെ



മുഹമ്മദ് കെ

ഫാറൂഖ് എഡ്യൂക്കേഷണൽ സൊസൈറ്റി അതിന്റെ പ്രവർത്തന മണ്ഡലത്തിൽ അഭിമാനകരമായ 41 വർഷം പിന്നിടുകയാണ്. ഒരു ജനതയുടെ അസ്ഥിത്വം നിലനിൽക്കുന്നത് അവരുടെ വൈജ്ഞാനിക മുന്നേറ്റത്തിലൂടെയാണെന്ന് തിരിച്ചറിഞ്ഞ ഒരു പറ്റം നല്ല മനസ്സുകളുടെ ആശയും പ്രതീക്ഷയുമായിക്കൊണ്ടാണ് ഫാറൂഖ് എഡ്യുക്കേഷണൽ സൊസൈറ്റി ജന്മമെടുക്കുന്നത്.നാളിതുവരെയായി ഈ സ്ഥാപനം കൈവരിച്ച വിദ്യാഭ്യാസ പുരോഗതിയുടെ അടിസ്ഥാനം കളങ്കമേശാത്ത ഉദ്ദേശശുദ്ധിതന്നെയായിരുന്നു.

തൊഴിലവസരങ്ങൾ തേടി മലബാറിലെ ജനത വിദേശത്തേക്ക് ഒഴുകിയിരുന്ന ഒരു കാലഘട്ടത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രസക്തി തിരിച്ചറിഞ്ഞ പറപ്പൂർ സ്വദേശികളായ ഒരു സംഘം ചെറുപ്പക്കാരുടെചിന്തകളിൽ നിന്നാണ് ഫാറൂഖ് എന്ന ആശയത്തിന് തിരികൊളുത്തിയത്. 1982 ൽ തുമ്പത്ത് കുഞ്ഞഹമ്മദ് ഹാജി നിർമ്മിച്ച വാടക കെട്ടിടത്തിൽ 32 നഴ്സറി കുട്ടികളുമായി തുടക്കം. ആദ്യ സംഭാവനയായി പണം നൽകി സഹായിച്ചത് അലി ഹസ്സൻ എന്നവരായിരുന്നു. പ്രവർത്തകരുടെ ആത്മവിശ്വാസവും ഇച്ഛാശക്തിയുമാണ് ഈ സ്ഥാപനത്തിന് ശക്തി നൽകിയത്.

തുടർന്ന് വാടക കെട്ടിടത്തിൽ ഒതുങ്ങി നിൽക്കേണ്ടതല്ല ഈ സ്ഥാപനം എന്ന് തിരിച്ചറിവ് പ്രവർത്തകരിൽ ഉടലെടുത്തു.അയൽ പഞ്ചായത്തുകളിൽ നിന്നുള്ള സമാനമനസ്കരായ അംഗങ്ങളെ കൂട്ടിച്ചേർത്ത് കമ്മിറ്റി വിപുലീകരിക്കാൻ തീരുമാനിച്ചതോടെ ഒരു പുതിയ പ്രസ്ഥാനത്തിന് തുടക്കമായി. ഫറൂഖ് എജുക്കേഷൻ സൊസൈറ്റി അറുപതിലധികം അംഗങ്ങളുമായി രൂപീകരിക്കപ്പെട്ടു.

മർഹൂം: പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ 1984 ജൂലൈ 13ന്. പത്മശ്രീ ഡോ. പി.കെ. വാരിയറുടെ അധ്യക്ഷത

യിൽ, ശിലാസ്ഥാപനം നിർവ്വഹിച്ച കെട്ടിടത്തിൽ നിന്നാണ് ഈ സ്ഥാപനങ്ങൾ വളർന്നു വന്നത്. 1982ൽ ഒരു നേഴ്സറി സ്കൂളായി ആരംഭിച്ച് 1984ൽ ഫാറൂഖ് എഡ്യൂക്കേഷണൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു.

മർഹൂം: പി. ഇബ്രാഹിം ഹാജിയായിരുന്നു ആദ്യകാല പ്രസിഡന്റ്, അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും സേവനതൽപരതയും ഈ സ്ഥാപന ത്തിന് വ്യക്തമായ ദിശാബോധം നൽകി.

ഫാറൂഖ് പ്രീപ്രൈമറി സ്കൂൾ, ഫാറൂഖ് ഇംഗ്ലീഷ് മീഡിയം എൽ.പി & യു.പി സ്കൂൾ, ഫാറൂഖ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, ഫാറൂഖ് ഹയർ സെക്കന്ററി സ്കൂൾ, ഫാറൂഖ് ആർട്സ് & സയൻസ് കോളേജ്, ഫാറൂഖ് ടീച്ചർ ട്രെനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഫാറൂഖ് ബി. എഡ് കോളേജ്, ഫറൂക്ക് ഇൻറർനാഷണൽ മോണ്ടിസോറി ടീച്ചർ ട്രെയിനിങ് അക്കാദമി എന്നിവ ഇപ്പോൾ ഫാറൂഖ് എഡ്യൂക്കേഷണൽ സൊസൈറ്റിക്ക് കീഴിൽ പ്രശംസനീയമായ നിലയിൽ പ്രവർത്തിച്ചുവരുന്നു.

ലൈബ്രറി, സ്മാർട്ട് ക്ലാസ് റൂം, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, സൈക്കോളജി, ലാംഗ്വേജ്, കമ്പ്യൂട്ടർ എന്നിവക്കു പ്രത്യേകം ലബോറട്ടറികൾ, ആധുനിക സജ്ജീകരണത്തോട് കൂടിയ എഡ്യൂക്കേഷണൽ ടെക്നോളജി ലാബ്, കായിക വിദ്യാഭ്യാസം തുടങ്ങിയവക്കുള്ള സ്ഥാനസൗകര്യങ്ങൾ എന്നിവ ഇവ ഒരുക്കിയിട്ടുണ്ട്.

മികവിന്റെ കേന്ദ്രമായി ഫാറൂഖ് ബി.എഡ് കോളേജ് കോട്ടക്കൽ പറപ്പൂർ ഫാറൂഖ് എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ അത്ഭുതാവഹമായ വളർച്ചയിൽ ഒരു പൊൻതൂവലായ് 2005ൽ ഫാറൂഖ് ബി.എഡ്. കോളേജ് പിറവിയെടുത്തു. അധ്യാപക വിദ്യാഭ്യാസ കേന്ദ്രങ്ങൾ കൂണു പോലെ മുളച്ചു പൊന്തുന്ന ഈ കാലയളവിൽ ഫാറൂഖ് ബി.എഡ് കോളേജിന്റെ വ്യതിരക്തത എന്തായിരി ക്കണമെന്ന് അതിന്റെ അണിയറ പ്രവർത്തകർക്ക് തികഞ്ഞ ബോധ്യമുണ്ടായിരുന്നു. അധ്യാപക - വിദ്യാർത്ഥികളുടെ തനത് കഴിവുകൾ വിദ്യാഭ്യാസ, പരിശീലന, ഗവേഷണ മേഖലകളിൽ അതിന്റെ ഏറ്റവും മികവിലേക്ക് ഉയർത്തിക്കൊണ്ടു വരിക എന്നതാണ് കോളേജ് ഏറ്റെടുത്തിരിക്കുന്ന ദൗത്യം. 21 വർഷ കാലയളവിൽ തിരിഞ്ഞ് നോക്കുമ്പോൾ ഒരുപാട് ചാരിതാർത്ഥ്യത്തോടെയാണ് ഫാറൂഖ് ബി.എഡ്. കോളേജിന്റെ അണിയറപ്രവർത്തകർ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി അധ്യാപകരായി സേവനമനുഷ്ടിക്കുകയും സർവ്വകലാശാല വിദ്യാഭ്യാസം നേടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഫാറൂഖ് ബി.എഡ്. കോളേജിന്റെ 'ഉൽപന്നങ്ങൾ' മികവിന്റെ തികഞ്ഞ സാക്ഷ്യപത്രങ്ങളാണ്.

മതസരാധിഷ്ഠിത, വ്യക്തി കേന്ദ്രീകൃത, 'അവനവനിസ' വർത്തമാനകാലത്തിലും അധ്യാപക വിദ്യാർത്ഥികൾക്കിടയിൽ മൂല്യങ്ങളേയും ധാർമ്മികതയേയും നൈതികതയും മുറുകെ പിടിക്കാനുള്ള പ്രചോദനം നൽകാൻ ഫാറൂഖ് ബി.എഡ്. കോളേജ് എന്നും പ്രതിജ്ഞാബദ്ധമാണ്.

ഇൻഫ്രാസ്ട്രെക്ചർ പരി



ഗണിക്കുമ്പോൾ കാലിക്കറ്റ് സർവ്വകലാശാലക്ക് കീഴിലുള്ള മറ്റേതൊരു ബി.എഡ്. കോളേജിനോടും കിടപിടിക്കുന്ന രീതിയിലോ അതിനപ്പുറമോ നമുക്ക് ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ അനുബന്ധ സൗകര്യങ്ങളും ഇവിടെ ഒരു കുടക്കീഴിൽ അണിനിരത്തിയിരിക്കുന്നു.

50 ട്രൈനികളെയാണ് അഞ്ച് ഓപ്ഷനുകളിലായി ഓരോ ബാച്ചിലും അഡ്മിറ്റ് ചെയ്യുന്നത്. പെൺകുട്ടികളാണ് ഭൂരിപക്ഷവും. ഈ അഞ്ച് കോഴ്സുകളും NCTE അംഗീകരിച്ചിട്ടുള്ളവയാണ്. 2 നോൺ ടീച്ചിംഗ് സ്റ്റാഫ് അടക്കം മൊത്തം 10 പേരാണ് സ്റ്റാഫ് ആയിട്ടുള്ളത്. എല്ലാ ടീച്ചിംഗ് ഫാക്കൽറ്റികളും ഉന്നത വിദ്യാഭ്യാസ യോഗ്യതകൾ ഉള്ളവരാണ്. ഭക്ഷിണേന്ത്യയിലെ ഒരു വിദ്യാഭ്യാസ ഗവേഷണ കേന്ദ്രമായി ഫാറൂഖ് ബി.എഡ്. കോളേജിനെ ഉയർത്തുക എന്നതാണ് ഒരു സമീപസ്ഥ ലക്ഷ്യം. അധ്യാപകരുടെ തൊഴിൽ പരമായ വളർച്ച ലക്ഷ്യം വെച്ച് ഓരോ ആറുമാസത്തിലും ഫാക്കൽറ്റി ഇംപ്രൂവ്മെൻറ് പ്രോഗ്രാമുകൾ നടത്തുന്നു.

ചുമതലാവിഭജനവും ജനാധിപത്യ വിദ്യാഭ്യാസ ഭരണവും അധികാര വികേന്ദ്രീകരണവും ഫാറൂഖ്) ബി. എഡ് കോളേജിന്റെ എടുത്തു പറ യേണ്ടുന്ന സവിശേഷതകളാണ്. ഇത് ഒരു We feeling ഉണ്ടാക്കുന്നതിൽ സഹായകമായിട്ടുണ്ട്. സ്റ്റാഫ് അഡൈ്വസർ, സ്റ്റാഫ് സെക്രട്ടറി, സ്റ്റാഫ് എഡിറ്റർ, ഡയറക്ടർ ഓഫ് ഫൈനാട്സ്, ചീഫ് എക്സാമിനർ, പ്രായോഗിക പരീക്ഷകൻ, പ്ലെയ്സ്മെന്റ് ഓഫീസർ തുടങ്ങിയവ പ്രധാനതസ്തികകളാണ്.

ഉന്നത വിദ്യാഭ്യാസത്തിന്റെ മൂന്ന് തൂണുകളായി യു.ജി.സി. പറഞ്ഞിട്ടുള്ളതാണല്ലോ ഗവേഷണം, അധ്യാപനം എക്സ്റ്റൻഷൻ എന്നിവ. ഇവ മൂന്നിനും തുല്യ പ്രാധാന്യം ഫാറൂഖ് ബി.എഡ്. കോളേജ് നൽകുന്നു. എക്സ്റ്റെൻഷൻ രംഗത്ത് നടത്തിയ ഇടപെ



ടലുകൾ സജീവ മാധ്യമ /സാമൂഹ്യ ശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ട്. വിവിധ ആശുപത്രികളുടെ സഹകരണത്തോടെ നടത്തിയ മെഡിക്കൽ ക്യാമ്പു കൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമായും, പാലിയേറ്റിവ് ക്ലിനിക്കുകളുമായും ചേർന്ന് നടത്തിയ ബോധവത്കരണ പരിപാടികൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ എടുത്ത് പറയേണ്ടതാണ്.

നാലു ദിവസത്തെ സമൂഹ സഹവാസ ക്യാമ്പ് ഓരോ വർഷവും വൈവിധ്യം കൊണ്ട് ശ്രദ്ധേയ മാകാറുണ്ട്. ഇതോടനുബന്ധിച്ച് നടക്കുന്ന വിവിധ സെഷനുകൾ വിദ്യാർത്ഥികളുടെ സർവ്വോന്മുഖ കഴിവുകളെ സമഞ്ജസമായി വികസിപ്പിക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നു.

ദിനാചരണങ്ങൾ, സെമിനാറുകൾ, വർക്ഷോപ്പുകൾ എന്നിവ ധാരാളം നടക്കുന്നത് അധ്യാപക-വിദ്യാർത്ഥികളുടെ ബൗദ്ധിക വളർച്ചയെ തെല്ലൊന്നുമല്ല പോഷിപ്പിച്ചിട്ടുള്ളത്. കൂടാതെ വിവിധ ക്ലബ്ബുകളായ സോഷ്യൽ സയൻസ് ക്ലബ്ബ് , ലിറ്ററേച്ചർ ക്ലബ്ബ് , മാത്തമാറ്റിക്സ് ക്ലബ്, നാച്ചുറൽ സയൻസ് ക്ലബ്, വിമൺസ് ഫോറം, എന്നിവ എറ്റെടുക്കുന്ന വൈവിധ്യങ്ങളായ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടതാണ്

10,000 ലധികം പുസ്തകങ്ങളുള്ള ലൈബ്രറി ഫാറൂഖ് ബി.എഡ് കോളേജിന്റെ അറിവിന്റെ അക്ഷയ ഖനിയായി വർത്തിക്കുന്നു. ഓരോ വർഷവും മുന്നൂറോളം പുസ്തകങ്ങൾ ലൈബ്രറിയിൽ പുതുതായി കൂട്ടിച്ചേർക്കുന്നുണ്ട്. കൂടാതെ ദേശീയ / അന്തർദേശീയ തലത്തിലുള്ള ഇരുപത്തിനാലോളം പിരിയോഡിക്കലുകൾ ഇവിടെ വായനക്കാരെ കാത്തിരിക്കുന്നു. പത്തോളം ദിനപത്രങ്ങൾ വിദ്യാർത്ഥികളെ കാലത്തോടൊപ്പം സഞ്ചരിക്കാൻ സഹായിക്കുന്നു. ഇന്റർനെറ്റ് സൗകര്യം കൂടി വന്നതോടെ വിവരങ്ങളുടെ ഭണ്ഡാരം ഫാറൂഖ് ബി.എഡ്. വിദ്യാർത്ഥികളുടെ വിരൽതുമ്പിൽ ലഭ്യമാണ്.

അധ്യാപക-വിദ്യാർത്ഥികൾക്ക് പരീക്ഷണ നിരീക്ഷണ / ഗവേഷ

ണ സൗകര്യാർത്ഥം വിവിധങ്ങളായ ലാബുകൾ സുസജ്ജമാണ്. മനശാസ്ത്ര ലാബ്, ഭാഷാ ലാബ്, സാമൂഹ്യ ശാസ്ത്ര ലാബ്. കമ്പ്യൂട്ടർ ലാബ്, SUPW വർക്ഷോപ്പ്, ഗണിത ശാസ്ത്ര ലാബ്, ആർട്സ് മ്യൂസിക് ലാബ്, സയൻസ് ലാബ്, സ്മാർട്ട് റൂം എന്നീ ആധുനിക സൗകര്യങ്ങളാൽ ഫാറൂഖ് ബി.എഡ്, കോളേജ് സുസജ്ജമാണ്.

'സി' സോൺ, ഇന്റർ സോൺ, ഇന്റർ ട്രൈനിംഗ് കോളേജ് കലോത്സവങ്ങൾ, ഇന്റർ ട്രൈനിംഗ് കോളേജ് അത്‌ലറ്റിക് മീറ്റ് തുടങ്ങിയവയിൽ ഫാറൂഖ് ബി.എഡ് കോളേജിന്റെ സർഗാധനരായ കർമ്മ ധീരരുടെ വിജയ പ്രകടനങ്ങൾ ഫാറൂഖിനെ ഔന്നത്യത്തിൻറെ ഉച്ചിയിലെത്തിച്ചിട്ടുണ്ട്.

ഓരോ വർഷത്തേയും കോളേജ് മാഗസിനുകൾ പത്ത് പന്ത്രണ്ട് മാസത്തിന്റെ നെടുവീർപ്പിന്റെ /വിയർപ്പിന്റെ /പരക്കം പാച്ചിലിന്റെ ബാക്കി പത്രങ്ങളായി അവശേഷിക്കുന്നു. അതോടൊപ്പം തന്നെ വിവിധ കാലയളവുകളിൽ ഇറങ്ങിയിട്ടുള്ള ലഘു പത്രങ്ങൾ, ബുള്ളറ്റിനുകൾ, ചെറു മാഗസിനുകൾ എന്നിവയും ശ്രദ്ധേയമാണ്.

അധ്യാപക വിദ്യാർത്ഥികൾക്ക് പരമാവധി എക്സ്പോഷർ ലഭ്യമാക്കാൻ ഉദ്ദേശിച്ച് നടത്തുന്ന എക്സ്റ്റൻഷൻ ലക്ചറുകൾ, വിസിറ്റിംഗ് ക്ലാസുകൾ, സോഫ്റ്റ് സ്കിൽ വികസന പരിപാടികൾ, വെറ്ററൻ അധ്യാപകരുടെ അനുഭവങ്ങൾ പങ്കുവയ്ക്കൽ, വിവിധ മേഖലയിൽ നിന്നുള്ള വിദഗ്ധരുമായുള്ള അഭിമുഖങ്ങൾ എന്നിവ ബി എഡ് വിദ്യാർത്ഥികൾക്ക് വൈവിധ്യമാർന്ന അനുഭവങ്ങൾ നൽകുന്നു

SUPW വിന്റെ ഭാഗമായി നടത്തുന്ന പച്ചക്കറി – പൂന്തോട്ട കൃഷി വിദ്യാർത്ഥികൾക്ക് നഷ്ടപ്പെട്ട കാർഷിക സംസ്കാരത്തെ തിരിച്ചു പിടിക്കുന്നതിനും കായിക അധ്വാനത്തിന്റെ മഹത്വം തിരിച്ചറിയാനും വളരെയധികം സഹായകമാണ്. ഇത് അവരുടെ പിൽക്കാല കുടുംബജീവിതത്തെയും അനുകൂലമായി സ്വാധീനിക്കാറുണ്ട്.

തുടർച്ചയായതും നിരന്തരവുമായ മൂല്യനിർണയം കാരണം ഓരോ ബാച്ചിലും ഫസ്റ്റ് ക്ലാസോടെ ഉന്നത വിജയം ഇതുവരെയും നേടാൻ സാധിച്ചിട്ടുണ്ട് . ഉന്നത വിജയികളെ ആദരിക്കുകയും പ്രോത്സാഹന സമ്മാനങ്ങളും മെഡലുകളും നൽകുകയും ചെയ്തു വരുന്നു. Best out going student ന് അവറു മാസ്റ്റർ സ്മാരക അവാർഡും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ വർഷവും എം.എഡ്. എൻട്രൻസ്, UGC-NET. CSIR NET. PSC, UPSC. SET KTET പരിശീലനം നൽകി വരുന്നു.


ഏതൊരു സ്ഥാപനത്തിൻറെ വളർച്ചയിലും അതാതു കാലഘട്ടത്തിലെ കോളേജ് യൂണിയനുകളെ പ്രത്യേകം പരാമർശിക്കേണ്ടതാണ്. കോളേജിന്റെ എല്ലാ പ്രവർത്തനങ്ങളും സസന്തോഷം ചുമലിലേറ്റി ശിരസ്സാവഹിച്ച് നെഞ്ചോടേറ്റുവാങ്ങി വൻ വിജയമാക്കിയ കോളേജ് യൂണിയനുകളേയും ഭാരവാഹികളേയും ഇത്തരുണത്തിൽ സ്മരിക്കുന്നു. കോളേജ് ആർട്സ് ഫെസ്റ്റിവൽ, ആനുവൽ അത്‌ലറ്റിക് മീറ്റ് ഇഫ്താർ മീറ്റ്, ഓണാഘോഷം, ക്രിസ്മസ് ആഘോഷം, കോളേജ് മാഗസിൻ തുടങ്ങിയവ യൂണിയന്റെ സജീവ പ്രവർത്തനങ്ങളാണ്

Team FBC യുടേത് മാത്രമെന്ന് എടുത്തു പറയാവുന്നത് എന്തെന്ന ചോദ്യത്തിന് ഉത്തരമാണ് ഇൻറർ ട്രൈനിംഗ് കോളേജ് ഫുട്സാൽമെന്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലെ മിക്കവാറും എല്ലാ ബി.എഡ്. കോളേജ് UTEC കളുംപങ്കെടുക്കുന്ന ഫുട്സാൽ, സെവൻസ് ഫുട്ബോൾ രക്തത്തിലോടുന്ന മലപ്പുറം നെഞ്ചിലേറ്റിയ ഐതിഹാസിക സംരംഭമാണ്.


കോളേജിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച കോളേജ് പ്രിൻസിപ്പൽമാരായ Dr. സന്തോഷ് വള്ളിക്കാട്, Dr. മുഹമ്മദ് ശിഹാബ് Dr.രേഷ്മ പി.ടി. Dr. അബ്ദുൽ നാസർ പി.ടി എന്നിവരെയും ഇത്തരത്തിൽ ഏറെ ഹൃദ്യപൂർവ്വം ശ്ലാഘിക്കുന്നു.



# ഉൾക്കാഴ്ച





12 വഴി
26 വെട്ട്
16 ചലനം
31 Replay
45 പകിട
79 Home Run


വഴി
വിദ്യാഭ്യാസം കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്, ഒരു കുട്ടിയിലും മനുഷ്യനിലും, ശരീരത്തിലും മനസ്സിലും ആത്മാവിലും ഏറ്റവും മികച്ചത് എന്താണെന്ന് സമഗ്രമായി ചിത്രീകരിക്കുക എന്നതാണ്.
-മഹാത്മാ ഗാന്ധി



# മനുഷ്യനെ മനുഷ്യനാക്കുന്ന വിദ്യാഭ്യാസം.




വിദ്യാഭ്യാസമാണ് മനുഷ്യനെ പൂർണ്ണതയിലേക്ക് നയിക്കുന്നത്. നമ്മുടെ ഉള്ളിലെ അനന്തമായ സാധ്യതകളെയും വ്യക്തിത്വത്തെയും അതിജീവനശേഷിയെയും ഉണർത്തുന്ന പ്രക്രിയയാണത്. മറ്റു ജീവികളിൽ നിന്ന് വ്യത്യസ്തമായി, ക്രിയാത്മകമായും സ്വതന്ത്രമായും ചിന്തിക്കാനുള്ള മനുഷ്യന്റെ കഴിവിനെ ശരിയായ ദിശയിൽ ഉപയോഗിക്കാൻ വിദ്യാഭ്യാസം അവനെ പ്രാപ്തനാക്കുന്നു. സത്യം, അസത്യം, നന്മ, തിന്മ, ധർമ്മം, അധർമ്മം തുടങ്ങിയവ തിരിച്ചറിഞ്ഞ് അതനുസരിച്ച് ജീവിക്കാൻ വിദ്യാഭ്യാസം നമ്മളെ സഹായിക്കുന്നു.

വിദ്യാഭ്യാസം മനുഷ്യന് മാത്രമുള്ളതല്ല. മനുഷ്യൻ അവതരിപ്പിക്കുന്ന ആചാരങ്ങളും സ്വഭാവവുമാണ് സമൂഹത്തെ സ്വാധീനിക്കുന്നത്. അതിനാൽ, മൂല്യാധിഷ്ഠിതവും മനുഷ്യസൗഹൃദപരവുമായ വിദ്യാഭ്യാസം സുസ്ഥിരമായ ഒരു സമൂഹം കെട്ടിപ്പടുക്കാനും അതുവഴി ലോകസമാധാനത്തിനും അത്യന്താപേക്ഷിതമാണ്. നമ്മുടെ ജീവിതമാർഗ്ഗങ്ങൾ ശാസ്ത്ര-സാങ്കേതിക വിദ്യകളിലൂടെ മുന്നോട്ട് കൊണ്ടുപോകുമ്പോൾ, ധാർമ്മികതയിലും സദാചാരത്തിലുമൂന്നിയ ഒരു വ്യക്തിത്വം അതിന് പിന്നിൽ നിർബന്ധമാണ്.

വിദ്യാഭ്യാസം മനുഷ്യനെ ആന്തരികമായും ബാഹ്യമായും പ്രകാശിതനാക്കുന്നു. ഇത് വ്യക്തിയുടെ അറിവ്, കഴിവ്, മാനവികത, കാരുണ്യം, ഉത്തരവാദിത്തബോധം, സാമൂഹികബോധം എന്നിവയെ വളർത്തുകയും, സമൂഹത്തിനും പ്രകൃതിക്കും ഉപകാരപ്രദമാകുന്ന രീതിയിൽ അവനെ മാറ്റിയെടുക്കുകയും ചെയ്യുന്നു. ഇതിലൂടെ അവൻ സ്വയം മാത്രമല്ല, സമൂഹത്തെയും ലോകത്തെയും മെച്ചപ്പെടുത്താൻ പ്രാപ്തനാകുന്നു.


അതുകൊണ്ട്, 'മനുഷ്യനെ ശാരീരികമായി ഉൽപ്പാദിപ്പിക്കുന്നത് മാതാപിതാക്കളാണെങ്കിൽ, മനുഷ്യനെ മനുഷ്യനാക്കുന്നത് വിദ്യാഭ്യാസമാണ്.

# ആധുനിക വിദ്യാഭ്യാസവും ടാഗോർ ദർശനങ്ങളും

ഒരുവന്റെ തനതായ കഴിവുകളെ അഭിവൃദ്ധിപ്പെടുത്തുവാൻ ഉതകുന്നതായിരിക്കണം വിദ്യാഭ്യാസം എന്ന് മഹാ ദാർശനികന്മാർ കാലങ്ങൾക്ക് മുന്നേ പറഞ്ഞുവെച്ചിട്ടുണ്ട്. എന്നിട്ടും ഇന്നും നമ്മൾ വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യത്തിൽ നിന്നും വഴുതി മാറുന്നുണ്ടോ എന്നൊരു സംശയം..? ഇതിനെ സാധൂകരിക്കുന്ന സംഭവവികാസങ്ങളാണ് നമുക്ക് ചുറ്റും അരങ്ങേറുന്നതും.., എന്തിനേറെ പറയുന്നു, ആധുനിക ശിക്ഷണരീതിയുടെ ശാപമായി മാറിക്കൊണ്ടിരിക്കുന്ന, മാർക്കിന്റെ അടിസ്ഥാനത്തിൽ മാത്രം കുട്ടികളെ വിലയിരുത്തുന്ന ഈ സംസ്കാരത്തിൽ, സ്വത്വത്തെ തിരിച്ചറിയാൻ പോലും കഴിയാതെ മരണം പുൽകുന്ന കുട്ടികളുടെ എണ്ണം കൂടി വരികയാണ്.. കുട്ടികളിലെ പ്രകൃത്യാലുള്ള കഴിവുകളെ കണ്ടെത്തി അതിനെ വളർത്താൻ അവസരം നൽകണമെന്ന പ്രാഥമിക ധാരണ പോലും ഈ ഒരു നവ സംസ്കാരത്തിന്റെ വേലിയേറ്റത്തിൽ നമ്മൾ മറന്നുപോകുന്നു എന്നതാണ് യാഥാർത്ഥ്യം.

വിദ്യാലയങ്ങൾ പാഠശാലകൾ ആകുന്നില്ല, പകരം ആരുടെയൊക്കെയോ വ്യക്തി താല്പര്യങ്ങൾ സംരക്ഷിക്കുന്ന ഫാക്ടറികളായി മാറിക്കൊണ്ടിരിക്കുകയാണ്. പേരിനും പ്രശസ്തിക്കും വേണ്ടി സ്കൂളുകൾ തമ്മിലുള്ള അനാരോഗ്യകരമായ മത്സരത്തിന് എത്രയും പെട്ടെന്ന് തന്നെ കടിഞ്ഞാൺ ഇടേണ്ടതുണ്ട്. ഇക്കഴിഞ്ഞ ജൂൺ 23 നാണ് ശ്രീകൃഷ്ണപുരത്തെ ഒരു സ്വകാര്യ സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനി സ്കൂളിൽ നിന്നും ഉണ്ടായ മാനസിക പീഡനത്തിന്റെ പേരിൽ ജീവനൊടുക്കിയത്. അവനവന്റെ ജീവന്റെ വില മനസ്സിലാക്കാൻ പോലും പ്രാപ്തിയില്ലാത്ത ഒരു തലമുറയെയാണ് ഇന്നത്തെ വിദ്യാഭ്യാസ നയം സൃഷ്ടിക്കുന്നതെന്ന് ഭീകരമായ വസ്തുതയിലേക്കാണ് ഇത്തരം തുടർക്കഥകൾ വിരൽ ചൂണ്ടുന്നത്.

ഇവിടെയാണ് രവീന്ദ്രനാഥ ടാഗോർ എന്ന മഹാത്മാവിന്റെ വിദ്യാഭ്യാസ ദർശനങ്ങൾ ക്ലാസിക് ആയി നിലകൊള്ളുന്നത്. പരമോന്നതമായ വിദ്യാഭ്യാസം എന്നാൽ വെറും വിവരങ്ങൾ നൽകുന്നതല്ല, മറിച്ച് ജീവിതത്തെ അതിന്റെ എല്ലാ സത്തയോടും കൂടി ഒരുമിച്ച് ചേർക്കുന്നതാവണം. യഥാർത്ഥ സ്വാതന്ത്ര്യം എന്നാൽ മനസ്സിന്റെ സ്വാതന്ത്ര്യം ആണെന്നാണ് അദ്ദേഹം വിഭാവനം ചെയ്യുന്നത്. നാലു ചുവരുകൾക്കുള്ളിൽ ഒതു



ങ്ങിക്കൂടുന്ന ഈ വിദ്യാഭ്യാസ സമ്പ്രദായം പാടെ പൊളിച്ചു മാറ്റേണ്ട സമയം അതിക്രമിച്ചിട്ടുണ്ട്. പ്രകൃതിയോട് സമരസപ്പെട്ട് കൊണ്ടുള്ള ഒരു വിദ്യാഭ്യാസ മാതൃകയാണ് അദ്ദേഹം മുന്നോട്ടു വെച്ചത്. 1901 ൽ വെസ്റ്റ് ബംഗാളിൽ സ്ഥാപിച്ച 'ശാന്തി നികേതൻ' എന്ന വിദ്യാഭ്യാസ സാംസ്കാരിക കേന്ദ്രം പ്രകൃതിയോട് ചേർന്നുള്ള ഏകീകൃത പഠനത്തിന്റെ ഉത്തമ ഉദാഹരണമായിരുന്നു. ജാതിമത വർഗ്ഗ വർണ്ണ വിവേചനങ്ങൾക്ക് അതീതമായ സാമൂഹിക സഹവർതിത്വത്തിന്റെ ബാലപാഠങ്ങൾ അവിടെ ഘോഷിക്കപ്പെട്ടു. വിദ്യാഭ്യാസ സമ്പ്രദായങ്ങൾ പരിഷ്കരിക്കുന്നതിനായി അദ്ദേഹത്തിന്റെ പല ആശയങ്ങളെയും നമ്മൾ ഇന്ന് കടമെടുത്തു കൊണ്ടിരിക്കുന്നു. NEP 2020, പാഠ്യപദ്ധതിയിൽ ആർട്ട് ഇന്റഗ്രേറ്റഡ് എജുക്കേഷന്റെ പ്രാധാന്യം വർധിപ്പിച്ചത് ഇതിന്റെ ഭാഗമായിട്ടാണ്. ഒരു തികഞ്ഞ മനുഷ്യസ്നേഹിയായ അദ്ദേഹത്തിന്റെ ജീവിത ദർശനങ്ങളുടെ തന്നെ തനി പകർപ്പാണ് അദ്ദേഹത്തിന്റെ വിദ്യാഭ്യാസ ദർശനങ്ങളും.. ജീവിതാന്ത്യം വരെ ഓരോ അധ്യാപകനും ഒരു വിദ്യാർത്ഥിയും കൂടിയാണ് എന്ന് അദ്ദേഹം വാദിച്ചു. സ്വയം പഠിച്ചുകൊണ്ടിരിക്കാതെ ഒരു ഗുരുവിനും പഠിപ്പിക്കാൻ കഴിയില്ല എന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു.

എത്രമാത്രം സാങ്കേതിക സംവിധാനങ്ങൾ പുരോഗമിച്ചുവെങ്കിലും, ഏറ്റവും ശ്രദ്ധയോടെ സമീപിക്കേണ്ട വിഷയമാണ് കുട്ടികളുടെ മാനസികാരോഗ്യം'. പരീക്ഷ കേന്ദ്രീകൃത മൂല്യനിർണയത്തിന്റെ അതി പ്രസരം കുട്ടികളിൽ അടിച്ചേൽപ്പിക്കുന്ന സമ്മർദ്ദം വളരെ വലുതാണ്. പഠനമൊരു സ്വാഭാവികമായ പ്രക്രിയയാണെന്നും ഓരോ കുട്ടിയുടെയും കഴിവുകൾ വ്യത്യസ്തമാണെന്നും ആത്മാർത്ഥമായി ഉൾക്കൊള്ളുന്ന ഒരു സമൂഹത്തിന്റെ സൃഷ്ടിപ്പിനായി നമുക്കും പങ്കുചേരാം.

**മുബശ്ശിറ ബിൻസി**
**നാച്ചുറൽ സയൻസ്**



“ മാറ്റങ്ങൾക്കുതകുന്ന ചലനമാണീ
പ്രപഞ്ചത്തിനാധാരം
മാറ്റങ്ങൾ ഉൾക്കൊണ്ട്
നമുക്കീ പ്രയാണം തുടരുക
തന്നെ ചെയ്യാം...



# ചലനം

# ഇന്റഗ്രേറ്റഡ് ബി. എഡ്: അധ്യാപക വിദ്യാധനം

> **വിചാരങ്ങളാണ്**
> **വാക്കുകളാകുന്നത്.**
> **വാക്കുകളാണ്**
> **പ്രവർത്തികളാകുന്നത്.**
>
> – ചൈനീസ് പഴമൊഴി

വ്യക്തിത്വ വികസനത്തിന്റെ പ്രഭവസ്ഥാന മാനങ്ങളായ 'ചിന്തയും സ്വഭാവവും' രൂപീകരിക്കുന്നതിൽ വലിയൊരു കയ്യൊപ്പ് 'ഗുരു'വിന്റെതാണ്. മാതാപിതാഗുരുദൈവതുല്യസ്ഥാനം നൽകിയെങ്കിൽ, ചുവടുപിഴക്കാതെ വിദ്യാർഥിയെ സമൂഹത്തിനുതകുന്നവനും നാളെയുടെ ലോക വികസനത്തിനും വളർച്ചക്കും നയിക്കേണ്ടത് അധ്യാപകർ തന്നെയാണ്. ഒരു അധ്യാപകൻ തന്റെ ബുദ്ധി,അനുഭവം, ജ്ഞാനം, ആദർശങ്ങൾ, ചലനാത്മക വ്യക്തിത്വം എന്നിവയിലൂടെ വിദ്യാർഥികളെ പ്രചോദിപ്പിക്കാനും സ്വാധീനിക്കാനും പ്രഗൽഭനാണ്. 'ടീച്ചർ എഡ്യൂക്കേഷൻ എന്നതിൻറെ പ്രാധാന്യം നമുക്കിവിടെ കാണാനാകും.

സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ സർക്കാർ വിദ്യാഭ്യാസ മേഖലയ്ക്ക് നൽകുന്ന ഊന്നൽ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നതിന്റെ ഫലമായാണ് അധ്യാപക വിദ്യാഭ്യാസ സമിതി,വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള ദേശിയ വിദ്യാഭ്യാസ നയം 2020ൽ അവതരിപ്പിച്ച ഇന്റഗ്രേറ്റഡ് ബി.എഡ്., നാല് വർഷത്തെ ഇന്റഗ്രേറ്റഡ് പ്രോഗ്രാമിലൂടെ ഒരു വിദ്യാർത്ഥിക്ക് നാല് വർഷത്തിനുള്ളിൽ ബി.എഡിനൊപ്പം ബിരുദം നേടാനും ഇതുവഴി വിദ്യാർഥികൾക്ക് അവരുടെ അക്കാദമിക് ജീവിതത്തിൽ ഒരു വർഷം ലാഭിക്കാനും വഴിയൊരുക്കുന്നതാണ് ഇന്റഗ്രേറ്റഡ് ബി.എഡ് പ്രോഗ്രാം. ഈ പ്രോഗ്രാമിൽ സമഗ്രമായ ബാച്ച്‌ലേഴ്സ് ഡിഗ്രീ വാഗ്ദാനം ചെയ്യുന്നതിനോടൊപ്പം ബിഎ. ബി. എഡ്/ബിഎസ്സി. ബി.എഡ് കൂടാതെ 4 വർഷത്തെ ബികോം. ബിഎഡ് ഇവയെല്ലാം, അധ്യാപക വൃത്തിയിൽ തൽപരരായ വിദ്യാർഥികൾക്ക് നൽകുന്നു.

ഒരു സ്കൂൾ അധ്യാപകനാവാൻ ആവശ്യമായ പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഏറ്റവും കുറഞ്ഞ യോഗ്യതയാണിത്. നാലുവർഷത്തെ ഇന്റഗ്രേറ്റഡ് ബി.എഡ് വിജയകരമായി നടപ്പിലാക്കാനുള്ള തന്ത്രങ്ങൾ,സ്ഥാപനങ്ങളിൽ തയ്യാറാക്കുക എന്നതാണ് ഇപ്പോഴത്തെ ദൗത്യം. വിദ്യാഭ്യാസത്തിന്റെ സൈദ്ധാന്തിക അടിത്തറയെ പ്രായോഗിക അധ്യാപന അനുഭവങ്ങളുമായി സമന്വയിപ്പിച്ച് ഇന്റഗ്രേറ്റഡ് ബി. എഡ് പ്രോഗ്രാം വിദ്യാർഥികൾക്ക് അധ്യാപനത്തിലും, പഠനത്തിലും സമഗ്രമായ അടിത്തറ നൽകുന്നു. സാധാരണ ഗതിയിൽ ഒരു വിദ്യാർഥി ബി.എ. ബി.എസ്സി, ബി.കോം പോലെയുള്ള ബിരുദങ്ങൾക്ക് കുറഞ്ഞത് 3 വർഷത്തെ പഠനം പൂർത്തിയാക്കണം. അതിനു ശേഷം അധ്യാപനത്തിലേക്ക് ബിരുദം നേടാൻ രണ്ട് വർഷത്തെ ബി.എഡ് പഠനം കൂടി പൂർത്തിയാക്കണം



NEP 2020 ൽ ഒരു വിദ്യാർത്ഥിയുടെ ബിരുദം പൂർത്തിയാക്കിയതിന് ശേഷം ഭാവിയിൽ അധ്യാപകനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന നാഷണൽ കോമൺ എൻട്രൻസ് ടെസ്റ്റ് വഴി ഇന്റഗ്രേറ്റഡ് അധ്യാപക- വിദ്യാഭ്യാസ പ്രോഗ്രാമിന് കീഴിൽ നേരിട്ട് ചേരാൻ ആകും. വിദ്യാഭ്യാസത്തിൽ പ്രൊഫഷണൽ ബിരുദത്തോടൊപ്പം ബാച്ചിലർ ബിരുദവും നൽകുമെന്ന് ഇതു വാഗ്ദാനം ചെയ്യുന്നു. കൂടാതെ, നാല് വർഷത്തെ പഠനത്തിൽ, ഒരു വർഷത്തെ പഠന ശേഷം സർട്ടിഫിക്കറ്റും രണ്ട് വർഷത്തിന് ശേഷം ഡിപ്ലോമയും നാല് വർഷത്തിന് ശേഷം ബി.എഡിനൊപ്പം ബിരുദവും നേടാനാകും. 8 സെമസ്റ്ററുകൾ ഉൾപ്പെടുന്ന നാലു വർഷത്തെ പഠനം പൂർത്തിയാക്കാൻ ഒരു വിദ്യാർത്ഥിക്ക് ആറു വർഷം ലഭിക്കുമെന്നതും വിദ്യാഭ്യാസ വികസനത്തിലെ പുതിയ ചിന്താഗതികൾക്ക് വഴിയൊരുക്കുന്നു.അധ്യാപന രീതികൾ, ക്ലാസ് മുറി നിയന്ത്രണം എന്നിവയിലെ പ്രായോഗിക പരിശീലനത്തിന് പുറമേ വിദ്യാഭ്യാസ മനശാസ്ത്രം, വിദ്യാഭ്യാസ തത്വശാസ്ത്രം, പാഠ്യപദ്ധതി രൂപകൽപ്പന തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർത്ഥികൾ മികച്ച പരിശീലനത്തിന് വിധേയരാകുന്നു. അധ്യാപക വിദ്യാഭ്യാസ സമിതി NEP 2020 പ്രകാരം, 2020- 2023ലെ അക്കാദമിക് സെഷൻ മുതൽ നാലു വർഷത്തെ ഇന്റഗ്രേറ്റഡ് അധ്യാപക -വിദ്യാഭ്യാസം ആരംഭിക്കുമെന്നും, രാജ്യത്തുടനീളമുള്ള തിരഞ്ഞെടുത്ത 50 വിവിധ സ്ഥാപനങ്ങളിൽ ഇത് ആരംഭിക്കും എന്നുമാണ് നിർദ്ദേശിച്ചിരിക്കുന്നത്.

നിരവധി ആനുകൂല്യങ്ങൾ ഉണ്ടായിരുന്നിട്ടും അപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങൾ, പരിമിതമായ വിഭവങ്ങൾ, മികച്ച അധ്യാപകരുടെ അഭാവം എന്നിവ ഉൾപ്പെടെ നിരവധി വെല്ലുവിളികൾ ഇന്റഗ്രേറ്റഡ് പ്രോഗ്രാം നേരിടുന്നു. ഈ വെല്ലുവിളികളെയെല്ലാം തരണം ചെയ്തു മുന്നോട്ടു പോകാൻ,അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതികവിദ്യ, മികവുറ്റ അധ്യാപകർ തുടങ്ങിയ ഘടകങ്ങൾക്ക് മുൻഗണന നൽകേണ്ടതുണ്ട്. മാത്രമല്ല, ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളെ നിറവേറ്റാൻ ഈ പ്രോഗ്രാം പ്രസക്തമാണെന്ന് ഉറപ്പാക്കേണ്ടതുണ്ട്. അതു പോലെ പാഠ്യപദ്ധതി പുനരാവലോകനവും ആവശ്യമാണ്.

ഇന്റഗ്രേറ്റഡ് ബി. എഡ് പ്രോഗ്രാം അധ്യാപക വിദ്യാഭ്യാസത്തിനായി മുൻകൈയെടുത്ത ഒരു സമീപനമാണ്. അധ്യാപനത്തിലും പഠനത്തിലും വിദ്യാർത്ഥികൾക്ക് അടിത്തറ നൽകുന്നതിലൂടെ മികച്ച അധ്യാപകരെ ഈ പ്രോഗ്രാം സൃഷ്ടിക്കുന്നു. നാലുവർഷത്തെ ബി.എഡ്, ഇന്ത്യയിലെ അധ്യാപക വിദ്യാഭ്യാസ പരിപാടിയുടെ വികസനത്തിന് നിർണായകമായ പങ്കുവഹിക്കുമെന്ന് തന്നെ നമുക്ക് വിശ്വസിക്കാം. ഇതുവഴി, നമ്മുടെ സമൂഹത്തിനോടും തൊഴിലിനോടും പ്രതിബദ്ധതയുള്ള,അർപ്പണബോധവും ഉത്തരവാദിത്വവും ഉള്ള അധ്യാപകരെ പ്രതീക്ഷിക്കാം...

ശബീബ തസ്നി ടി
ഇംഗ്ലീഷ്



## The Evolving Landscape of Education:


# Navigating the Role of Artificial Intelligence in Schools

Artificial Intelligence (AI) has emerged as a transformative force in various domains, and education is no exception. As AI technologies continue to advance, there is a growing debate about the potential of AI to replace teachers in schools. While AI offers numerous benefits such as personalized learning experiences and administrative automation, its integration into education prompts reflection on the fundamental role of human educators and the complexities inherent in teaching and learning.

One of the primary advantages of AI in education is its ability to provide personalized learning experiences tailored to individual student needs. Through sophisticated algorithms and data analysis, AI can identify students' strengths, weaknesses, and learning preferences, enabling adaptive instruction and targeted support. Additionally, AI-powered educational platforms offer interactive content and real-time feedback, engaging students in dynamic ways and promoting deeper understanding.

Furthermore, AI can streamline administrative tasks, allowing teachers to allocate more time to meaningful interactions with students. Grading assignments, managing attendance, and organizing curriculum materials are among the routine tasks that AI can automate, empowering teachers to focus on fostering critical thinking skills, social-emotional development, and mentorship.

However, the idea of AI replacing teachers raises valid concerns about the human element in education. Teachers play a multifaceted role beyond imparting knowledge; they serve as mentors, counselors, and role models who support students' holistic growth. The interpersonal connections, empathy, and emotional intelligence that human teachers bring to the classroom are essential for nurturing students' social-





emotional well-being and fostering a positive learning environment.

Moreover, while AI excels at processing data and providing targeted feedback, it lacks the nuanced understanding and contextual insight that human educators possess. Teachers possess the ability to adapt instruction based on non-verbal cues, cultural backgrounds, and individual learning styles, tailoring their approach to meet the diverse needs of students.

In conclusion, while AI holds tremendous potential to enhance education, it should be viewed as a complementary tool rather than a substitute for human teachers. The future of education lies in leveraging AI to augment teaching practices, personalize learning experiences, and streamline administrative tasks, while preserving the irreplaceable contributions of human educators. By embracing the synergies between AI and human expertise, we can create learning environments that empower students to thrive academically, socially, and emotionally in an increasingly digital world.

**Fida Yoosuf**
**Physical Science**





# പുത്തൻ മാറ്റങ്ങളുമായി പുതിയ വിദ്യാഭ്യാസ നയം

34 വർഷത്തെ ഇടവേളക്കു ശേഷം 2020 ജൂലൈ 29ന് കേന്ദ്ര മന്ത്രിസഭ പുതിയ വിദ്യാഭ്യാസ നയത്തിന് അംഗീകാരം നൽകി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ആദ്യത്തെ വിദ്യാഭ്യാസ നയം എന്ന നിലയ്ക്ക് പുതിയ കാലത്തിന് അനുസരിച്ചുള്ള മാറ്റങ്ങളെ ഉൾക്കൊള്ളാനും പുതിയ ആവശ്യങ്ങളെ അഭിസംബോധന ചെയ്യാനും നയം പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയെ അടിമുടി മാറ്റങ്ങൾക്ക് വിധേയമാക്കിയ വിദ്യാഭ്യാസ നയം സ്കൂൾ വിദ്യാഭ്യാസത്തിന്റെയും ഉന്നത വിദ്യാഭ്യാസത്തിന്റെയും ഘടനയിൽ തന്നെ മാറ്റങ്ങൾ വരുത്തി.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവിലെ 10+2 എന്ന ഘടനയെ 3 മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളെ ഉൾക്കൊള്ളും വിധം 5+3+3+4 എന്നതിലേക്ക് മാറ്റി.

ആദ്യത്തെ ഘട്ടമായ ഫൗണ്ടേഷനൽ ഘട്ടത്തിൽ 3 വയസ്സ് മുതൽ 8 വയസ്സു വരെയുള്ള വിദ്യാഭ്യാസം ഉൾപ്പെടുന്നു. രണ്ടാം ഘട്ടമായ പ്രിപ്പറേറ്ററി ഘട്ടത്തിൽ 8 മുതൽ 11 വയസ്സു വരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസവും അടുത്തഘട്ടമായ മിഡിൽ ഘട്ടത്തിൽ 11 മുതൽ 14 വയസ്സു വരെയുള്ള വിദ്യാഭ്യാസവും സ്കൂളിലെ അവസാന ഘട്ടമായ സെക്കന്ററി ഘട്ടത്തിൽ 14 മുതൽ 18 വയസ്സു വരെയുള്ള വിദ്യാഭ്യാസവും ഉൾക്കൊള്ളുന്നു. സ്കൂളുകൾക്കുള്ള അക്രഡിറ്റേഷൻ സംവിധാനവും പുതിയ നയത്തിന്റെ പ്രത്യേകതയാണ്. ഉന്നത വിദ്യാഭ്യാസത്തിൽ ഡിഗ്രി കോഴ്സുകൾ 3 വർഷ കോഴ്സുകളിൽ നിന്നും 4 വർഷ ഡിഗ്രിയിലേക്ക് മാറി. വിദ്യാർത്ഥികൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുന്ന ഒന്നിലധികം എക്സിറ്റ് ഓപ്ഷനുകൾ ഉള്ള കോഴ്സ് എന്നതാണ് 4 വർഷ ബിരുദത്തിന്റെ പ്രത്യേകത. നാലുവർഷത്തെ പഠനം പൂർത്തിയാക്കിയാൽ മൾട്ടി ഡിസിപ്ലിനറി ബാച്ചിലേഴ്സ് ബിരുദ സർട്ടിഫിക്കറ്റും രണ്ടുവർഷം പൂർത്തിയാക്കുന്നവർക്ക് ഡിപ്ലോമ സർട്ടിഫിക്കറ്റും ഒരു വർഷം പൂർത്തിയാക്കുന്നവർക്ക് വൊക്കേഷണൽ കോഴ്സ് സർട്ടിഫിക്കറ്റും ലഭിക്കുന്നു. എം.ഫിൽ കോഴ്സുകൾ നിർത്തലാക്കാനുള്ള നിർദ്ദേശവും ശ്രദ്ധേയമാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ എൻറോൾമെന്റ് വർദ്ധിപ്പിക്കാനും ഐ.ഐ.ടി കളിൽ ആർട്സ്, ഹ്യൂമാനിറ്റീസ് കോഴ്സുകൾ ആരംഭിക്കാനും മൾട്ടി ഡിസിപ്ലിനറി സമീപനം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉറപ്പുവരുത്താനും ഈ നയം ലക്ഷ്യമിടുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വയംഭരണത്തിനും പ്രൈവറ്റ് നിക്ഷേപങ്ങൾക്കും അതുപോലെ വിദേശ യൂണിവേഴ്സിറ്റികൾക്ക് സെന്ററുകൾ തുടങ്ങാനുമുള്ള അവസരങ്ങൾ നൽകുന്ന വിദ്യാഭ്യാസ നയം ഇതിലൂടെ വിദ്യാർത്ഥികൾക്ക് മികച്ച അവസരങ്ങളാണ് ഉറപ്പുവരുത്തുന്നത്.

അടിസ്ഥാന സാക്ഷരതയും സംഖ്യാബോധവുമാണ് അടിയന്തരവും അത്യാവശ്യവുമായി വേണ്ടതെന്ന് പുതിയ വിദ്യാഭ്യാസ നയം പറയുന്നു. വിദ്യാഭ്യാസത്തെ പ്രോജക്ട് അധിഷ്ഠിത

വിദ്യാഭ്യാസത്തിൽ നിന്നും റിസർച്ച് ഓറിയന്റഡ് പ്രോജക്ട് അധിഷ്ഠിത വിദ്യാഭ്യാസത്തിലേക്ക് ക്ലാസ് റൂം പ്രവർത്തനങ്ങളെ മാറ്റാൻ പുതിയ വിദ്യാഭ്യാസ നയം നിർദ്ദേശിക്കുന്നു. അതുപോലെതന്നെ  പരമ്പരാഗതമായുള്ള മനപ്പാഠമാക്കിയുള്ള പഠനത്തിന് പകരം പ്രവർത്തനങ്ങളിൽ അധിഷ്ഠിതമായ ഉയർന്ന ചിന്താശേഷികളായ അപഗ്രഥന ശേഷിയെയും പ്രശ്നപരിഹാര ശേഷിയെയും വിമർശനാത്മക ചിന്തയെയും ഉണർത്തുന്നതാവണം പഠന പ്രവർത്തനങ്ങൾ എന്ന് പുതിയ വിദ്യാഭ്യാസ നയം പറയുന്നു. ഇതിന് അനുസൃതമായ മാറ്റങ്ങൾ പരീക്ഷ നടത്തിപ്പിലും നമുക്ക് കാണാൻ കഴിയും. കുട്ടികളുടെ മനപാഠശേഷിയെ അളക്കുന്ന അസ്സെസ്മെന്റ് രീതികൾക്ക് പകരം കുട്ടിയുടെ മുഴുവനായുള്ള ഡെവലപ്മെന്റിനെയും അളക്കുന്ന രീതിയിലുള്ള അസൈമെന്റ് രീതികൾ പിന്തുടരാനും പുതിയ  നയം ശ്രമിക്കുന്നുണ്ട്. കരിക്കുലർ കൊകരിക്കുലർ എക്സ്ട്രാകരികുലർ എന്നിങ്ങനെയുള്ള വിഭജനങ്ങൾ ഒഴിവാക്കി ഇവയെ  പാഠ്യപദ്ധതിയുമായി ചേർത്ത് വിദ്യാർത്ഥികളുടെ ഹോളിസ്റ്റിക് വികസനമാണ് നയം വിഭാവനം ചെയ്യുന്നത്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആവശ്യങ്ങളെ നേരിടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് വേണ്ടി ടെക്നോളജി അധിഷ്ഠിതമായ പ്രൊഫഷണൽ അല്ലെങ്കിൽ വൊക്കേഷണൽ പരിശീലനം നൽകുന്നതും പ്രോത്സാഹിപ്പിക്കുന്നു.

പുതിയ വിദ്യാഭ്യാസ നയം ഇൻക്ലൂഷൻ എന്നതിന് പ്രത്യേകമായിട്ടുള്ള പരിഗണന നൽകുന്നു. എല്ലാ കുട്ടികൾക്കും  വിദ്യാഭ്യാസത്തിൽ തുല്യമായ അവസരങ്ങളും പരിഗണനയും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

ടീച്ചർ ട്രെയിനിങ്ങിന് വളരെയധികം പ്രാധാന്യം നൽകുന്ന ഈ വിദ്യാഭ്യാസ നയത്തിന്റെ ഫലപ്രാപ്തിയിൽ പ്രധാന പങ്കും അധ്യാപകർക്ക് തന്നെയാണ്.ഇന്ന് നിമിഷ വേഗത്തിലാണ് സമൂഹത്തിന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും മാറിക്കൊണ്ടിരിക്കുന്നത് . അത്തരം മാറ്റങ്ങൾക്കൊപ്പം സഞ്ചരിക്കാൻ നമ്മുടെ ഭാവി തലമുറയെ പ്രാപ്തരാക്കാൻ സാമൂഹികവും നൈതികവും വൈകാരികവുമായ ശേഷികളെ കൂടി പരിപോഷിപ്പിക്കേണ്ടതുണ്ട്. എന്നാൽ മാത്രമാണ് നമ്മുടെ രാജ്യത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ മൂല്യങ്ങളെ മുറുകെ പിടിക്കുന്ന നല്ലൊരു പൗര സമൂഹത്തെ നമുക്ക് വാർത്തെടുക്കാൻ കഴിയൂ. ഇതുതന്നെയാണ് പുതിയ വിദ്യാഭ്യാസ നയം ലക്ഷ്യമിടുന്നതും.

ഹിസാന നസ്റീൻ പി.പി
സോഷ്യൽ സയൻസ്





# AI in Education: Transforming the Future of Learning

Artificial Intelligence (AI) is no longer a concept confined to science fiction. It has become an integral part of our daily lives—from virtual assistants to smart home devices. One of the most transformative applications of AI is in the field of education. By integrating AI into classrooms and learning systems, education is undergoing a significant shift, enhancing how students learn and how teachers teach.

## What is AI in Education?

AI in education refers to the use of artificial intelligence technologies—such as machine learning, natural language processing, and data analytics—to improve educational outcomes. These technologies enable machines to mimic human intelligence, understand and respond to student needs, and provide personalized support.

## Personalized Learning

One of the most important contributions of AI in education is personalized learning. AI-powered systems can analyze individual student performance, learning styles, strengths, and weaknesses. Based on this analysis, they can provide customized learning materials and suggestions. This helps students learn at their own pace and receive targeted support, which is often not possible in traditional classroom settings.

## Intelligent Tutoring Systems

AI has led to the development of intelligent tutoring systems (ITS) that offer one-on-one support to students. These systems can explain concepts, give hints, and assess student understanding in real-time. Unlike human tutors, AI-based tutors are available 24/7, making learning accessible anytime and anywhere.

## Automated Assessment and Feedback

Grading assignments and giving feedback are time-consuming tasks for teachers. AI tools can automate this process by evaluating multiple-choice questions, essays, and even code submissions. This allows teachers to focus more on instruction and student interaction while ensuring timely feedback for learners.

## Virtual Classrooms and Chatbots

AI supports the creation of virtual classrooms where students and teachers can interact through digital platforms. Chatbots powered by AI can assist students by answering frequently asked questions, providing resources, and guiding them through assignments. These virtual assistants improve efficiency and reduce the workload of teachers.

## Enhancing Accessibility

AI plays a vital role in making education more inclusive and accessible. Tools such as speech-to-text, text-to-speech, and real-time translation help students with disabilities or language barriers participate more fully in learning activities. This promotes equity in education and ensures that no student is left behind.

## Role of Teachers in the Age of AI

While AI is transforming many aspects of education, it cannot replace teachers. Instead, it empowers teachers by reducing routine tasks and enabling them to focus on creative and emotional aspects of teaching. Teachers play a crucial role in mentoring, motivating, and understanding the emotional needs of students—qualities that AI cannot replicate.

## Challenges and Ethical Considerations

Despite its benefits, AI in education comes with certain challenges. Data privacy, algorithmic bias, and over-reliance on technology are major concerns. It is essential to ensure that AI tools are **ethically designed, transparent, and used responsibly. Teachers and students must also be educated about the limitations and proper use of these technologies.

## The Road Ahead

AI is undoubtedly reshaping the educational landscape. From making learning more engaging to helping educators become more effective, its potential is vast. As we move forward, the goal should be to strike a balance between technology and human values. With proper integration and ethical use, AI can lead to a more inclusive, effective, and future-ready education system.

## Conclusion

AI in education is not about replacing traditional methods, but about enhancing them. It opens new possibilities for personalized learning, better assessment, and greater accessibility. As educators and learners, embracing AI with awareness and responsibility can lead us toward a smarter and more connected future in education

Shehla Shereen
English



അക്ഷരങ്ങളുടെ ലോകത്തെനിക്ക്
സഞ്ചരിക്കണം
ആരാലും പരിമിതപ്പെടുത്താത്ത
ആകാശത്ത് പറക്കണം
തണുത്ത് വീശുന്ന കാറ്റിൽ
ആടിയുലയണം
നിലാവിന്റെ ശയ്യയിൽ കിടന്നുറങ്ങുമ്പോൾ
നക്ഷത്രങ്ങൾ മിന്നാമിനുങ്ങുകളായി
പാറിക്കളിക്കണം
മുല്ലയുടെ ഗന്ധം ഉയരുന്ന തോട്ടത്തിൽ
ഒഴുകി നടക്കണം
ഒടുവിൽ മഞ്ഞുമേഘം ഒരുക്കി അതിൽ
നിന്നെ കാത്തിരിക്കണം...

ഐശ്വര്യ പി
ഫിസിക്കൽ സയൻസ്



അക്ഷരങ്ങൾ തടവറയിലും ചിന്തകൾ ചങ്ങലകളിലുമാകുമ്പോൾ
അധികാരത്തിന്റെ ചെങ്കോട്ടയിൽ സത്യം വികൃതമാക്കപ്പെടുന്നു
ചെങ്കോലിൻറെ നിഴലിൽ കലാകാരന്റെ ചിറകരിയുന്നു
നിറങ്ങളെ, വാക്കുകളെ, സത്യത്തെ അവർ ഭയപ്പെടുന്നു


പ്രകാശത്തെ ഭയക്കുന്നവർ അന്ധകാരത്തിന്റെ –
മറവിൽ സത്യത്തെ ഒറ്റ് കൊടുക്കുന്നു
ചോദ്യങ്ങളില്ലാത്ത ലോകം ,
ചോദിക്കുന്നവന്റെ നാവരിയുന്നലോകം

ചരിത്രം തിരുത്തിയെഴുതി പഴയ കഥകൾ മായ്ച്ചു
കളയാൻ അവർ തിടുക്കം കൂട്ടുന്നു
പുതിയൊരു സൂര്യനെ വരക്കാൻ അവർ ഒരുക്കം കൂട്ടുന്നുണ്ട്.

പാർവതി എം വി



# A Critical Examination of NCERT's Historical Revisions



The recent removal of Tipu Sultan, Haidar Ali, and the Anglo-Mysore Wars from the NCERT Class 8 Social Science textbook has stirred strong debate. These changes follow earlier alterations to history curricula. NCERT explains that the revisions reduce student burden and follow the National Education Policy 2020, which calls for a broad survey of history. Critics argue the explanation is unconvincing and see the changes as part of a deliberate attempt to replace established history with an ideologically driven version.

This practice of selective memory in textbooks threatens a full understanding of India's past. It also weakens students' ability to think critically. A lighter syllabus and focus on analysis may be useful, but the removal of central figures and events carries heavy costs.

Tipu Sultan, called the Tiger of Mysore, and his father Haidar Ali were major opponents of the British in South India. The Anglo-Mysore Wars were key to both British consolidation and Indian resistance. Leaving them out creates an incomplete and distorted view of India's struggle against colonialism. It signals that some forms of resistance are less worthy of study, which diminishes the diversity of India's freedom struggle.

Some argue states can cover these gaps in regional syllabi. While that is legally true, it avoids the NCERT's responsibility to offer a balanced and nationally coherent view of history.

A national curriculum should aim for completeness and inclusivity, regardless of region.

The pattern of such omissions raises concerns about ideology. In recent years, NCERT textbooks have lost content on the Mughals, the Delhi Sultanate, the Gujarat riots, and even details about Gandhi's assassination. Official reasons include reducing overlap, cutting excess during COVID-19, or rationalization. Yet the consistent removal of certain periods and figures, especially Muslim rulers or politically sensitive episodes, has led to charges of "saffronization."

This trend risks presenting a sanitized and one-sided account of the past.

History is not meant to be simple or convenient. It demands attention to multiple perspectives, contradictions, and uncomfortable truths. Stripping away such complexity turns textbooks into instruments of ideology rather than tools of education. This narrows how students see their national identity and fosters division instead of unity. It denies them the chance to build critical thinking skills and to grasp the full diversity of India's past.


Curriculum reforms are needed, but they must follow academic rigor, inclusivity, and honesty. Omissions such as Tipu Sultan and the Mysore Wars, framed as rationalization, put the integrity of historical education in question. Expert review is a good step, but it must preserve history's academic character. States can supplement content, but a truly strong system needs a national commitment to a balanced and truthful narrative. Without that, India risks losing not only original history but also the foundation of an informed and critical citizenry.

**Anshida Thoombath**
**Natural Science**





BREAKING NEWS
നെറ്റ് പരീക്ഷാക്രമക്കേടിൽ സിബിഐ അന്വേഷണം
യുജിസി നെറ്റ് പരീക്ഷാ ക്രമക്കേടിൽ അന്വേഷണം വ്യാപി...
ആറ് ലക്ഷത്തിന് ചോദ്യപേപ്പർ വിറ്റു
BREAKING NEWS
നെറ്റ് പരീക്ഷ ക്രമക്കേട്: ചോദ്യപേപ്പർ വിറ്റത് ആറ് ലക്ഷം രൂപയ്ക്ക്
manoramanews
manoramanews.com
1:33
നെറ്റ് പരീക്ഷാ ക്രമക്കേട്; 6
ചോർച്ചകളും റദ്ദാക്കലുകളും
പുനഃ പരീക്ഷകളും
അതിസാധാരണമാകുമ്പോൾ
ഈ വിദ്യാഭ്യാസ സമ്പ്രദായത്തിൽ
പിന്നെന്ത് വിശ്വാസം..?
SUPREME COURT ISSUES NOTICE TO NTA ON RE
Paper Leak: CBI Makes First Arrest
1:34
NEET Paper Leak 2024: CBI arrests two from Patna in NEET ...
LIVE
The Indian EXPRESS
MASSIVE DISRUPTION IN SSC EXAMS

*The purpose of education has never been mere certification; it is the cultivation of intellect, character, and vision. Yet, in the current climate, the system too often functions as an assembly line—streamlining students into standard outcomes while quietly stripping away creativity, independent thought, and moral responsibility. The result is a generation equipped with credentials but deprived of the very qualities that make those credentials meaningful. A society that applauds such output mistakes conformity for excellence, and in doing so, risks undermining its own future*



# Re-play

ആകസ്മികമായ് പിറന്ന്
ആസൂത്രിതമായ് നടന്ന്
അനിയന്ത്രിതമായ് പാഞ്ഞ്
അപ്രതീക്ഷിത വഴികളെ
അവസരങ്ങളാക്കി
അവസ്ഥാന്തരങ്ങളെ ആവാഹിച്ച്
ആഴമുള്ള അറിവുകൾ നേടി
അടയാളങ്ങൾ സൃഷ്ടിച്ച്
അവനവനിലേക്ക് നോക്കി
അവനവനാവട്ടെ...



# ആർട്ടിക്കിൾ 19 (1)(a): അതിരില്ലാതെ ആവിഷ്കരിക്കപ്പെടട്ടെ...



ഒരു സമൂഹത്തിന്റെ ജീവശ്വാസമാണ് ആവിഷ്കാര സ്വാതന്ത്ര്യം. ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കും ഭാവനയ്ക്കും ചിന്തകൾക്കും അതിരുകളില്ലാതെ ഒഴുകാൻ കഴിയുമ്പോഴാണ് ഒരു സമൂഹം യഥാർത്ഥത്തിൽ പുരോഗമിക്കുന്നത്. എന്നാൽ മലയാള സിനിമകളായ 'എൽ2: എമ്പുരാൻ', 'ജെഎസ്കെ' (ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള) എന്നിവയുമായി ബന്ധപ്പെട്ട് സമീപകാലത്തുണ്ടായ സെൻസർഷിപ്പ് വിവാദങ്ങൾ ചൂണ്ടിക്കാണിക്കുന്നത്, ഈ അടിസ്ഥാനപരമായ അവകാശം പോലും പലപ്പോഴും ഹനിക്കപ്പെടുന്നു എന്നതാണ്.

കലയും ഭാവനയും ചിന്തകളും അതിന്റെ എല്ലാ സ്വാതന്ത്ര്യത്തോടും കൂടി അതിരുകളില്ലാതെ ആവിഷ്കരിക്കാൻ സാധിക്കുമ്പോഴാണ് നമ്മുടെ ഭരണഘടനയുടെ ആത്മാവായ ആർട്ടിക്കിൾ 19(1)(a) അതിന്റെ എല്ലാ അർത്ഥത്തിലും പൂർണ്ണമാവുന്നത്. കല, സാഹിത്യം, വിമർശനാത്മക ചിന്ത എന്നിവ ഒരു ആരോഗ്യകരമായ സമൂഹത്തിന് അത്യന്താപേക്ഷിതമാണ്. നിലവിലുള്ള വ്യവസ്ഥിതികളെ ചോദ്യം ചെയ്യാനും, സഹാനുഭൂതി വളർത്താനും, പുരോഗതിക്ക് പ്രചോദനം നൽകാനും അവയ്ക്ക് കഴിയും. ഒരു ശിൽപി കല്ലിനെ തന്റെ ഭാവനയുടെ മൂർച്ചകൊണ്ട് ജീവനുള്ളതാക്കുന്നതുപോലെ, ഒരു എഴുത്തുകാരൻ വാക്കുകളിലൂടെ പുതിയ ലോകങ്ങൾ തുറന്നുവിടുന്നു. ഒരു ചലച്ചിത്രകാരൻ ക്യാമറയിലൂടെ സാമൂഹിക യാഥാർത്ഥ്യങ്ങളെ ചോദ്യം ചെയ്യുന്നു. ഇതെല്ലാം ചിന്തകളുടെയും ഭാവനയുടെയും അതിരുകളില്ലാത്ത പ്രകടനങ്ങളാണ്. ഒരു സമൂഹത്തിന്റെ മനസ്സാക്ഷിയെ ഉണർത്താനും, അടിച്ചമർത്തപ്പെട്ട ശബ്ദങ്ങൾക്ക് ഇടം നൽകാനും, സംവാദങ്ങളെ പ്രോത്സാഹിപ്പിക്കാനും കലയ്ക്കും ചിന്തയ്ക്കും കഴിയും. ഭാവനയുടെ ചിറകിലേറി മനുഷ്യൻ പറന്നുയരുമ്പോളാണ് പുതിയ കണ്ടുപിടുത്തങ്ങളും നാഗരികതയുടെ വളർച്ചയും സാധ്യമാകുന്നത്.

എന്നാൽ, നിർഭാഗ്യവശാൽ, ഈ അമൂല്യമായ സ്വാതന്ത്ര്യം പലപ്പോഴും സെൻസർഷിപ്പിന്റെ ചങ്ങലകളാൽ ബന്ധിതമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 19(1) (a) സംസാരത്തിനും അഭിപ്രായ പ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം ഉറപ്പുനൽകുമ്പോൾ, ആർട്ടിക്കിൾ 19(2) ന്യായമായ നിയന്ത്രണങ്ങൾക്കുള്ള സാധ്യത നൽകുന്നു. ഈ നിയന്ത്രണങ്ങൾ സമൂഹത്തിൽ ക്രമം നിലനിർത്താൻ അനിവാര്യമാണെങ്കിലും, അവയുടെ ദുരുപയോഗം സർഗ്ഗാത്മകതയെ ശ്വാസം മുട്ടിക്കുന്നു. 'എമ്പുരാൻ' പോലുള്ള സിനിമകളിൽ 'സ്വമേധയാ വെട്ടിച്ചുരുക്കലുകൾ' വരുത്താൻ നിർമ്മാതാക്കൾ നിർബന്ധിതരാകുന്നത്, നഷ്ടം ഒഴിവാക്കാൻ സർഗ്ഗാത്മകതയെ തള്ളിപ്പറയുന്നതിന്റെ തെളിവാണ്. 'ജെഎസ്കെ' എന്ന സിനിമയുടെ പേരിനെച്ചൊല്ലിയുണ്ടായ വിവാദം, 'വികാരങ്ങളെ വ്രണപ്പെടുത്തുന്നു' എന്ന വാദം എത്രത്തോളം അസംബന്ധമായി കലാപരമായ സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്നു എന്നതിന്റെ ഉദാഹരണമാണ്. ഇത്തരം സംഭവങ്ങൾ ഒരു അപകടകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നു. അവിടെ കലാകാരന്മാർക്ക് സ്വയം സെൻസർഷിപ്പ് നടത്തേണ്ടി വരുന്നു. ഇത് കഥാപാത്രങ്ങളുടെ സൂക്ഷ്മമായ ചിത്രീകരണങ്ങളെയും, സാമൂഹിക വിമർശനങ്ങളെയും, അതുപോലെ പ്രധാനപ്പെട്ട വിഷയങ്ങളെയും ദുർബലമാക്കുന്നു. സെൻസർ ബോർഡിന്റെ തീരുമാനങ്ങളിലെ സുതാര്യ

തയില്ലായ്മയും, FCAT പോലുള്ള അപ്പീലധികാരങ്ങളുടെ അഭാവവും ചലച്ചിത്ര പ്രവർത്തകരെ നിസ്സഹായരാക്കുന്നു. ഇത് കേവലം സിനിമയുടെ മാത്രം പ്രശ്നമല്ല, മറിച്ച് എല്ലാത്തരം കലാപരമായ ആവിഷ്കാരങ്ങൾക്കും ഇത് ഭീഷണിയാണ്.

ആർട്ടിക്കിൾ 19 തിരിച്ചുപിടിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അനിയന്ത്രിതമായ, ഉത്തരവാദിത്തമില്ലാത്ത സ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുക എന്നല്ല. മറിച്ച്, ശക്തമായ പൊതുസംവാദങ്ങൾക്കും കലാപരമായ സ്വാതന്ത്ര്യത്തിനും മുൻഗണന നൽകുന്ന ഒരു വ്യാഖ്യാനം സ്ഥാപിക്കുക എന്നതാണ്. എളുപ്പത്തിൽ വ്രണപ്പെടുന്ന വികാരങ്ങൾക്കോ രാഷ്ട്രീയ അജണ്ടകൾക്കോ വേണ്ടി ആവിഷ്കാര സ്വാതന്ത്ര്യത്തെ ബലികഴിക്കാൻ പാടില്ല. ആത്മനിഷ്ഠമായ വ്യാഖ്യാനങ്ങളുടെയും ഭയത്തിന്റെയും അന്തരീക്ഷം ഒരു സമൂഹത്തിന്റെ ബുദ്ധിപരമായ വളർച്ചയെ മന്ദീഭവിപ്പിക്കും.കലയെയും ചിന്തകളെയും അടിച്ചമർത്തുന്നത് ദീർഘകാലാടിസ്ഥാനത്തിൽ സമൂഹത്തിന് ദോഷകരമാണ്. ഇത് ആശയപരമായ കെട്ടിക്കിടക്കൽ, ബൗദ്ധികമായ അനുരൂപീകരണം, ഭയം, സങ്കുചിതമായ ലോകവീക്ഷണം എന്നിവയിലേക്ക് നയിക്കും. ഒരു സമൂഹം അതിന്റെ കലാകാരന്മാരെയും ചിന്തകരെയും നിശ്ശബ്ദമാക്കുമ്പോൾ, അത് സ്വന്തം ആത്മാവിനെയാണ് നിശ്ശബ്ദമാക്കുന്നത്. വൈവിധ്യമാർന്ന കാഴ്ചപ്പാടുകളെയും വിമർശനാത്മകമായ ചോദ്യങ്ങളെയും സ്വാഗതം ചെയ്യുന്ന ഒരു അന്തരീക്ഷത്തിൽ മാത്രമേ പുതിയ ആശയങ്ങൾക്കും പരിഹാരങ്ങൾക്കും ഇടം നൽകാൻ കഴിയൂ

**ഷെറീന ഷഹനാസ്**
**നാച്ചുറൽ സയൻസ്**



# ദേശീയതല പരീക്ഷ സമ്പ്രദായത്തിന് ചില വിചിന്തനങ്ങൾ




ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിലേക്കും തൊഴിലവസരങ്ങളിലേക്കും ഒരു പ്രധാന കവാടം തുറന്നു കൊടുക്കുന്ന ഇന്ത്യൻ പരീക്ഷാ സമ്പ്രദായം ഇന്ന് ഒരു വലിയ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്.ഈ രംഗത്തുണ്ടാകുന്ന തുടർച്ചയായ ക്രമക്കേടുകളും അഴിമതികളും പൊതുജനവിശ്വാസം ഇല്ലാതാക്കുകയും മെറിറ്റുകൾ അട്ടിമറിക്കപ്പെടുകയും ചെയ്യുന്നു. ഇത് കേവലം ഒറ്റപ്പെട്ട സംഭവങ്ങളല്ല. മറിച്ച്, ഒരു തലമുറയുടെ പ്രതീക്ഷകളെയും യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള തിരഞ്ഞെടുപ്പ് എന്ന തത്വത്തെയും ഭീഷണിപ്പെടുത്തുന്ന ആഴത്തിലുള്ള വ്യവസ്ഥാപരമായ പിഴവുകളുടെ പ്രതിഫലനമാണ്. ഈ പ്രശ്നങ്ങളെ അഭിസംബോധന ചെയ്ത്, നീതിയുക്തവും സുതാര്യവുമായ ഒരു പരീക്ഷാ സമ്പ്രദായം കെട്ടിപ്പടുക്കാൻ സാധിക്കും. അതിനായി സമഗ്രമായ സമീപനങ്ങൾ സ്വീകരിക്കേണ്ടത്.

സാങ്കേതികശാക്തീകരണം പ്രസ്തുത വിഷയത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ചോദ്യപേപ്പറുകൾ നിർമ്മിക്കുന്നതും വിതരണം ചെയ്യുന്നതും മുതൽ ഓൺലൈൻ പരീക്ഷാ പ്ലാറ്റ്ഫോമുകൾ വരെ എൻഡ്-ടു-എൻഡ് എൻക്രിപ്ഷൻ ഉപയോഗിച്ച് സുരക്ഷിതമാക്കണം. പരീക്ഷാ കേന്ദ്രങ്ങളിലെ ക്രമക്കേടുകൾ തത്സമയം കണ്ടെത്താൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനങ്ങൾ ഉപയോഗിക്കാം. ഇത് മനുഷ്യന്റെ ഇടപെടലുകൾ കുറച്ച് സുതാര്യത വർദ്ധിപ്പിക്കാൻ സഹായിക്കുന്നതാണ്.

പരീക്ഷാ നടത്തിപ്പിന് ചുമതലയുള്ള സ്ഥാപനങ്ങൾക്കു മേ



ലെയുള്ള കർശന നിരീക്ഷണമാണ് മറ്റൊന്ന്. ഈ സ്ഥാപനങ്ങളെ സുതാര്യവും കർശനവുമായ മാനദണ്ഡങ്ങളോടെ മാത്രം തിരഞ്ഞെടുക്കുകയും, ക്രമക്കേടുകളിൽ ഏർപ്പെടുന്ന കമ്പനികളെയും വ്യക്തികളെയും ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും വേണം. ഭാവിയിൽ ഒരു പരീക്ഷാ നടത്തിപ്പിനും ഇവരെ ചുമതലപ്പെടുത്താൻ പാടില്ല.

കൂടാതെ ഈ മേഖലയിൽ നിയമപരവും ഭരണപരവുമായ പരിഷ്കാരങ്ങൾ അനിവാര്യമാണ്. രാഷ്ട്രീയ ഇടപെടലുകളിൽ നിന്ന് സ്വതന്ത്രമായ ഒരു ദേശീയ പരീക്ഷാ അതോറിറ്റി സ്ഥാപിക്കുന്നത് വിശ്വാസം വീണ്ടെടുക്കാൻ സഹായിക്കും. അതോടൊപ്പം, പരീക്ഷാ തട്ടിപ്പിൽ ഏർപ്പെടുന്നവർക്ക് വേഗത്തിൽ വിചാരണയും കടുത്ത ശിക്ഷയും ഉറപ്പാക്കണം. ഇത് ഇത്തരം കുറ്റകൃത്യങ്ങൾക്ക് അറുതി വരുത്താൻ സഹായിക്കും.

മാത്രമല്ല, സുതാര്യമായ ഒരു പരാതി പരിഹാര സംവിധാനം ഒരുക്കണം. വിദ്യാർത്ഥികൾക്ക് പരാതികൾ റിപ്പോർട്ട് ചെയ്യാനും പരിഹാരം തേടാനും വ്യക്തവും, എളുപ്പത്തിൽ ലഭ്യമാകുന്നതും, സമയബന്ധിതവുമായ ഒരു ഓൺലൈൻ സംവിധാനം അത്യാവശ്യമാണ്. ഇത് വിദ്യാർത്ഥികളിൽ വ്യവസ്ഥയോടുള്ള വിശ്വാസം നിലനിർത്താൻ നിർണായകമാണ്.

എല്ലാത്തിലുമുപരി മൂല്യനിർണ്ണയ രീതികളിൽ ചില മാറ്റങ്ങൾ അനിവാര്യമല്ലേയെന്നും നാം ഈ അവസരത്തിൽ ചിന്തിക്കണം. കേവലം മനഃപാഠമാക്കാനുള്ള കഴിവിനെ മാത്രം വിലയിരുത്തുന്നതിന് പകരം, വിമർശനാത്മക ചിന്ത, പ്രശ്നപരിഹാര ശേഷി, പ്രായോഗിക കഴിവുകൾ എന്നിവ അളക്കുന്ന രീതികളിലേക്ക് മാറണം. ഇത് പഠന നിലവാരം മെച്ചപ്പെടുത്താനും അഴിമതിക്ക് സാധ്യത കുറയ്ക്കാനും സഹായിക്കും.

ഈ വെല്ലുവിളികളെ അതിജീവിക്കാൻ രാഷ്ട്രീയ ഇച്ഛാശക്തിയും, സാങ്കേതിക മുന്നേറ്റങ്ങളും, നിയമപരമായ ദൃഢതയും ആവശ്യമാണ്. യോഗ്യതയെ അടിസ്ഥാനമാക്കിയുള്ള തിരഞ്ഞെടുപ്പിനോടുള്ള കൂട്ടായ പ്രതിബദ്ധത വളർത്തുന്നതിലൂടെ മാത്രമേ ഇന്ത്യക്ക് അതിന്റെ ഏറ്റവും വലിയ സമ്പത്തായ യുവജനങ്ങളുടെ ഭാവി സുരക്ഷിതമാക്കാൻ കഴിയൂ. നീതിയുക്തവും സുതാര്യവുമായ ഒരു പരീക്ഷാ സമ്പ്രദായം വീണ്ടെടുത്തേ മതിയാകൂ.

**മുഹമ്മദ് സജ്ജാദ്**
**ഫിസിക്കൽ സയൻസ്**



# ക്ലാസ്സ് മുറികൾ നന്മയുടെ വീണ്ടെടുപ്പ് കേന്ദ്രങ്ങളാകട്ടെ

ഡിജിറ്റൽ യുഗത്തിന്റെ അനന്തമായ സാധ്യതകളിലൂടെ സഞ്ചരിക്കുമ്പോഴും, നമ്മുടെ ക്ലാസ്സ്മുറികൾ നേരിടുന്ന ചില വെല്ലുവിളികളുണ്ട്. സാങ്കേതിക വിദ്യയുടെ വളർച്ച അറിവിന്റെ വാതായനങ്ങൾ തുറന്നപ്പോൾ, മനുഷ്യബന്ധങ്ങളുടെ ഊഷ്മളതയും പരസ്പര ബഹുമാനവും അന്യം നിന്ന് പോവുകയാണോ എന്നൊരു ആശങ്ക ഉയരുന്നു. സമീപകാലത്തെ ചില സംഭവങ്ങൾ ഈ ആശങ്കകൾക്ക് ആക്കം കൂട്ടി. പാലക്കാട്ടെ പ്രധാന അധ്യാപകന് നേരെ ഭീഷണി മുഴക്കിയ വിദ്യാർത്ഥിയും, ഷഹബാസിന്റെ ദാരുണമായ മരണവും, നമ്മുടെ സമൂഹത്തിൽ, പ്രത്യേകിച്ച് യുവതലമുറയിൽ, വർധിച്ചു വരുന്ന അക്രമവാസനയുടെയും മൂല്യച്യുതിയുടെയും നേർക്കാഴ്ചകളാണ്.

ഈ വാർത്തകൾ നമ്മെ ഞെട്ടിക്കുമ്പോൾ, എന്തുകൊണ്ട് നമ്മുടെ കുട്ടികൾക്ക് സ്നേഹവും ദയയും അനുകമ്പയും നഷ്ടപ്പെടുന്നു എന്ന ചോദ്യം പ്രസക്തമാകുന്നു. ഒറ്റപ്പെട്ട തുരുത്തുകളായി മാറുന്ന കുടുംബങ്ങളും, അമിതമായ മൊബൈൽ ഫോൺ ഉപയോഗവും, അതിൽ നിന്ന് ലഭിക്കുന്ന അക്രമം നിറഞ്ഞ ദൃശ്യങ്ങളും കുട്ടികളെ സ്വാധീനിക്കുന്നുണ്ടാകാം. സാങ്കേതികവിദ്യയുടെ വേഗതയോടൊപ്പം സഞ്ചരിക്കുമ്പോൾ, മനുഷ്യന്റെ വൈകാരികമായ വളർച്ച പിന്നോട്ട് പോകുകയാണോ എന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു.

ഈ പ്രതിസന്ധിക്ക് ഉത്തരം കണ്ടെത്താൻ നമുക്ക് ക്ലാസ്സ്മുറികളിലേക്ക് തിരികെ പോകാം. ക്ലാസ്സ്മുറികൾ വെറും പാഠപുസ്തകങ്ങൾ പഠിപ്പിക്കുന്ന ഇടങ്ങളല്ല, മറിച്ച് ജീവിതം പഠിപ്പിക്കുന്ന ഇടങ്ങളാകണം. മറ്റൊരാളുടെ വേദനയും സന്തോഷവും തിരിച്ചറിയാനുള്ള കഴിവാണ് സഹാനുഭൂതി (empathy). അധ്യാപകർക്ക് കഥകളിലൂടെയും യഥാർത്ഥ ജീവിതാനുഭവങ്ങളിലൂടെയും സഹാനുഭൂതിയുടെ പ്രാധാന്യം കുട്ടികളെ പഠിപ്പിക്കാനാകും. ഒരു സഹപാഠിക്ക് ബുദ്ധിമുട്ട് വരുമ്പോൾ അവനെ സഹായിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ക്ലാസ്സ്മുറി അന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെ ഇത് സാധ്യമാക്കാം. അതോടൊപ്പം, അധ്യാപകരെയും മുതിർന്നവരെയും കൂട്ടുകാരെയും ബഹുമാനിക്കേണ്ടതിന്റെ ആവശ്യകത ക്ലാസ്സ്മുറികളിൽ ഊന്നിപ്പറയണം. ഒരാളുടെ അഭിപ്രായത്തെ മാനിക്കുന്നതും അവരെ കേൾക്കാൻ തയ്യാറാകുന്നതും ബഹുമാനത്തിന്റെ ഭാഗമാണ്. ഓരോ കുട്ടിയെയും ഒരു വ്യക്തിയായി അംഗീകരിക്കുമ്പോൾ തന്നെ, അച്ചടക്കത്തിന്റെ ആവശ്യകതയെക്കുറിച്ചും അവരെ ബോധവാന്മാരാക്കാം.ഗ്രൂപ്പ് പ്രോജക്റ്റുകളും കളികളും കുട്ടികളെ ഒരുമിച്ച് പ്രവർത്തിക്കാൻ പഠിപ്പിക്കുന്നു. ഇത് പരസ്പരം സഹായിക്കാനും, അഭിപ്രായ വ്യത്യാസങ്ങളെ മാനിക്കാനും, ടീം സ്പിരിറ്റ് വളർത്താനും അവരെ സഹായിക്കും. ഇതിലൂടെ അവർ സാമൂഹിക ജീവികളായി വളരുന്നു. കൂടാതെ, കുട്ടികളിൽ വർധിച്ചുവരുന്ന ആത്മഹത്യാ പ്രവണതക്ക് ഒരു കാരണം ജീവിതത്തിലെ ചെറിയ പ്രശ്നങ്ങളെ പോലും നേരിടാൻ അവർക്ക് കഴിയാതെ പോകുന്നതാണ്. ഓരോ പ്രശ്നത്തിനും പല പരിഹാരങ്ങളുണ്ടെന്ന് അവരെ പഠിപ്പിക്കാം. ക്രിയാത്മക ചിന്തയിലൂടെയും (creative thinking) പ്രശ്നപരിഹാര ശേഷിയിലൂടെയും (problem-solving skills) വെല്ലുവിളികളെ അതിജീവിക്കാനുള്ള കഴിവ് അവർക്ക് നേടാൻ സാധിക്കും.ഇത്തരം പ്രവർത്തനങ്ങളിലൂടെ,

ഓരോ ക്ലാസ്സ്മുറിയും നന്മയുടെയും സ്നേഹത്തിന്റെയും കേന്ദ്രങ്ങളാക്കി മാറ്റാൻ അധ്യാപകർക്ക് കഴിയും. സാങ്കേതിക വിദ്യ ഒരു ഉപകരണം മാത്രമാകട്ടെ, മനുഷ്യന്റെ അടിസ്ഥാനപരമായ മൂല്യങ്ങൾ അതിനെക്കാൾ വലുതാണെന്ന് കുട്ടികളെ ഓർമ്മിപ്പിക്കാം. അക്രമവാസനയുടെയും നിരാശയുടെയും വാർത്തകൾക്ക് പകരം, സ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും കഥകൾ നമ്മുടെ ക്ലാസ്സ്മുറികളിൽ നിന്ന് ഉയരട്ടെ.

അഹ്സാം
സോഷ്യൽ സയൻസ്





# സ്ത്രീയും സമത്വവും

2001 സ്ത്രീ ശാക്തീകരണ വർഷമായി ഇന്ത്യ ഗവൺമെന്റ് പ്രഖ്യാപിച്ചു. ഒരു രാജ്യത്തിന്റെ വികസന ലക്ഷ്യങ്ങളിൽ സ്ത്രീ ശാക്തീകരണം നിർണായക പങ്ക് വഹിക്കുന്നുണ്ട്. അത് സമൂഹത്തിൽ എല്ലാ തലത്തിലും നല്ല മാറ്റങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ഇന്നത്തെ സാഹചര്യത്തിൽ സ്ത്രീ ശാക്തീകരണം ഒരു നയപരമായ ലക്ഷ്യമായി മാറിയിരിക്കുന്നു. സ്വയം ഒരു ലക്ഷ്യമെന്ന നിലയിലും മറ്റു സുപ്രധാന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഒരു മാർഗമെന്ന നിലയിലും സ്ത്രീ ശാക്തീകരണം അനിവാര്യമാകുന്നു. അടിസ്ഥാനപരമായി സ്ത്രീകളുടെ പദവി വികസിപ്പിക്കുകയും സമൂഹത്തിൽ പരമ്പരാഗതമായി പിന്നോക്കം നിൽക്കുന്നവർക്ക് കേന്ദ്ര ശ്രദ്ധ നൽകുകയും ചെയ്യുന്നത് സ്ത്രീകളുടെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ പദവികളിൽ ഉയർച്ച വരുത്തുന്നു. സ്ത്രീ ശാക്തീകരണത്തിന്റെ വിവിധ മാനങ്ങൾ, സ്ത്രീ ശാക്തീകരണത്തിലെ സാധ്യതകൾ, തടസ്സങ്ങൾ, സ്ത്രീ ശാക്തീകരണത്തിനായി നിർദേശിക്കപ്പെട്ടതും നടപ്പിലാക്കിയതുമായ നയങ്ങൾ തുടങ്ങിയവ മനസ്സിലാക്കാനും ഈ ആശയത്തിലേക്ക് വരാനുമുണ്ടായ സാഹചര്യങ്ങളെ നമുക്കൊന്നു പരിശോധിച്ച് നോക്കാം.


സ്ത്രീകൾക്ക് തുല്യ പങ്കാളിത്തം ഉറപ്പ് വരുത്താൻ മുറവിളി കൂട്ടുന്ന ഇക്കാലത്തും, എല്ലാ മേഖലകളിലും തുല്യത

ഉറപ്പ് വരുത്തി എന്ന് അവകാശപ്പെടുമ്പോഴും നാം ശ്രദ്ധിക്കാതെ പോകുന്ന ചില വസ്തുതകൾ ഉണ്ട്. മുഖ്യ ധാരയിലെല്ലാം സമത്വവും തുല്യതയും നമുക്ക് കാണാൻ പറ്റുമെങ്കിലും ചില കാണാ കാഴ്ചകൾ ഉണ്ട്.അതിലൊന്നാണ് കേരളത്തിലെ മൊത്തം സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക്. 18-60 പ്രായ പരിധിയിൽ അതിദരിദ്ര്യരിൽ 26.5 വും അതിസമ്പന്നരിൽ 28 ആണ് തൊഴിൽ പങ്കാളിത്ത നിരക്ക്. വളരെ കുറഞ്ഞ വേതനം ലഭിക്കുന്ന തൊഴിലിടങ്ങളിലാണ് സ്ത്രീകൾ കൂടുതലായി കാണപ്പെടുന്നത്. വീട്ടുജോലി, അലക്കൽ തുടങ്ങിയ ഏറ്റവും വരുമാനം കുറഞ്ഞ കൂലിപ്പണികളിലും ഒപ്പം വേതനം വളരെ കുറവുള്ള അംഗൻവാടി, നഴ്സറി തുടങ്ങിയ മേഖലകളിലും പൂർണമായും സ്ത്രീകളാണ് ഉള്ളത്. വരുമാനം കുറഞ്ഞ തൊഴിൽ മേഖലകളിലെ സ്ത്രീ കേന്ദ്രീകരണത്തോടൊപ്പം വിവേചനത്തിന്റെ മറ്റൊരു സൂചികയാണ് വരുമാനത്തിലെ കടുത്ത അന്തരം. തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ല എന്നത് അനിഷേധ്യമായ വസ്തുതയാണ്. കേരളത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം കഴിഞ്ഞ ഏതാനും ദശകങ്ങളായി അനുദിനം മെച്ചപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം തത്തുല്യമായ തോതിൽ വർധിച്ചിട്ടില്ല.എന്ന് മാത്രമല്ല അടുത്ത കാലത്തായി കുറഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്നുവെന്നും ചില കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി തൊഴിൽ പങ്കാളിത്തമില്ലാതെ 'വീട്ടമ്മ ' എന്ന് സ്വയം വിശേഷിപ്പിക്കുന്ന സ്ത്രീകൾ സമൂഹത്തിൽ ഗണ്യമായ തോതിൽ ഉണ്ടെന്നുള്ളത് കാണാൻ സാധിക്കും. താരതമ്യേന വിദ്യാഭ്യാസമുള്ള സ്ത്രീസമൂഹത്തിന്റെ വീട്ടമ്മവൽക്കരണം പഠനവിധേയമാക്കേണ്ട ഒരു വസ്തുതയാണ്.

സ്ത്രീകളും, അവരുടെ രാഷ്ട്രീയ പ്രവർത്തനങ്ങളും, രാഷ്ട്രീയ ബോധവും ഈ പശ്ചാത്തലത്തിൽ ചർച്ച ചെയ്യപ്പെടേണ്ട ഒരു ഘടകം ആണ്. രാഷ്ട്രീയ ചർച്ചകൾക്കും വിവാദങ്ങൾക്കും പേര് കേട്ട കേരളത്തിൽ ഭൂരിഭാഗം സ്ത്രീകൾക്കും സ്വന്തമായി രാഷ്ട്രീയ നിലപാട് ഇല്ലെന്നുള്ളതും ഒരു പോരായ്മയാണ്. ഭൂരിപക്ഷം സ്ത്രീകളും ഭർത്താവിന്റെയോ പിതാവിന്റെയോ സഹോദരങ്ങളുടെയോ രാഷ്ട്രീയ ബോധമാണ് പിന്തുടരുന്നത്. ഭൂരിഭാഗം സ്ത്രീകളും രാഷ്ട്രീയ പ്രവർത്തനങ്ങളിൽ സജീവമല്ല. മിക്ക വീടുകളിലും രാഷ്ട്രീയ സാമൂഹിക കാര്യങ്ങൾ ചർച്ചയിൽ പോലും വരുന്നില്ല. വീട്ടിലെ ആൺവർഗത്തിന്റെ സ്വാധീനത്തിൽ ഇടക്ക് ചെയ്യുന്ന വോട്ട് മാത്രമാണ് പലരുടെയും രാഷ്ട്രീയ ബോധം. മിക്ക കുടുംബങ്ങളിലും ഗൃഹനാഥൻ നേതൃ സ്ഥാനത്തു ഉള്ളത് പോലെ സ്ഥാപനങ്ങളുടെ മേലധികാരി പുരുഷനായിരിക്കണം എന്നൊരു സാമൂഹ്യ വ്യവസ്ഥിതി നമ്മുടെ നാട്ടിലുമുണ്ട്.

അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണ പ്രസ്ഥാനവും കേരളത്തിലെ പൊതു ഇടങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർധിപ്പിച്ചതിനു പ്രധാന കാരണമായിട്ടുണ്ട്. കുടുംബശ്രീ സംരംഭം ഇതിനൊരു മികച്ച ഉദാഹരണം ആണ്. കേരളത്തിൽ പൊതു സ്ഥലങ്ങളിൽ സ്ത്രീകൾ ഒറ്റക്ക് പോകുന്നത് പ്രശ്നമായി കാണുന്നുണ്ട് ഇപ്പോഴും. നമ്മുടെ സാമൂഹ്യ ധാരണകളിൽ ഇടം കിട്ടിയില്ലാത്ത ഒരു കാഴ്ചയാണ് ഒറ്റക്ക് സിനിമ കാണാൻ പോകുന്ന പെണ്ണ്. റേഷൻ കട, ആശുപത്രി, ആരാധനാലയം, പഞ്ചായത്ത് /സർക്കാർ ഓഫീസ്, കുടുംബശ്രീ, മാർക്കറ്റ് എന്നിവിടങ്ങളിലേക്ക് സ്ത്രീക





ളുടെ പോക്ക് ക്രമാനുഗതമായി വർധിക്കുന്നുണ്ട്.

വിദ്യാഭ്യാസം കൊണ്ടും സ്വയം പര്യാപ്തത കൊണ്ടും നമ്മൾ മുന്നിട്ട് നിൽക്കുന്നുവെങ്കിലും ധാരാളം വൈരുധ്യങ്ങളെ നമുക്ക് കാണാൻ സാധിക്കും. സാക്ഷരതയിൽ ഏറ്റവും കൂടുതൽ ഉയർന്നു നില്ക്കുമ്പോഴും തൊഴിൽ പങ്കാളിത്തത്തിൽ ഏറ്റവും പിൻപന്തിയിൽ കഴിയുന്നു. ഉയർന്ന വിദ്യാഭ്യാസത്തിനുടമ യാണെങ്കിലും അത് വീട്ടിലോ, തൊഴിലിടങ്ങളിലോ തീരുമാനമെടുക്കുന്നതിൽ പ്രതിഫലിക്കുന്നില്ല. സ്വന്തം വിവാഹം തീരുമാനിക്കുന്നതിൽ പോലും പരിമിതമായ പങ്കാളിത്തം മാത്രമേയുള്ളൂ. സാമൂഹ്യ, രാഷ്ട്രീയ പങ്കാളിത്തം വർധിപ്പിക്കാനുള്ള അവസരങ്ങൾ ഉണ്ടെങ്കിലും പൊതു ഇടങ്ങളിലെ അക്രമങ്ങളും സഞ്ചാരസ്വാതന്ത്ര്യ നിഷേധവും ഈ അനുകൂല സാഹചര്യത്തെ ഉപയോഗപ്പെടുത്തുന്നതിനു തടസ്സമാകുന്നു. രാഷ്ട്രീയ പാർട്ടികൾ, വിവിധ സംഘടിത പ്രസ്ഥാനങ്ങൾ, കലാസാംസ്കാരിക സംഘടനകൾ എന്നിവയുടെയെല്ലാം നേതൃസ്ഥാനത്തു സ്ത്രീ സാനിധ്യം വളരെ കുറവാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 75-80 പെൺകുട്ടികൾ ആണെങ്കിലും കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകളിൽ പോലും പണ്ടേങ്ങോ തീരുമാനിച്ച സംവരണ സീറ്റ് അല്ലാതെ മറ്റൊന്നും അവർക്ക് ലഭിക്കുന്നില്ല. ശരാശരി സെക്കണ്ടറി തലം പഠിച്ചവരാണെങ്കിലും വീട്ടിമ്മയാവുക എന്നതൊരു നിയോഗം പോലെയാണ്. തൊഴിൽ തന്നെ തുച്ഛവേതന തൊഴിലുകളാണ് ലഭിക്കുന്നത്.സമ്പത്തിന്റെയും വിഭവങ്ങളുടെയും ഉടമസ്ഥതയുടെ കാര്യത്തിലും സാമ്പത്തിക ക്രയവിക്രയ ഉപാധികളുടെ കാര്യത്തിലും സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്.

നിയമപരമായ പരിരക്ഷകളും സർക്കാർ നടപടികളും വഴി ജനങ്ങളുടെ,പൊതുവെ സ്ത്രീകളുടെയും ജീവിതാവസ്ഥകൾ കുറെയൊക്കെ മെച്ചപ്പെടുത്താനാവും. എന്നാൽ മതവും, ജാതിയും, ആചാരങ്ങളും, വിശ്വാസങ്ങളും എല്ലാം മനുഷ്യ ജീവിതത്തിൽ ഇടപെട്ടുകൊണ്ടേയിരിക്കുന്നുണ്ട്. ഇവ മുന്നോട്ട് വെക്കുന്ന അധികാര ബന്ധങ്ങളും ആശാസ്ത്രീയ സമീപനങ്ങളും എല്ലാ മനുഷ്യരെയും ബാധിക്കുമെങ്കിലും സ്ത്രീകളെയും, മറ്റു ദുർബല പാർശ്വവൽകൃത മനുഷ്യരുടെയും ജീവിതത്തെ അത് കൂടുതൽ ബുദ്ധിമുട്ടിലാക്കുന്നു. എല്ലാ മനുഷ്യർക്കും തുല്യത ഉറപ്പ് വരുത്തേണ്ടതുണ്ട്, കൂട്ടത്തിൽ സ്ത്രീ ശാക്തീകരണവും. അതിനായി നിലവിൽ ലഭ്യമായ എല്ലാ സാധ്യതയും ക്രിയാത്മകയി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. സ്ത്രീകൾക്ക് തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കാനുള്ള സാമൂഹ്യമായ ഇച്ഛാശക്തി ഉയർന്നു വരണം, ഉറപ്പാക്കണം. പൊതു സ്ഥാപനങ്ങളെയും സംവിധാനങ്ങളെയും ലിംഗ സൗഹാർദപരമാക്കണം. അതിനായി ജൻഡർ ഓഡിറ്റ് നിർബന്ധമാക്കണം. വിജ്ഞാന സമൂഹത്തിലേക്ക് മുന്നേറുന്ന കേരളത്തിൽ സ്ത്രീ ശാക്തീകരണം അനിവാര്യമായതും സാധിച്ചെടുക്കേണ്ടതുമായ ഒരു ലക്ഷ്യമാണ്.

**ഫാത്തിമത്ത് ഖമറുന്നീസ വി.കെ**
**സോഷ്യൽ സയൻസ്**




# പടുത്തുയർത്താം പുതുതലമുറയെ...

വിദ്യ നേടുന്നതിനു
ള്ള അവസരങ്ങ
ളുടെ വലിയ വാതിലുകൾ നമു
ക്ക് മുന്നിൽ തുറന്നിരിക്കെ ,ഒരു
ചെറിയ വിരൽത്തുമ്പിൽ കോടാ
നു കോടി അറിവുകൾ നമ്മിലേ
ക്ക് ഒഴുകിക്കൊണ്ടിരിക്കെ ,എന്തു
കൊണ്ടാണ് പുതിയ തലമുറ ല
ഹരിയെയും കുറ്റകൃത്യങ്ങളെ
യും കൂട്ടുപിടിക്കുന്നത് ?സുഹൃ
ത്തിനെ തല്ലിക്കൊന്നവരുടെയും
ജന്മം നൽകിയവരെ കഴുത്തറു
ത്തവരുടെയും കൂടെ കിടന്നവ
ളെ ഞെക്കി കൊന്നവരുടെയും
വാർത്തകൾ അല്ലേ ഓരോ ദിവ
സവും നമ്മെ ഉറക്കിൽ നിന്ന് ഉ
ണർത്തുന്നത് . അഫാനെയും
ആഷിക്കിനെയും ആരും മറന്നു
കാണാൻ വഴിയില്ല. എവിടെനി
ന്നാണ് നമ്മുടെ മക്കൾക്ക് ഇത്ര
യും ധൈര്യം ലഭിക്കുന്നത്? അ
തിനു പിന്നിലുള്ള കാരണങ്ങ
ളെയും ഭവിഷ്യത്തുകളെയും
അവയുടെ ഉന്മൂലനമാർഗങ്ങളെ
യും കുറിച്ച് സമൂഹം ചർച്ച ചെ
യ്യേണ്ടതിന്റെ സമയം അതിക്രമി
ച്ചിരിക്കുന്നു .ഇനിയും നാം അതി
ന് തയ്യാറായില്ലെങ്കിൽ വരും
തലമുറ എങ്ങനെയുള്ളതായി
തീരുമെന്നത് നമുക്ക് ചിന്തി
ക്കാൻ പോലും കഴിഞ്ഞെന്നു വ
രില്ല .

ഇത്തരം ക്രൂരകൃ
ത്യങ്ങൾ ചെയ്യാൻ മനുഷ്യനെ
പ്രാപ്തനാക്കുന്നത് അവന്റെ മാ
നസികവും സാമൂഹികപരവുമാ
യ സാഹചര്യം തന്നെയാണ്. കൂ
ടുമ്പോൾ ഇമ്പമുള്ള കുടുംബ
ങ്ങളിൽ നിന്നും തന്നെയാണ് മി
ക്കതിന്റേയും തുടക്കം. അശാന്ത
മായ ജീവിത സാഹചര്യവും കുറ്റ
കൃത്യങ്ങൾ ചെയ്യുന്ന മാതാപി
താക്കളും അവർ അറിയാതെ ത
ന്നെ തങ്ങളുടെ കുട്ടികളെ ഇത്ത
രം കെണികളിലേക്ക് തള്ളിയിടു
ന്നു. ചെറുപ്പകാലത്ത് നേരിടേ
ണ്ടി വരുന്ന പീഡനം, മാനസിക
സമ്മർദ്ദം, മോശം ജീവിതസാഹ
ചര്യം തുടങ്ങിയവ കുട്ടികളെ തെ
റ്റായ മാർഗത്തിലേക്ക് നയിക്കു
ന്നു. ചെറുപ്പത്തിൽ കുട്ടികൾ ചെ
യ്യുന്ന മോഷണം, ആക്രമം തുട
ങ്ങിയവയെ നിസ്സാരവൽക്കരിക്കു
ന്നത് തെറ്റുകൾ ചെയ്യാൻ
പ്രചോദനമേകുന്നതി
ന് തുല്യം തന്നെ. ചീത്ത കൂ
ട്ടുകെട്ട്, സാമൂഹ്യവിരുദ്ധ
പെരുമാറ്റം, മികച്ച റോൾ
മോഡലുകളുടെ അഭാവം
തുടങ്ങിയവയും കുറ്റകൃത്യ
ങ്ങളിലേക്ക് നയിക്കുന്നു.

കുട്ടി കുറ്റവാളിക
ളെ സൃഷ്ടിക്കുന്നതിൽ ലഹരിക്കു
ള്ള പങ്ക് വളരെ വലുതാണ്. രക്ത
ബന്ധത്തെയും ജന്മം നൽകിയവ
രെയും യാതൊരു അറപ്പും വെറു
പ്പും ഇല്ലാതെ അരിഞ്ഞു വീഴ്
ത്താൻ ലഹരി യുവതലമുറക്ക്
പ്രചോദനം നൽകുന്നു. സ്നേ
ഹിച്ചു കൂടെ കൂട്ടിയവളെയും കു
ഞ്ഞിനെയും കൊല്ലാൻ പ്രേരിപ്പി
ക്കുന്നു. മദ്യം, നിക്കോട്ടിൻ, കൊ
ക്കെയ്ൻ , എംഡി എം എ തുട
ങ്ങി നിരവധി തരത്തിലുള്ള ലഹ
രികൾ നാട്ടിൽ സുലഭമാണ്. മദ്യം
,നിക്കോട്ടിൻ എന്നിവക്ക് അടിമ
പ്പെട്ടവരെ ഡി അഡിക്ഷൻ പ്ര
വർത്തനങ്ങളിലൂടെ ജീവിത
ത്തിലേക്ക് തിരികെ കൊണ്ടുവ
രാൻ സാധിക്കുമെങ്കിലും, മനു
ഷ്യന്റെ തലച്ചോറിനെ മാരകമാ
യി ബാധിക്കുന്ന എംഡി എം എ





പോലെയുള്ളവ ഉപയോഗിക്കുന്നവരെ തിരികെ ജീവിതത്തിലേക്ക് കരകയറ്റുക എന്നത് അസാധ്യമാണ്. രക്തസ്രാവം തടയുന്നതിന് വേണ്ടി ജർമൻ ശാസ്ത്രജ്ഞർ കണ്ടെത്തിയ എം ഡി എം എ മനുഷ്യനെ മോശമായി ബാധിക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് നിരോധിച്ചിട്ടുണ്ട് . ഇതാണ് നമ്മുടെ കുട്ടികൾ നിമിഷ നേരത്തെ ആനന്ദം കണ്ടെത്താനായി ഉപയോഗിച്ചുവരുന്നത്. ഹാപ്പി ഹോർമോണുകളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിലൂടെ അത് ഉപയോഗിക്കുന്നവർക്ക് അമിതമായ സന്തോഷം ഉണ്ടാകുന്നു . ഉപയോഗിക്കുന്നതിന്റെ അളവ് വർദ്ധിപ്പിച്ചു വന്നാലേ ഇത്തരം ആനന്ദങ്ങൾ നിലനിൽക്കുകയുള്ളു. അത് കൊണ്ടാണ് ഇത്തരം ലഹരികൾക്കായി എന്ത് വലിയ വില കൊടുക്കാനും ആളുകൾ തയ്യാറാവുന്നത് .പതിയെ പതിയെ അവർ കര കയറാൻ സാധിക്കാത്ത തരത്തിൽ ലഹരിക്കെണിയിൽ അകപ്പെട്ടു പോകുന്നു.



ലഹരിയുടെ ഉപയോഗം കുറക്കാനും അതുവഴി ഉണ്ടാകുന്ന കുറ്റകൃത്യങ്ങളുടെ എണ്ണം കുറയ്ക്കാനും ഒരു അധ്യാപികക്ക് ഒരുപാട് കാര്യങ്ങൾ ഈ സമൂഹത്തിൽ ചെയ്യാനുണ്ട്. വരാനിരിക്കുന്ന തലമുറയെ സൃഷ്ടിക്കുന്നത് അധ്യാപകർ ആണല്ലോ. സാഹചര്യമാണ് ഏതൊരു കുറ്റവാളിയെയും സൃഷ്ടിക്കുന്നത്. തന്റെ മുന്നിലിരിക്കുന്ന കുട്ടി ജീവിക്കുന്ന സാഹചര്യം എങ്ങനെ ഉള്ളതാണെന്ന് മനസ്സിലാക്കി അവ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകാൻ അധ്യാപകർക്ക് സാധിക്കണം. കുട്ടികൾ ദിവസത്തിന്റെ മുക്കാൽ ഭാഗവും ചെലവഴിക്കുന്നത് സ്കൂളിലാണ്. കുട്ടികളുടെ കൂട്ടുകെട്ട് അവനും സമൂഹത്തിനും ഗുണകരമായ രീതിയിലുള്ള ആണെന്ന് തിരിച്ചറിയാനും തിന്മ കണ്ടാൽ നല്ല രീതിയിൽ പറഞ്ഞു മനസ്സിലാക്കി നന്മയുടെ പാതയിലേക്ക് നയിക്കാനും അധ്യാപകർക്ക് സാധിക്കണം .

കുട്ടികളുമായുള്ള നല്ല രീതിയിലുള്ള ആശയവിനിമയം നിരന്തരം നിലനിർത്തണം. ഒരു നല്ല ശ്രോതാവ് ആവാൻ അധ്യാപിക ശ്രമിക്കണം. കുട്ടികളുമായി മാത്രമല്ല അവരുടെ മാതാപിതാക്കളോട് ആശയവിനിമയം നിലനിർത്താനും കുട്ടിയുടെ പഠന പുരോഗതി, പെരുമാറ്റം, കൂട്ടുകെട്ട് എന്നിവയെ കുറിച്ച് അവർ നിരന്തരം ചർച്ച ചെയ്യണം. ലഹരി ഒരാളുടെ ജീവിതത്തെയും അയാൾ ജീവിക്കുന്ന സമൂഹത്തെയും എത്രത്തോളം കാർന്നുതിന്നുന്നു എന്നതിനെ സംബന്ധിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ, ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിക്കണം. ഇത്തരം പ്രോഗ്രാമുകൾ കുട്ടികൾക്കിടയിൽ മാത്രം ഒതുക്കാതെ അവരുടെ രക്ഷിതാക്കളെ കൂടെ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

ആദ്യാക്ഷരങ്ങൾ ചൊല്ലി കൊടുക്കുന്നതിനോടൊപ്പം ജീവിതം മൂല്യങ്ങളെ മുറുകെ പിടിക്കാനും കുട്ടികളെ പ്രാപ്തരാക്കാൻ അധ്യാപകർക്ക് സാധിക്കണം. ലഹരി ഉപയോഗത്തിന്റെ കറുത്ത വശങ്ങളെ കുറിച്ച് വളർന്നുവരുന്ന തലമുറയെ നിരന്തരം ബോധവാന്മാരാക്കണം. അതിനായി വ്യത്യസ്തങ്ങളായ അധ്യാപന രീതികളെ നമുക്ക് പിന്തുടരാവുന്നതാണ്. ഇങ്ങനെ കുട്ടികൾക്ക് നല്ലൊരു റോൾ മോഡൽ ആയി, ശ്രോതാവായി സുഹൃത്തായി, ലഹരി മുക്തമായ ഒരു പുതു തലമുറയെ പടുത്തുയർത്താൻ നമുക്ക് സാധിക്കട്ടെ.

**നസീബ എം**
**നാച്ചുറൽ സയൻസ്**



കേരളത്തിന്റെ പുതിയ വിദ്യാഭ്യാസ നയം, അഞ്ചാം ക്ലാസ് മുതൽ തൊഴിലും കലയും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് കേവലം ഒരു അക്കാദമിക് മാറ്റത്തിനപ്പുറം, കുട്ടികളുടെ സർഗാത്മകവും തൊഴിലധിഷ്ഠിതവുമായ കഴിവുകൾ വികസിപ്പിക്കാനുള്ള ഒരു ശ്രമമാണ്. പാവനാടകങ്ങൾ എങ്ങനെയാണ് വിനോദത്തിനപ്പുറം ഒരു ജീവിത നൈപുണ്യമായി മാറുന്നതെന്ന് പാവക്കൂത്ത് കലാകാരനായ കൃഷ്ണകുമാർ സാറ് പങ്കുവെക്കുന്നു...



പാട്ടും കൊട്ടും കഥ പറച്ചിലുമായി വിവിധയിനം പാവകളെ നിർമ്മിക്കുന്നതിനുള്ള ബാലപാഠങ്ങൾ പകർന്നു തന്നതിനു ശേഷം, പാവയരങ്ങിന്റെ മുന്നോടിയായുള്ള ഇടവേള ആസ്വദിക്കുകയാണ് കൃഷ്ണകുമാർ സാർ. സർഗാത്മകതയുടെ കെട്ടുറപ്പുള്ള അധ്യാപനം ആധുനിക വിദ്യാഭ്യാസ രംഗത്ത് എത്രത്തോളം മൂല്യവത്താണെന്ന് ഘോഷിക്കുകയാണ് അദ്ദേഹം. കൈവിരലുകളുടെ അസാമാന്യമായ വഴക്കവും തഴക്കവും അദ്ദേഹത്തിന്റെ പാവകളുടെ ചലനത്തിന് പുതുജീവൻ നൽകുന്നു, പുതിയ മാനങ്ങൾ നൽകുന്നു. കഥാപാത്രത്തിന്റെ മാനസിക വ്യാപാരങ്ങൾക്കനുസൃതമായി വരുത്തുന്ന ശബ്ദ വ്യതിയാനങ്ങളും ചടുലമായ നീക്കങ്ങളും കൊണ്ട് പ്രേക്ഷകരെ അദ്ദേഹത്തിന് ആരാധകരാക്കി മാറ്റുവാൻ സാധിച്ചു.

***കുട്ടികളുടെ സർഗ്ഗ ശേഷി വികസിപ്പിക്കുന്നതിൽ പാവക്കൂത്തുകൾക്കുള്ള പങ്ക് എന്താണ്?***

ഏതൊരു കലയെയും മഹത്തരം ആക്കുന്നത് ഒരു സഹൃദയനാണ്. കുട്ടികളുടെ കാല്പനികശക്തിയെ വളർത്തുന്നതിൽ ചെറുതല്ലാത്ത ഒരു പങ്ക് പാവയരങ്ങുകൾക്കുണ്ട്. സാന്ദർഭികമായി കഥാപാത്രങ്ങളെ സൃഷ്ടിക്കാനും ശബ്ദ വ്യതിയാനങ്ങളിലൂടെ അവരെ ചലനാത്മകമാക്കാനും അവരുടെ കഥനശേഷിയെ തേച്ചു മിനുക്കാനുമുള്ള അവസരങ്ങൾ ഇത്തരം പാവയരങ്ങുകളിലൂടെ കുട്ടികൾക്ക് ലഭിക്കുന്നു. ചിത്രരചന, പെയിന്റിംഗ്, വ്യത്യസ്തമായ വസ്തു

ക്കൾ ഉപയോഗിച്ചിട്ടുള്ള നിർമ്മാണം എന്നിവയിലൂടെ അവരുടെ അന്തർലീനമായ കഴിവുകളെ പുറത്തേക്കു കൊണ്ടുവരാനും ഒരു പരിധിവരെ സാധിക്കുന്നു.

***അധ്യാപക വിദ്യാർത്ഥികൾക്ക് ഈ പാവ നാടക ശില്പശാല എത്രത്തോളം ഉപകാരപ്രദമായിരിക്കും?***

മികച്ച പഠന തന്ത്രങ്ങൾ മെനഞ്ഞെടുക്കുന്ന ഒരു അധ്യാപകന് പപ്പറ്റ് ഷോയെ ഒരു ബോധനോപാധിയാക്കി മാറ്റാൻ സാധിക്കും. ഏതൊരു സങ്കീർണമായ ആശയത്തെയും കുട്ടികളുടെ തന്നെ പങ്കാളിത്തത്തോടെ വ്യക്തമായ ആസൂത്രണമികവിൽ ഒരു പപ്പട്രിയാക്കി മാറ്റിയാൽ അത് കുട്ടികൾക്ക് വളരെ അനുഭവഭേദ്യമായിരിക്കും. അത് പഠന പ്രവർത്തനങ്ങളോടുള്ള ആഭിമുഖ്യവും വർദ്ധിപ്പിക്കും. കൂടാതെ ഇത്തരം പാവകൾ നിർമ്മിക്കുന്നത് പാഴ് വസ്തുക്കളിൽ നിന്നായതിനാൽ ഇതു പുനരുപയോഗത്തിനുള്ള ഉദാത്ത മാതൃകയായും അധ്യാപകർക്ക് കാണിക്കാവുന്നതാണ്.

***വിനോദോപാധി എന്നതിലുപരിയായി ഇത്തരം പാവനാടകങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് പരിചയപ്പെടുത്തേണ്ടതിന്റെ ആവശ്യകത എന്താണ്?***

പാവനാടകം കലകളുടെ ഒരു സമ്മേളനമാണ്. കലാ വൈഭവത്തിന്റെ പ്രകാശനമാണ്. കേവല വിനോദത്തിനപ്പുറം ഇതിനെ ഒരു ലൈഫ് സ്കിൽ ആയി ഉയർത്തിക്കൊണ്ടു വരണം എന്നാണ് എന്റെ ഭാഷ്യം. ഒരു കൈത്തൊഴിൽ വശം ഉണ്ടായിരിക്കുക എന്നുള്ളത് ആൺ പെൺ ഭേദമന്യേ പ്രാധാന്യമർഹിക്കുന്നതാണ്. അതുകൊണ്ട് ഈ പാവ നാടക ശില്പശാലകളിലൂടെ പാവ നിർമ്മാണം പരിചയപ്പെടാനും അതിലൂടെ വരുമാനം ഉണ്ടാക്കാനും ആർക്കെങ്കിലും സാധിക്കട്ടെ എന്ന് ഞാൻ പ്രത്യാശിക്കുന്നു.

***പാവക്കൂത്തുകളിലൂടെ മുന്നോട്ടുവെക്കുന്ന ജീവിത ദർശനങ്ങൾ എന്തൊക്കെയാണ്?***

നമ്മുടെ ജീവിതം തന്നെ ഒരു പാവക്കൂത്തിന് സമാനമാണ്. ഒരുവശത്ത് നമ്മുടെ കൈപ്പിടിയിൽ ഒതുങ്ങുന്ന നൂലുകൾ, മറുവശത്ത് നിയന്ത്രണത്തിനും അപ്പുറത്തുള്ള കാര്യങ്ങൾ... നമ്മുടെ ജീവിതം തന്നെ കഥകളുടെ ഒരു ശൃംഖലയാണ്. ഓരോ മനുഷ്യനും ഒരു കഥാപാത്രവും.., ചിലർക്ക് പ്രധാന വേഷം ആയിരിക്കാം, മറ്റുചിലർ നിമിഷനേരം കൊണ്ട് കണ്ണിൽ നിന്നും മറയും. എന്നിരുന്നാലും ഓരോ കഥാപാത്രത്തെയും ജീവസുറ്റതാക്കി തീർക്കാൻ നാടകക്കാരന്റെ മാന്ത്രിക വിരലുകൾക്ക് സാധിക്കും. ഏതൊരു പാവക്കൂത്ത് അവസാനിച്ചാലും അതിന്റെ ഓർമ്മകൾ അവിടെ ശേഷിക്കും അതുപോലെ തന്നെ നമുക്ക് ശേഷവും നമ്മുടെ ചെയ്തികൾ ഓർമിക്കപ്പെടും...

തയ്യാറാക്കിയത്
മുബശ്ശിറ ബിൻസി
സ്നേഹ ടി



# പകിട...
# പകിട...
# പകിട...





# മനസ്സിന്റെ ആഴങ്ങളിൽ ....!

എന്നിൽ പൊലിയുന്ന സൂര്യവെളിച്ചമേ,
നിനക്കറിയില്ലല്ലോ... ഞാൻ മറച്ചിരിക്കുന്ന
കനമുള്ള ശ്യാമമേഘങ്ങൾ. അവ മഴയായ്
പെയ്തൊഴിയാൻ കാത്ത്, നിൽക്കുന്നു ഞാൻ
-നിശ്ചലമായി... നിർനിമിഷമായി....

ജീവിതമാം അലകടലിൽ നീന്തുമ്പോൾ,
ക്ഷണനേരം കണ്ട മോഹനമായ പവിഴപ്പുറ്റുകൾ,
ചെന്നെത്തി – ആഴമുണ്ടെന്നറിഞ്ഞു.
മുറിവുകൾ നിറഞ്ഞ കടലിന്റെ ഇടനാഴിയിൽ.
ഇടുക്കിൽ അകപ്പെട്ടപ്പോൾ, മനസ്സിൽ
മുളച്ചുപോയി മൺമറഞ്ഞ നിലശലഭങ്ങളുടെ
ഓർമ്മകൾ.

മറക്കാൻ ആഗ്രഹിച്ചു ഞാൻ, പക്ഷേ
മറവിയിലേക്കാണ് ഞാൻ മറഞ്ഞത്
-അവയോടൊപ്പം.

ഇപ്പോൾ, എന്റെ സുന്ദര വെളിച്ചമേ, നിന്റെ
കത്തുന്ന ജ്വാലയുടെ നിഴലിൽ ഞാൻ ദഹിച്ചു,
വിരളമായി നീറി, പുനരുജ്ജീവിതയായി ഉയർന്നു,
ഇപ്പോൾ ഞാൻ – നിന്നിലെ ഞാൻ ആയി നീ
ആയിത്തീർന്ന ഞാൻ.

എന്നാലും, ഒരിക്കൽ എനിക്കറിയാമായിരുന്നൊരു
മുഖം പോലെ, നീ എത്ര പുതിയ നിറങ്ങൾ
കാണിച്ചാലും, എൻ കൺമുന്നിൽ പടരുന്നത്
പഴയൊരു കനൽപ്പാടാർപ്പാണ്. ഇത് വീണ്ടും
നാശത്തിന്റ കനലോ? അല്ലെങ്കിൽ തുറന്ന
ആകാശത്തിന്റെ പ്രതീക്ഷക്കിരണങ്ങളോ?
അറിയില്ല...

സ്നേഹ മേനോൻ. പി
അസിസ്റ്റന്റ് പ്രൊഫസർ

# സ്നേഹം



ഇവിടെ സ്നേഹിച്ചതാദ്യമായ് ആരെ ഞാൻ
മിഴികളിൽ ചുണ്ടു ചേർത്തൊരമ്മയെ
കൈ പിടിച്ചുയർത്തിയൊരച്ഛനെ
വഴിയൊരുക്കുവാൻ വന്ന ഗുരുവിനെ
ഇവിടെ സ്നേഹിച്ചതാദ്യമായ് എന്തിനെ
ചുവടുതാങ്ങി തുണച്ചോരീ മണ്ണിനെ
പിറവിയോടടുത്തു കണ്ട സദസ്സിനെ
മധുരമൂറും മനുഷ്യവചസ്സിനെ
കിളികൾ വാഴ്ത്തുന്ന മധുരരാഗത്തിനെ
ഹൃദയരാഗം ചുവപ്പിച്ച സന്ധ്യയെ
ഇരുളു നീക്കുന്ന സുവർണ്ണ സൂര്യനെ
അഴകിൽ മുങ്ങിയൊരിന്ദ്രധനുസ്സിനെ
അലിവുകാട്ടുന്ന കാർമേഘ പാളിയെ
നിഴൽ നിരത്തുന്ന നിശബ്ദ രാത്രിയെ
പ്രതീക്ഷകൾ നിറഞ്ഞ പകലിനെ
ഇവിടെ സ്നേഹിച്ചതാദ്യമായ് ആരെ
ഞാൻ പോറ്റി വളർത്തിയ ഭൂമിയെന്നമ്മയെ

ഷഹ്‌ല സഹ്ദിയ്യ
ഫിസിക്കൽ സയൻസ്

# നടുപ്പേജ്

അസ്മ ആരിഫ് ടി.ടി
നാച്ചറൽ സയൻസ്

പ്രണയപുസ്തകത്തിലെ നടുപ്പേജായി
പിറന്നാൽ
കീറിയെടുത്താലും ഒരുമിച്ചിരിക്കാം
എന്ന് ആരോ പറഞ്ഞ് കേട്ടാണ് നാം
പ്രണയപുസ്തകത്തിലെ
നടുപേജുകളായത്.
അതുകൊണ്ടുതന്നെയാണ് നമ്മെ
കീറിയെടുത്തപ്പോഴും ഞാൻ
ആശ്വസിച്ചത്;
എന്തായാലും ഒന്നിച്ചിരിക്കാമല്ലോ,
പക്ഷെ, ജീവിതം നിന്നെ വിമാനമാക്കി
പറത്തിവിട്ടു,
ഞാൻ ഒരു ഇടവപ്പാതിപെറ്റ മഴയിൽ
തോണിയായി, തണുത്ത്, മരവിച്ച്
കുതിർന്നില്ലാതായി

# നിലാചന്ദ്രൻ

ഒരു ഇളംതെന്നലിനായി
എൻ ജാലകവിരി പതിയെ നീക്കിയ ഞാൻ
അങ്ങ് അകലെ പുഞ്ചിരി തൂകി നിൽക്കുന്ന നിന്നെ
കണ്ടു
നിന്റെ പ്രകാശം എന്റെ മിഴികളെ തഴുകിയപ്പോൾ
നിൻ ശോഭയിൽ ഞാൻ മതിമറന്നു നിന്നു.
മണ്ണിലേക്ക് ഇറങ്ങി വരാൻ കൊതി പൂണ്ടു നിൽക്കും
നിന്നെ
താരങ്ങൾ കളിയാക്കി ചിരിക്കും പോൽ
നിന്നരികിൽ അവർ നൃത്തം ചെയ്യുന്നുവോ
താരങ്ങൾക്കും മേഘങ്ങൾക്കും ഇടയിൽ നീ
തെന്നിതെന്നി എന്നെ നോക്കും പോലെ
എൻറെ കൂടെ ഓടിയും ചാടിയും എന്നും രാത്രിയിൽ
കൂട്ടായി വന്നു മേഘങ്ങൾക്ക് ഇടയിലൂടെ എന്നെ
ഒളിക്കണ്ണിട്ട്  നോക്കുന്നത് ഞാൻ കാണുന്നു പ്രിയനേ
നിത്യവും നിന്നെ കാണാൻ എന്റെ ജാലകം ഞാൻ
തുറന്നിട്ടില്ലയോ
ചാഞ്ഞും ചരിഞ്ഞും എന്നും നാം കൂട്ടായി
ഇരിക്കുമ്പോൾ
നിൻ രൂപത്തിൻ ഭംഗിയിൽ ഞാൻ മയങ്ങി ഒരു വേള ഒരു
പരിമളം എന്നേ തഴുകിയപ്പോൾ അറിയാതെ എൻ
കണ്ണുകൾ ജാലകച്ചുവട്ടിലെ നിശാഗന്ധിയിൽ പതിഞ്ഞു
അല്ലയോ കള്ളകാമുകാ നീ ഇത്രനേരം നോക്കിയത്
നിൻ കാമുകിയെയായിരുന്നുവെന്നത്
ഞാനറിഞ്ഞിരുന്നില്ല

ഖമറുന്നിസ
സോഷ്യൽ സയൻസ്



# ഉള്ള്



ജനലഴിക്കുള്ളിലൂടെ അരിച്ചിറങ്ങുന്ന
പ്രകാശം കൈവെള്ളയെ തലോടി
പാതി തുറന്നോരാ പുസ്തകത്താളിൽ
അസ്തമയ സൂര്യന്റെ നാമ്പുകൾ
തിളങ്ങയായ്
നീ വരികില്ലെങ്കിലും സഖീ
എനിക്കീ യാത്ര തുടരണം
എനിക്കറിയണം കവികൾ പാടി-
ത്തളർന്ന ഹൃദയം നുറുങ്ങുമാ വേദന
കാൽത്തടങ്ങൾ കറുക്കുമാ യാതന

| ഹന്നൂന
| നാച്ചുറൽ സയൻസ്



# സമയം

നിനക്കായ് ഞാൻ കാത്തുവെച്ച സമയം
നീ അറിയാതെ മാഞ്ഞു പോയ്
സായാഹ്നങ്ങളിൽ
ഞാൻ നിനക്ക് വേണ്ടി വന്നപ്പോൾ
നിന്നിലെ സമയം തിരക്കായി മാറി
നിന്നെ ഞാൻ ഓർത്തിരിക്കുന്ന സമയം
ഇന്നെനിക്ക് വിവഹമായി മാറി
ഇനിയെന്ന് കാണുമെന്നുള്ള സമയം
നിന്നിൽ അത് ശൂന്യമായി പോയി

| സംഗീത
| നാച്ചുറൽ സയൻസ്



# മഞ്ഞവെയിൽ മരണങ്ങൾ

–ബെന്യാമിൻ

മഞ്ഞവെയിൽ മരണങ്ങൾ എന്ന ബെന്യാമിന്റെ നോവൽ വായിച്ചു തീർക്കാൻ എനിക്ക് വേണ്ടി വന്നത് രണ്ടുദിവസം മാത്രമാണ്. ഡിസി ബുക്സ് ആണ് ഇത് പബ്ലിഷ് ചെയ്തിട്ടുള്ളത്. സത്യത്തിൽ ആ പുസ്തകം കൈവശം വയ്ക്കാൻ തുടങ്ങിയിട്ട് രണ്ടാഴ്ചയിലേറെ ആയിക്കാണും, പുസ്തകം തുറക്കാനുള്ള മടിയെ ഉണ്ടായിരുന്നുള്ളൂ. വായിക്കാൻ തുടങ്ങിയതോട് കൂടി പിന്നെ എനിക്ക് താഴെ വെക്കാൻ തോന്നിയിട്ടില്ല. ഈ ആസ്വാദനനുഭവം ഇപ്പോൾ തന്നെ എഴുതിയില്ലെങ്കിൽ ഞാൻ എൻറെ ഉള്ളിലെ സ്വഹൃദയത്തോട് ചെയ്യുന്ന അപരാധമായി പോകും. അത്രയ്ക്കും എന്നെ പിടിച്ചിരുത്തിയ എൻറെ ആത്മാവിനെ സ്പർശിച്ച നോവൽ ആയിരുന്നു ഇത്.

ആടുജീവിതത്തിനു ശേഷം ഞാൻ വായിക്കുന്ന ബെന്യാമിന്റെ രണ്ടാമത്തെ നോവൽ ആണിത്.ഇത് ആത്മകഥാപരമാണ്. 'കഥാകൃത്തിന്റെ അതിനേക്കാൾ ഉപരി എഴുത്തുകാരൻ ആവണമെന്ന് സ്വപ്നം കണ്ടു നടന്ന ഡീഗോ ഗാർഷ്യയിലെ ആന്ത്രപ്പേറിന്റെ ആത്മകഥ എന്ന് പറയുന്നതാവും ഉചിതം.

മഞ്ഞ വെയിൽ മരണങ്ങളിലെ രത്ന ചുരുക്കം എന്തെന്നാൽ നോവലിസ്റ്റിന്റെ ഇമെയിലിലേക്ക് വന്ന അജ്ഞാതന്റെ സന്ദേശമാണ് – അദ്ദേഹം തൻറെ ജീവിതകഥ എഴുതുവാൻ നോവലിസ്റ്റിനോട് അഭ്യർത്ഥിക്കുകയാണ്. എഴുതപ്പെടാൻ മാത്രം സംഭവബഹുലമായ ജീവിതമാണോ അദ്ദേഹം നയിച്ചിരുന്നത് എന്ന് നമുക്ക് മനസ്സിലാക്കുന്നതിലൂടെയാണ് നോവൽ ജീവനുള്ളതാവുന്നത്. ഉദ്യോഗപരിതമായ നിമിഷങ്ങളും, നിരാശാജനകമായ നിമിഷങ്ങളും നിറഞ്ഞ ഒരു ചെറുപ്പക്കാരന്റെ ജീവിതമാണ് ഈ നോവലിൽ പകർത്തി വച്ചിരിക്കുന്നത്.ഇതിലെ കേന്ദ്ര കഥാപാത്രം എന്ന് വിശേഷിപ്പിക്കാവുന്ന ക്രിസ്റ്റി ആന്ത്രപ്പേർ– 28 വയസ്സുള്ള തൊഴിൽരഹിതനായ ചെറുപ്പക്കാരൻ മാത്രമല്ല, ഡീഗോ ഗാർഷ്യ എന്ന ദ്വീപിലെ അതി പൗരാണികരായ ആന്ത്രപ്പേർ കുടുംബത്തിലെ സന്തതിയാണ്. പണ്ട് ഇവിടം ഭരിച്ചിരുന്ന കുടുംബമായിരുന്നു അവരുടേത്. അദ്ദേഹത്തിന്റെ വലിയ പപ്പാ ചെറുപ്പം ആയിരിക്കുന്ന സമയത്താണ് അവർക്ക് രാജ്യപദവി നഷ്ടമാകുന്നത്. പാരമ്പര്യത്തോടുള്ള ഭക്തി അവിടത്തുകാരിൽ ഇപ്പോഴുമുണ്ട്. എഴുത്തുകാരൻ ആവണമെന്ന ആഗ്രഹവുമായി ജീവിക്കുന്ന വ്യക്തിയാണെങ്കിലും അതിനുവേണ്ടി കഠിനമായി പരിശ്രമിച്ചിട്ടില്ല എന്നു മാത്രം.

അദ്ദേഹത്തിന്റെ അലസമായ ജീവിതത്തെ ഒരു കോഫി ഷോപ്പിൽ വച്ചുണ്ടായ സംഭവം ആകെ മാറ്റിമറിക്കുന്നു. അതൊരു വെടിവെപ്പായിരുന്നു. അതിൽ മരിച്ചതോ, പത്ത് വർഷത്തിലധികമായി ഒരു കോൺടാക്ട് ഇല്ലാതിരുന്ന സ്കൂൾ സഹപാഠി. എന്നാൽ ആ വെടിവെപ്പിന് അവിടുത്തെ പബ്ലിക് സെക്യൂരിറ്റി ബോധപൂർവ്വം ഇല്ലായ്മ ചെയ്യുകയാണ്. സെന്തിൽ എന്ന സഹപാഠിയുടെ കൊലപാതകത്തെ കുറിച്ചുള്ള അന്വേഷണം ആണ് പിന്നീട് അദ്ദേഹത്തിന്റെ ജീവിതചര്യയായി മാറുന്നത്.

അദ്ദേഹം തന്നെ ആത്മകഥാപരമായ സംഭവങ്ങളെല്ലാം ഓരോ ഭാഗങ്ങളായി വ്യത്യസ്തമായ ഏഴ് പേരുടെ കയ്യിൽ ഏൽപ്പിച്ചിരുന്നു. ഇത്രയും ഉദ്വേഗം ജനിപ്പിക്കുന്നതും സത്യസന്ധവുമായ ജീവിതത്തിന്റെ പൊരുൾ തേടി കഥാകൃത്തും സുഹൃത്തുക്കളും യാത്ര തുടരുകയാണ് ഇവിടെ. സെന്തിലിന്റെ കൊലപാതകത്തിൽ എങ്ങനെയായാലും തീവ്രവാദ സ്വഭാവം ഉണ്ടെന്ന് വ്യക്തമാണ്. അതിനെ സാധൂകരിക്കുന്ന വിശദാംശങ്ങൾ നമുക്ക് നോവലിൽ നിന്നും ലഭ്യമാണ്.

ഒരു സസ്പെൻസ് ത്രില്ലർ വായിക്കുന്ന മൂഡിലാണ് കഥ ഒരുക്കിയിരിക്കുന്നത്. ബെന്യാമിന്റെ കഥന ശൈലി തന്നെയാണ് ഈ കൃതിയുടെ മുഖ്യ ആകർഷണം. സത്യസന്ധമായ ജീവിതങ്ങൾ ഇതിനെ അനുവേവേദ്യമാക്കുന്നു.

മഞ്ഞ വെയിൽ മരണങ്ങൾ എന്ന നോവൽ വായിച്ചു തീർത്തപ്പോൾ എന്തെന്നില്ലാത്ത മാനസിക സംതൃപ്തിയാണ് അനുഭവിച്ചത്. ഒരുപാട് കാലമായി ഒരു നോവൽ ഇത്ര ഉത്സാഹത്തോടെ വായിച്ചിട്ട്. അതിൻറെ ആവേശം ഇപ്പോഴും എന്നെ വിട്ടു പോയിട്ടില്ല.

**റഫത്തുന്നിസ**
നാച്ചുറൽ സയൻസ്

# The Kids of Heaven

The kids of heaven they were
Woke up to the roar of bombs
They witnessed the most
Heartbreaking moments
They suffered
The immense pain and sorrow
They were frightened
By the cruelty of enemies.
They never tasted
The fragrance of peace and joy
They never slept
Without fear
They were always
Shivered by anxiety
They were brave when their parents
Marked their body parts
They were cried when
Their brother's brain exploded
They wept when they found
Their little sister's last will
They begged for help
When they lost parents
They bleed from
The deep wounds of the soul
The weapon destroyed their
Homes and toys within their dreams
In tombs of favorites, they
Burried their hopes and wishes
Yet, they tried to survive
With infinite trust God
But, they were brutally killed
By the silence of humanity!

Jameela
English









# ഒരു ഇന്റർനാഷണൽ അഡ്മിഷൻ

അയാൾ ഇടയ്ക്കിടെ വാച്ചിലേക്ക് നോക്കുന്നുണ്ട്. സമയം ഇത്ര വേഗത്തിലാണോ ഓടുന്നതെന്ന് സംശയം തോന്നും അയാളെ കണ്ടാൽ.
സെക്കന്റ് സൂചിയേക്കാൾ വേഗത്തിൽ അയാൾ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു. 'നിങ്ങൾ ഒന്നിരിക്കൂ, ഇതെത്ര നേരമായി ?' - മറ്റൊരാൾ ചോദിച്ചു. കേട്ട ഭാവം പോലും ഇല്ലാതെ അയാൾ നടത്തം തുടർന്നുകൊണ്ടിരുന്നു.
'അഡ്മിഷൻ കിട്ടി' .
തെളിഞ്ഞ മുഖവുമായി ഭാര്യ LKG യിലേക്ക് ചേർക്കാനുള്ള കുട്ടിയുമായി പ്രിൻസിപ്പാളിന്റെ ഓഫീസ് വാതിൽ തുറന്ന് പുറത്തേക്ക് വന്നു.
അയാൾ ആകാശത്തേക്ക് നോക്കി ഒന്നു നെടുവീർപ്പിട്ടു. അപ്പോഴേക്കും അയാൾക്കിരിക്കാനുള്ള സ്ഥലമൊഴിഞ്ഞ് മറ്റൊരാൾ നടത്തം തുടങ്ങിയിരുന്നു...

സ്നേഹ
ഫിസിക്കൽ സയൻസ്



# Smile Of Broken Hearts

They smile till their last breath
They didn't blame anyone
They didn't curse their fate
No one in this world
Couldn't save...

They smile till their last breath
They struggle to feed their little
They never get ashamed to
Shower blessing

Gaza has tolerated a tragic life
Even they smile till their
Last breath...

Every blood drop shows
Memory of their patience
Still, they smile
Till their last breath...

Muhsina V P
Social Science

# Crushed flower

Still, I am Searching
Behind your every footstep ...,
To my pure soul,
Where is it?
Yes, it is there in your vein,
That Flowing through your body.
Through the bunch of crushed flowers.
I saw your wounded heart

It still flowing...!
It makes a way to me,
Searching for my love,
But my broken rose...
Now I am far away from you.
At first, I am blind in front of,
your love
I forgot to take
your fragrant rose
Still, I act as a blind -
In front of your blooded rose
I am helpless...
Now I can't smell you,
The fragrance of my memories

But still, I am searching for you
To recollect my lost one...
My pure soul
It's there in your-
Broken - Red flower

Anagha M K
English

# ജീവിതം



അവൻ ചോദിച്ചു ,
ജീവിതമേ നിന്റെ മാധുര്യം
നുകർന്നവനാര്
ജീവിതമേ നിന്നിലലിഞ്ഞ്
ആത്മസംതൃപ്തിനേടിയതാര്.
ജീവിതം മറുപടിനൽകി
മനസ്സു പറയും വഴിയേ ജീവിച്ചവർ
എന്നെ ആവോളം നുകർന്നു
ചങ്ങല കണ്ണികൾ പൊട്ടിച്ചെറിഞ്ഞവർ
എന്നെ മതിവരുവോളം പുണർന്നു
അന്തിയിൽ തിരിഞ്ഞു നോക്കി
കരഞ്ഞു കൊണ്ടവൻ പറഞ്ഞു
ജീവിതമേ എനിക്ക് നിന്നെ
പ്രാപ്തമാക്കാനായില്ലല്ലോ......

പാർവതി എം.വി
നാച്വറൽ സയൻസ്




# പുഴ

പുഴയൊഴുകും വഴി
പുഴ കരയും വഴി
വരണ്ട നീർച്ചാലുകൾക്കിടയിലൂടെ
ഉണങ്ങിയ നെൽപാടത്തിനിടയിലൂടെ
കഴിഞ്ഞ മഴയിൽ പുഴ പറഞ്ഞ
വഴികളിലൂടെ
കുത്തൊഴുക്കില്ലാതെ പുഴയൊഴുകുന്നു.
കുതിച്ച് പായാൻ മീനുകളില്ലാതെ
വെള്ളാരം കല്ലിന്റെ തെളിച്ചമില്ലാതെ
ശാന്തമായി പുഴയൊഴുകുന്നു
മാലിന്യങ്ങളാൽ നിറഞ്ഞ്
നിറം മങ്ങിയ ശരീരത്തോടെ
അറപ്പുളവാക്കുന്ന സുഗന്ധത്തോടെ
കല്ലുകളിൽ തട്ടി ശരീരം തളർന്ന്
മഹാസാഗരത്തിൽ ചെന്നലിയുവാനായി
ശാന്തമായി പുഴയയൊഴുകുന്നു

അനന്യ
ഫിസിക്കൽ സയൻസ്

# IMPRISONMENT



An invisible heavy chain,
bounded at the wrist.
In search of flickering light
in the darkest night.

Lost herself in the echoes of past,
Drowned in the waves of future.
Whispering hope fades away,
Thus present slips away.

Past, the uninvited guest
Future, weighed on the chest
Present, worries the rest
Thus, takes away her best.

Slept for temporary escape,Dream
the life dreamt of,
The sudden awakening reminds,
"She dwells within the cell of her
mind.."

Sobitha P
English

# LETTER OF DESTITUTE

Literature is the arena of both realistic and imaginary world. By the depiction of realistic life experiences it will become more captivating and striking one .As per the views of Plato, literature and art is imitating and showcasing the unacceptable and uncomfortable truth in our life.

Malayalam writer Benyamin's "Aadu Jeevitham" is revealing such an uncomfortable truth to the main stream of the society .This was a phenomenal success. Benyamin undoubtedly the most widely read contemporary Malayalam writer, has written 15 books ,including six novels and short story collections .His novel "Aadu Jeevitham" was as spectacle into itself that has now reached 100 editions. It won numerous awards including 'Kerala Sahitya Academy Award'. The English translation "Goat Days" was short listed for the DSC prize in 2013.The book's Arabic version was banned in Saudi Arabia and the UAE .In this novel, the writer shows a great deal of maturity in the choice of theme and the way he has tackled it .Through his sensitive and poignant portrayal of the trials and tribulations of Najeeb , employee ,the writer draws our attention to the dark underbelly of the much eulogized life of the gulf malayali. The riveting flow of the narrative and the twist and turns in the story ensure that the reader has to finish reading the book at one go.

The story tells us about the life of " Najeeb" who went abroad to fulfill the small dreams in his life leaving his pregnant wife and old mother at home .But unfortunately , instead of reaching' Riyadh' ,he reaches a goat rearing farm somewhere in Saudi Arabia .He gets trapped by the supervisor who is shown as a brutal and cruel man. Najeeb was forced to look after the goats .He was starving quite a lot and at other times, he was given 'khubbos' and cold water .He was not allowed to take baths as supervisor considered it as a waste of water .As a whole, he was not even getting the



considerations that the goats got .His job was to take the goats to the nearby hills to feed them. He spends almost all his time with the goats, eating, sleeping with them. Nobody was there to speak with him. The only keralite was a truck driver whom he met very rarely. So he found satisfaction himself by speaking with the goats. He assigned names to each goats and always spoke with them. He wrote letters to his wife though he knew that he couldn't send them. He never wrote hardships he faced in these letters. He tried his level best to withstand and survive through all the difficulties he faced and never tried to commit suicide

He was surrounded by the vast desert and he tried to find shelter, even behind stones. Whenever he tried to escape from there, he was caught by the supervisor. Najeeb feels that he has become a goat, living with the goats. Finally he escapes from there. The portrayal of Najeeb as a man caught in the web of time and fate unable to shake himself free, gnaws at the heart of the reader .The author is successful in understanding stance of life

"Aadu Jeevitham" is a book like no other, it will occupy a special space in Malayalam literature .This is a real life story and we can't imagine how hard it would have been. This is a book that brings tears to the eyes of the reader. There are many people who go abroad legally or illegally, who fall in traps of heartless agents and merciless job providers. The cover of the book quotes"All life which we didn't experience are just fables for us". One gets to experience the pulse of a person who suffered a lot in the desert, by reading this book. This book is full of life which spill tears from our eyes, which will fill our minds with thoughts, help us to appreciate the conditions we live in and look at life on a positive note. More than this ,the book will raise the humanity in an individual to sympathize to a fellow humans feeling.

Mahroofa Thasni
English



# WHO AM I ?

Who am I?
What can I do?
What do people think about Me?
I don't know!

I am just a boy
I am a silly kid and
That's what people call me!

But I know I am more than that
I am a person who can dream
I can dream better than the people who call me silly

In my dreams I am a hero, I am the most lovable person
But in the real world, I am not!
But still, I believe that I am a hero in someone's heart
I am the most lovable person for someone...!
And I am important to that person
So, I am great!
And I am not silly.

Jasmiya
English



# Go Ahead

Dispel the darkness,
Spread your light.
Unfurl your wings,
And take flight
Untiring, bold, and bright.
Climb higher,
Reach further,
Without fear, without falter.
Be strong
Endure the storm,
Survive the times,
Transform and reform.
Stand by me
My shade, my strength,
Let's hold hands,
And walk life's length.
Together we rise,
Together we stay
Go ahead now,
And fly away.

Fahmidha PVP
Natural Science



# പെണ്ണ്

ഇവിടെ തുടങ്ങുകയായ്
അവളുടെ ഒരു ദിനം...
നേരമായ് എണീക്കു നീ
ട്ർണീം...ട്ർണീം... അലാറം അടിച്ചു
ഈശ്വരാ വൈകിയോ!
ഞെട്ടിപ്പിടഞ്ഞെണീറ്റോടലായ്
ലക്ഷ്യം അതൊന്നടുക്കള മാത്രം

വയ്യ എനിക്കിനിയുമിതുതുവാൻ
പുകയൊക്കെയും പാറിപ്പറക്കുന്നു
കരിപുരണ്ട ചട്ടിയോടും
വെട്ടം വിതക്കാത്ത നാളത്തിനോടും
തെല്ലു പരിഭവത്തോടവർ മന്ത്രിച്ചിടുന്നു

കൺതിരുമ്മിയതാ വരുന്നു
കുഞ്ഞാവയമ്മേയെന്നു വിളിച്ച്
ആറ്റിത്തണുപ്പിച്ച ചായ കൊടുത്തിട്ട്
വീണ്ടും നെട്ടോട്ടമോടുന്നവളതാ
പിന്നെയങ്ങോട്ടൊരു യന്ത്രമായവളതാ
വളയം പിടിച്ചാ വീടിന്റെ ഡ്രൈവറായ്
തട്ടാതെ മുട്ടാതെ എല്ലാം ഒരുക്കലായ്
താനെന്ന സ്വത്വത്തെ പാടെ മറന്നിട്ട്

ആശയോ നിരാശയോ
തൻ ഭാവമെന്തന്നോ
ഓർക്കാതെയോടുന്ന
വീടിന്റെ നാളമായ്

കത്തിയമരുന്ന  ചിരാതിൻ നാളങ്ങൾ
ഒരുപക്ഷേയവളുടെ സ്വപ്നമാവാം
ഉള്ളാലുരുകി വെട്ടം വിതറും
ദീപം ജ്വലിക്കട്ടെ
വെട്ടം പകരട്ടെ
വിശ്വം ജ്വലിക്കട്ടെ
എന്നുമെന്നും

ജസീല എപി
ഇംഗ്ലീഷ്




# കൂട്

ഹോ...എന്തൊരു തണുപ്പ് ഇന്നെന്താ ഇത്രയ്ക്ക് തണുക്കാൻ?' അവൾ തന്റെ കമ്പിളി പുതപ്പ് കൈ എത്തിച്ചുനോക്കി.ഇല്ല, താഴെ വീണിട്ടുണ്ടാകും. എഴുന്നേൽക്കാൻ നോക്കിയിട്ട് സാധിക്കുന്നില്ല. എവിടെയോ നിന്ന് വരുന്ന തണുത്ത കാറ്റ് അവളെ കുത്തി നോവിക്കുന്നുണ്ട്. ഇന്നലെ ഞാൻ ജനൽ അടക്കാൻ മറന്നിട്ടുണ്ടാകും. പുറത്തു പോകാൻ ഉപ്പയും ഉമ്മയും സമ്മതിക്കില്ല. പിന്നെ പുറത്തെ കാഴ്ചകൾ കാണാൻ ഒരേയൊരു വഴി ഈ ജനവാതിലാണ്. അതിലൂടെ പുറം കാഴ്ചകൾ നോക്കി നിൽക്കും കുഞ്ഞിനെയും പക്ഷികളെയും മേഘങ്ങളെയും നോക്കിനിൽക്കുമ്പോൾ സമയം പോകുന്നത് അറിയില്ല. അപ്പുറത്തെ ഫ്ലാറ്റിലെ ജനലിൽ കൂടുവെച്ച രണ്ടു പ്രാവുകൾ ആയിരുന്നു അവളുടെ പ്രധാന നിരീക്ഷണ വിഷയം. അവ കൂടുവയ്ക്കാൻ തുടങ്ങിയത് മുതൽ അവൾ അവയെ നിരീക്ഷിക്കാൻ തുടങ്ങിയതാണ്. കൂടു വയ്ക്കാൻ കമ്പുകൾ അടുക്കുന്നതും തീറ്റ തേടുന്നതും മുട്ടയിട്ട് അതിന് അടയിരിക്കുന്നതുമെല്ലാം അവൾക്ക് കൗതുകമായിരുന്നു. ഓരോ ദിവസവും അവൾ അവയെ പോയി നോക്കും, മുട്ടകൾ വിരിഞ്ഞു പുതിയ കുഞ്ഞിപ്രാവുകൾ പുറത്തേക്ക് വന്നോയെന്ന്. ചിലപ്പോഴൊക്കെ ചില കള്ള കാക്കകൾ പ്രാവുകൾ ഇല്ലാത്ത തക്കം മുട്ടകൾ നശിപ്പിക്കാൻ

വരും, അപ്പോഴൊക്കെ താനായിരുന്നു അവയെ അകറ്റി മുട്ടകൾ സംരക്ഷിച്ചിരുന്നത്. എന്നാണാവോ അവ വിരിയുന്നത്?

അടയിരിക്കുന്ന സമയത്ത് പ്രാവുകൾ അവയുടെ കുഞ്ഞുങ്ങൾക്ക് കഥകൾ പറഞ്ഞു കൊടുക്കും തന്റെ ഉമ്മ തനിക്ക് കഥകൾ പറഞ്ഞു തരുന്നതുപോലെ ചിലപ്പോൾ ഉമ്മ പറയാറുള്ളത് പോലെ തനിക്ക് മുകളിൽ പറക്കുന്ന പരുന്തുകളെ കുറിച്ച് രക്ഷപ്പെടേണ്ട മാർഗ്ഗങ്ങളെ പറ്റിയും അവരെ അറിയിക്കുകയാവും...

എത്രയോ തവണ ആ പരുന്തുകൾ അവയെ ആക്രമിക്കാൻ ശ്രമിച്ചിട്ടുണ്ട്, എങ്കിലും തന്റെ മുട്ടകൾ തൂവലുകൾക്കുള്ളിൽ സംരക്ഷിച്ചു അതേ കൂട്ടിൽ തന്നെ ആ പ്രാവുകൾ നിലകൊണ്ടു. അതേ പോരാട്ടവീര്യം തന്റെ കുഞ്ഞുങ്ങൾക്കും പകരുന്നതാവും.

തണുപ്പിന്റെ കാഠിന്യം കൂടി വരുന്നുണ്ട്. ഓടിപ്പോയി ജനവാതിൽ അടയ്ക്കണമെന്നുണ്ട്. എന്തുകൊണ്ടോ കഴിയുന്നില്ല...താൻ സ്വപ്നം കാണുന്നതാണോ?

വല്ലാത്ത വിശപ്പനുഭവപ്പെട്ടപ്പോഴാണ് അവൾ കണ്ണുകൾ തുറന്നത്. എവിടെനിന്നോ ഒരു പ്രകാശകിരണം കണ്ണിൽ പതിച്ചപ്പോൾ കണ്ണുകൾ ഇറുക്കിയടച്ചു. വീണ്ടും വിശപ്പ് അവളെ പുണർന്നു. അവൾ എഴുന്നേൽക്കാൻ നോക്കി, കഴിയുന്നില്ല! ചുറ്റും ഇരുട്ട് തന്നെയാണ് കൂടുതലും... താൻ എവിടെയാണ്?

ഇത് തന്റെ വീടല്ല!ദേഹമാകെ വേദനിക്കുന്നുണ്ട്. ദൂരെയെങ്ങോ നിന്ന് ഊർന്നുവരുന്ന വെളിച്ചത്തിൽ അവൾ തിരിച്ചറിഞ്ഞു.

താൻ എവിടെയോ അകപ്പെട്ടതാണ്. ശരീരം ഒന്ന് നിവർത്താൻ പോലും കഴിയുന്നില്ല, വല്ലാത്ത ഭാരം തനിക്ക് മുകളിലുണ്ട്. മെല്ലെ അവൾ മുഖം ഒന്നുയർത്തി. കാണാവുന്ന കോണുകളിലേക്ക് വീക്ഷിച്ചു. താൻ കല്ലും പൊടിയും നിറഞ്ഞ നിലത്താണ് കിടക്കുന്നത്. ഏതാണീ സ്ഥലം? അപ്പോഴാണ് കുറച്ച് അപ്പുറത്തായി കിടക്കുന്ന തന്റെ കുഞ്ഞനിയനെ കാണുന്നത്. പക്ഷേ അവന് ബോധമുണ്ടായിരുന്നില്ല. ' യൂസഫ്.. യൂസഫ്.. എഴുന്നേൽക്ക്' അവൾ അവനെ വിളിച്ചുനോക്കി. ഒരു പ്രതികരണവും വന്നില്ല.

കയ്യെത്തിച്ചു വിളിക്കാൻ നോക്കിയിട്ട്ട് കഴിയുന്നില്ല. അവളാകെ പരിഭ്രമിച്ചു. എഴുന്നേൽക്കാൻ കഴിയാത്തതിനാൽ അവൾ നിരങ്ങി നീങ്ങി അവന്റെ അടുത്തെത്തിയതും അവൾ അതുവരെ ഉണ്ടായിരുന്ന സ്ഥലത്തേക്ക് ഒരുപാട് സിമന്റ് പാളികളും മറ്റും വന്നുവീണു . അപ്പോഴാണ് തങ്ങൾ കുടുങ്ങിക്കിടക്കുന്നത് തകർന്നടിഞ്ഞ തങ്ങളുടെ ഫ്ലാറ്റിന്റെ അവശിഷ്ടങ്ങൾക്ക് അടിയിലാണെന്ന് അവൾ തിരിച്ചറിയുന്നത്. പിന്നീട് എത്രയും പെട്ടെന്ന് രക്ഷപ്പെടാനും തങ്ങളുടെ അച്ഛനമ്മമാരെ കണ്ടെത്താനുമുള്ള വ്യഗ്രതയായിരുന്നു അവൾക്ക്. പക്ഷേ ഒന്ന് അനങ്ങാൻ പോലും ആകാതെ എങ്ങനെ ഇവിടെ നിന്നും രക്ഷപ്പെടും? അവൾ വേഗം തന്നെ യൂസഫിനെ ഉണർത്താൻ ശ്രമിച്ചുകൊണ്ടേയിരുന്നു.

യൂസഫിന് നാല് വയസ് ആയിട്ടുള്ളൂ. തന്റെ കുഞ്ഞനിയനെ നോക്കിയപ്പോൾ അവൾക്ക് കരച്ചിലടക്കാനായില്ല. അവനെന്തെങ്കിലും പറ്റിക്കാണുമോ? അവളുടെ ഹൃദയം വിങ്ങിപ്പൊട്ടി. ആ ചുട്കണ്ണീരിന്റെ നനവിൽ മെല്ലെ യൂസഫ് കണ്ണുകൾ തുറന്നു. അവന്റെ മുഖത്ത് ഒരുപാട് മുറിവുകൾ പറ്റിയിരിക്കുന്നു. അവനാകെ ഭയപ്പെട്ടുപോയിരുന്നു. താൻ എവിടെയാണെന്ന് മനസ്സിലാകാതെയും മാതാപിതാക്കളെ കാണാനും കരയാൻ തുടങ്ങിയ അവനെ അവൾ സമാധാനിപ്പിച്ചുകൊണ്ടിരുന്നു . പല കഥകളും പറഞ്ഞുകൊടുത്ത് അവന് ധൈര്യം പകർന്നു. ആ പൊടി പിടിച്ച അന്തരീക്ഷത്തിൽ അവർക്ക് ശ്വസിക്കാൻ വല്ലാതെ പ്രയാസം തോന്നി. വിശപ്പും ദാഹവും അവരെ കീഴ്പെടുത്തി. ഏതാനും ദിവസങ്ങൾക്കു മുൻപേ ആയിരുന്നെങ്കിൽ തനിക്കും അനിയനും കഴിക്കാൻ ഉപ്പയും ഉമ്മയും എന്തെങ്കിലും കൊണ്ടുതരുമായിരുന്നു. എന്നാൽ ഇപ്പോൾ അവരെവിടെയെന്ന് പോലും അവൾക്ക



റിയില്ല. അവരും ഈ കെട്ടിട അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുകയായിരിക്കുമോ?

സ്കൂളിൽ പോകാനോ കൂട്ടുകാരുമായി ഒത്തുകൂടാനോ കുറച്ചുനാളുകളായി സാധിച്ചിരുന്നില്ല. നാട്ടിലെ എല്ലാവരും എന്തിനെയോ ഭയന്നിരുന്നു. പലരും നാടുവിട്ടുപോയി. അപ്പുറത്തെ കെട്ടിടത്തിൽ ഉണ്ടായിരുന്ന തന്റെ കളിക്കൂട്ടുകാരി മറിയവും കുടുംബവും അവിടെ വിട്ടു പോയതാണ്. അതിനെക്കുറിച്ച് ചോദിച്ചപ്പോഴാണ് തങ്ങൾക്ക് മേൽ പതിക്കാൻ പോകുന്ന തീ ഗോളങ്ങളെ കുറിച്ച് ഉപ്പ പറഞ്ഞത്. അപ്പോഴാണ് ഉമ്മ പറഞ്ഞത് ജീവനുള്ളിടത്തോളം ആരെയും ഭയന്ന് തങ്ങളുടെ മണ്ണ് വിട്ട് പോകില്ലെന്ന്. ഉപ്പയും ഉമ്മയും കൂടെ ഇല്ലാതായാലും താനും അനിയനും ഈ നാടുവിട്ടു പോകരുതെന്ന്. എന്തിനായിരിക്കും ഇങ്ങനെയൊക്കെ പറയുന്നതെന്ന് ഒരുപാട് ആലോചിച്ചിരുന്നു. ചെറുപ്പത്തിൽ തന്നെ ഉമ്മയ്ക്ക് മാതാപിതാക്കളെ നഷ്ടപ്പെട്ടതാണ്. അതുകൊണ്ട് ഒറ്റയ്ക്കാണെങ്കിലും അഭിമാനത്തോടെ ജീവിക്കുന്നതിനെപ്പറ്റി അവർ സംസാരിക്കുമായിരുന്നു. സ്വന്തം നാടിനോടുള്ള സ്നേഹം എന്നും വാക്കുകളിലുണ്ടായിരുന്നു.

കുറച്ചു ദിവസങ്ങൾക്ക് മുമ്പാണ് അതുവരെ സംഭവിച്ചതിന്റെയെല്ലാം കാരണങ്ങൾ വ്യക്തമാവാൻ തുടങ്ങിയത്. വലിയ ഇടിമുഴക്കങ്ങൾ കേട്ട് തുടങ്ങി, തകർന്നടിഞ്ഞ കെട്ടിടങ്ങളുടെ എണ്ണം വർദ്ധിച്ചു, വൈദ്യുതിയും ഇന്റർനെറ്റും ലഭിക്കാതായി, ഭക്ഷണവും വെള്ളവും അത്യാവശ്യത്തിനു മാത്രം... മുതിർന്നവർ എല്ലാം എന്തോ പ്രതീക്ഷിച്ചിരുന്നത് പോലെ...

അത് തങ്ങളുടെ കൂട് നശിപ്പിക്കാൻ വന്ന പരുന്തുകൾ ആയിരുന്നു. വലിയ തീ ഗോളങ്ങളായി ആ നാശത്തിന്റെ പെയ്ത്ത് ഞങ്ങൾക്ക് മേൽ പതിച്ചു. വലിയ ശബ്ദത്തിൽ ആ കൂട് തകർന്നു വീണു. ഒരു മിന്നായം പോലെ അവൾ എല്ലാം ഓർത്തെടുത്തു. ആ തിരിച്ചറിവോടുകൂടി അവളുടെ ബോധം മറയുകയായിരുന്നു.

തന്റെ കൈകൾ ആരോ പിടിച്ചു വലിക്കുന്നത് അറിഞ്ഞാണ് അവൾ കണ്ണുകൾ തുറന്നത്. അവ്യക്തമായ മുഖങ്ങൾ..സംഭാഷണങ്ങൾ... തന്നെ ആരോ എടുത്തുയർത്തുന്നു. അപ്പോഴും ആ മണ്ണ് പുരണ്ട മറുകൈ കൊണ്ട് അവൾ യൂസഫിന്റെ കൈ കോർത്ത് പിടിച്ചിരുന്നു...

ഷക്കീല
ഫിസിക്കൽ സയൻസ്



# An Angel

She is an angel.
She is the first to wake
and last to sleep on earth
She can be found in every
corners of the home.
She works day and night
to meet the needs of
her loved ones.
She is ready to make
any sacrifice for the
happiness of her loved ones.
The luckiest ones in the World
are those who got this angel
And that angel is what
We all call our mother.

Fathima Jafla K
English



# പരാതി

വയ്യ എനിക്കിനി നടന്നിടുവാൻ
ഞാൻ പണിമുടക്കും..
മുടിയന്മാർ...
പതിയെ എൻ പിറകിൽ
വന്നാൽ മതിയല്ലോ...
കറങ്ങി കറങ്ങി കാൽ കഴച്ചു
ഘടികാരത്തിലെ സെക്കൻഡ്
സൂചിയുടെ പരാതി..

പതിയെ എങ്കിലും കഷ്ടപ്പെട്ട്,
നിന്നുടെ ചലനങ്ങൾ കണ്ണിമ വെട്ടാതെ,
നിരീക്ഷിച്ച് എണ്ണിത്തിട്ടപ്പെടുത്തിയാണ്
ഞങ്ങളുടെ ഓരോ നീക്കങ്ങളും...
ചെറിയ ദൗത്യമല്ലിത്.
മിറ്റർ സൂചിയും മണിക്കൂർ സൂചിയും
അവനെ പറഞ്ഞാശ്വസിപ്പിച്ചു.

നസീഹ കക്കാട്ടീരി
മാത്സ്



# ഞാൻ

ആരാണ് നീ...?
അവൾ അവളോട് തന്നെ കേണു
സൂര്യകിരണങ്ങളെത്തും മുമ്പേ
മടപ്പള്ളിയോട് പൊരുതുന്നവളോ?
പൊന്നോമന,
അമ്മതൻ മാറോടണയാൻ
നിനക്കുമ്പോൾ
ഇടമില്ല കാലമില്ലെനിക്ക് നിൻ കൊഞ്ചൽ
കേൾക്കാൻ എന്നോതുന്നവളോ?
നിന്നോളം മൂടുന്ന
കുറ്റപ്പെടുത്തലുകൾക്കിടയിലും
ഇല്ലച്ഛാ,എനിക്ക് സുഖമാണെന്ന് പറയുന്ന
കരിങ്കല്ലിയോ?
തന്റെ സ്വപ്നത്തിൻ പുനർജനിക്കായി
അന്തിയെ ദിനമാക്കിയവളോ, അതോ
ഒഴിവിനെ നിർവാഹമാക്കിയവളോ
മോന്തിക്ക് തൻ പ്രാണപ്രിയന്റെ മുമ്പിൽ
അറിയാതെ തേങ്ങുന്ന വേഴാമ്പലോ,
ആരാണ് നീ..?



ജാസിയ തസ്നി
നാച്വുറൽ സയൻസ്

# അവൾ അശ്വതി



വെളുപ്പാൻകാലത്തെ തണുപ്പിൽ മൂടിപ്പുതച്ചുറങ്ങാൻ കൊതിക്കുന്ന നേരം... സമയം ഏകദേശം നാലുമണി. അലാറം നീട്ടിയടിക്കുന്നു. അവൾ ഉറക്കത്തിൽ നിന്നും പതിയെ ഉണർന്നു. കണ്ണു തിരുമ്മി കൊണ്ട് എണീറ്റ് അലാറം ഓഫ് ചെയ്തു. ജഡ പിടിച്ച തന്റെ കാർകൂന്തൽ കെട്ടിക്കൊണ്ട് അവൾ പതിയെ അടുക്കളയിലേക്ക് നടന്നു. അവൾ അശ്വതി, ഒരുപാട് അംഗങ്ങളുള്ള ഒരു വലിയ കുടുംബത്തിലെ മരുമകൾ. പ്രായം കൊണ്ടല്ല സ്ഥാനം കൊണ്ട് അവൾ മുതിർന്നവളാണ്.അശ്വതിയുടെ ഒരു ദിവസം അവിടെ തുടങ്ങുകയാണ്.

അവൾ അമ്പാടി തറവാട്ടിലേക്ക് എത്തിയിട്ട് വർഷം 20 കഴിഞ്ഞു. അന്നുമുതൽ അവൾ ആ കുടുംബത്തിനുവേണ്ടി രാപ്പകലില്ലാതെ കഷ്ടപ്പെടുകയാണ്. കണക്കിൽ പെടാത്ത, ശമ്പളമില്ലാത്ത ജോലി. അടുക്കളയാണ് അശ്വതിയുടെയെല്ലാം. ഇഷ്ടമുണ്ടായിട്ടല്ല, അവൾ നിർബന്ധിതയായിരിക്കുകയാണ്.

വെളുപ്പിന് നാലുമണിക്ക് തുടങ്ങിയാൽ 11 മണി ആവോളം അശ്വതിക്ക് പിടിപ്പ് പണിയുണ്ട്. തൂത്തും തുടച്ചും, വെച്ചും വിളമ്പിയും,  അലക്കിയും തേച്ചും ദിവസങ്ങൾ അങ്ങനെ കടന്നു പോവുകയാണ്.

ഒട്ടും പ്രതീക്ഷിക്കാതെയാണ് അശ്വതി അമ്പാടിയിലേക്ക് എത്തിയത്. കളിച്ചും ചിരിച്ചും നടന്നിരുന്ന തന്റെ പാവാട പ്രായത്തിൽ നിന്നും ഒരുപാട് അംഗങ്ങളുള്ള ആ വലിയ കുടുംബത്തിലേക്ക് ശരത്തിന്റെ ഭാര്യയായി അവൾ കടന്നു വന്നു. താൻ കണ്ട സ്വപ്നങ്ങളും ആഗ്രഹങ്ങളുമെല്ലാം അവിടുത്തെ അടുക്കളയിൽ കത്തിയമരുമെന്ന് അവൾ പ്രതീക്ഷിച്ചിരുന്നില്ല. അവൾ ഒരിക്കലും ആഗ്രഹിച്ചത് പോലുള്ള ഒരു ഭർത്താവായിരുന്നില്ല ശരത്. അവളെ ഒട്ടും മനസ്സിലാക്കാത്ത ഭാര്യ വീട്ടിൽ ഒതുങ്ങി കഴിയേണ്ടവളാണെന്ന് ചിന്തിച്ചവൻ. കഷ്ടപ്പെട്ടു നേടിയെടുത്ത സർട്ടിഫിക്കറ്റുകൾ എല്ലാം ഭദ്രമായി മുറിയിലെ പെട്ടിക്കകത്ത് അടുക്കിവെച്ചു കൊണ്ട് അശ്വതി എന്നും ഒരു നെടുവീർപ്പിടും. പിന്നീട് ആ കണ്ണുനീർ ആരും കാണാതെ തുടച്ചുനീക്കും. 'അശ്വതിന്റെ വിധി ഇതാണ്' ആടി തിമിർത്ത ആ ചിലങ്കയെ നോക്കി അവൾ സ്വയം പറഞ്ഞു.

നന്നായി പഠിക്കണം,പഠിച്ചു വലിയൊരു നിലയിൽ എത്തണം, നല്ലൊരു നർത്തകിയാവണം, തന്റെ ചുവടുകളിലൂടെ മറ്റു കുട്ടികളെയും പഠിപ്പിക്കണം... ഒപ്പം കുട്ടികളുടെ മനസ്സറിയുന്ന ഒരു അധ്യാപികയാവണം. കുട്ടികളെ വളരെയധികം ഇഷ്ടപ്പെടുന്ന ആളാണ് അശ്വതി.ഒത്തിരി ഒത്തിരി സ്വപ്നങ്ങൾ...എല്ലാം ഒരു നിമിഷത്തിലാണ് ചിറകറ്റ് വീണത്. സമ്പത്തിലും പ്രതാപത്തിലും കേമ



ന്മാരായിരുന്ന അമ്പാടി തറവാട്ടിൽ നിന്നുള്ള വിവാഹാലോചന അശ്വതിയുടെ വീട്ടുകാർക്ക് സ്വപ്നം കാണാൻ പറ്റാവുന്നതിലും അപ്പുറമായിരുന്നു. തന്റെ മാതാപിതാക്കളെ ഓർത്തപ്പോൾ അവൾക്ക് ആ വിവാഹത്തിന് വഴങ്ങേണ്ടിവന്നു. അങ്ങനെയാണ് അശ്വതി വളരെ ചെറുപ്രായത്തിൽ തന്നെ ശരത്തിന്റെ ഭാര്യയാകുന്നത്. പിന്നീട് അങ്ങോട്ട് അവൾക്ക് വളരെ ക്ലേശം നിറഞ്ഞ ദിനങ്ങളായിരുന്നു.

അശ്വതി വളരെയധികം ക്ഷീണിച്ചിരിക്കുന്നു. പ്രായത്തിൽ കവിഞ്ഞ അവളുടെ ഉത്തരവാദിത്വങ്ങൾ അവളെ ദുർബലയാക്കി. ചിരിക്കാനും ചിന്തിക്കാനും അവൾ മറന്നിരിക്കുന്നു.

'അശ്വതിയുടെ ഭർത്താവ് ശരത്ത് അല്ലേ ഇത്?' ചോദ്യം കേട്ട് ശരത് തിരിഞ്ഞുനോക്കി. വളരെ പ്രായം ചെന്ന ഒരു വൃദ്ധൻ. കണ്ടാൽ ഒരു അധ്യാപകനാണെന്ന് തോന്നും. 'അതേലോ,ആരാ എനിക്ക് മനസ്സിലായില്ല..' ഞാൻ അശ്വതിയുടെ ഗുരുനാഥനാ..നിങ്ങടെ കല്യാണത്തിന് ഞാൻ വന്നിരുന്നു. 'എന്താ അവളുടെ വിശേഷം...?' അവളിപ്പോൾ വലിയൊരു നർത്തകി ആയിട്ടുണ്ടാവുമല്ലേ? 'അശ്വതി.. അവൾ...' ശരത്തിനു വാക്കുകൾ കിട്ടിയില്ല. 'അശ്വതി പഠിക്കാൻ മിടുക്കിയായിരുന്നു സ്കൂളിലെ മികച്ച ഒരു വിദ്യാർത്ഥിനിയായിരുന്നു അവൾ ഒപ്പം നല്ലൊരു നർത്തകിയും അധ്യാപിക ആവണം എന്നായിരുന്നു അവളുടെ ആഗ്രഹം. താൻ നല്ലൊരു ഭർത്താവാണെന്ന് അവൾ ഒരിക്കൽ പറഞ്ഞിരുന്നു...' ഇത്രയും കേട്ടപ്പോൾ ശരത്തിന്റെ കണ്ണുകൾ നിറഞ്ഞു തിരിഞ്ഞു നടന്ന വഴികളിൽ എത്രയും ഇതു മാത്രമായിരുന്നു അയാളുടെ ചിന്ത. ഒരിക്കൽപോലും അശ്വതിയെ തിരിച്ചറിഞ്ഞില്ലല്ലോ. അവളുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും ഞാൻ കാരണം... ഒരിക്കൽപോലും അവളെ പരിഗണിക്കാത്ത എന്നെപ്പറ്റി താൻ നല്ലൊരു ഭർത്താവാണെന്ന് അവൾ പറഞ്ഞിരിക്കുന്നു. ഞാൻ... ഞാൻ... ശരത്തിന്റെ തൊണ്ടയിടറി. കണ്ണുകൾ നിറഞ്ഞു.അവൻ പൊട്ടിക്കരഞ്ഞു. ഇല്ല വൈകിയിട്ടില്ല, അശ്വതിയെ ഞാൻ സ്നേഹിക്കും..അവൾക്ക് വേണ്ട പ്രോത്സാഹനം നൽകും..അവളുടെ സ്വപ്നങ്ങൾക്ക് ഞാൻ ഒരിക്കലും ഒരു തടസ്സമാവില്ല. ഇന്നുമുതൽ ഞാൻ അവൾക്ക് നല്ലൊരു ഭർത്താവായിരിക്കും. സ്വയം പറഞ്ഞുകൊണ്ട് അയാൾ തന്റെ തറവാട്ടിലേക്ക് നടന്നടുത്തു.

നേരം പാടെ ഇരുട്ടിയിരുന്നു. രാത്രി 2 മണി! യാത്ര കഴിഞ്ഞെത്തിയ ശരത്തിനെയും കാത്തിരുന്നു അവൾ ഉറങ്ങിപ്പോയി. അവളെ ഉണർത്താതെ ശരത് ഒരുപാട് സമയം അവളെ നോക്കിയിരുന്നു. ' അശ്വതി... നിന്നെ മനസ്സിലാക്കാൻ ഞാൻ വൈകിയല്ലോ, ഒരിക്കൽ പോലും ഒരു പരാതിയോ പരിഭവമോ എന്നോട് നീ കാണിച്ചിട്ടില്ല. ഇന്ന് മുതൽ ശരത് നിന്റെ പ്രിയപ്പെട്ടവനായിരിക്കും. നിന്റെ സ്വപ്നങ്ങൾ നേടിയെടുക്കാൻ ഞാൻ നിന്റെ കൂടെയുണ്ടാവും. ശരത് അടുത്ത് വന്നിരിക്കുന്നത് അവൾ അറിഞ്ഞതേയില്ല. അവൾ അഗാധമായ ഉറക്കത്തിലേക്ക് വീണിരിക്കുകയാണ്.

' അശ്വതി... അശ്വതി.. 'അവൻ അവളെ സ്നേഹത്തോടെ വിളിച്ചു. പതിയെ തട്ടിയുണർത്താൻ ശ്രമിച്ചു. അശ്വതി.. എണീക്..എനിക്ക് തെറ്റ് പറ്റിപ്പോയ്. നിന്നെ മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞില്ലല്ലോ... അശ്വതീ...' എത്ര വിളിച്ചിട്ടും അവൾ ഉണരുന്നില്ല. അവൻ വല്ലാതെ പരിഭ്രമിച്ചു. 'എന്ത് പറ്റിയെടു.. എണീക്..' അവന്റെ ബഹളം കേട്ട് എല്ലാവരും ഓടിക്കൂടി. എല്ലാവരും ചുറ്റും കൂടി. അശ്വതിയെ ഉണർത്താൻ അവരെല്ലാവരും ശ്രമിക്കുന്നുണ്ട്. പക്ഷെ അനക്കമില്ല. നാഡിമിടിപ്പ് നിന്നിരിക്കുന്നു... ശ്വാസം നിലച്ചു... അതെ, അശ്വതി പോയി, എന്നെന്നേക്കുമായി... ഇത് കേട്ട ശരത് അലറി വിളിച്ചു... 'അശ്വതി.. നീയെനിക്ക് ഒരു അവസരം തന്നില്ലല്ലോ...' അവനവളെ കെട്ടിപിടിച്ചുകൊണ്ട് അട്ടഹസിച്ചു കരഞ്ഞു.

അതെ, സ്വപ്നങ്ങളും ആഗ്രഹങ്ങളും ബാക്കി വെച്ച് കൊണ്ട് എന്നെന്നേക്കുമായി അവളീ ലോകത്ത് നിന്നും വിട പറഞ്ഞിരിക്കുകയാണ്. സ്വയം ഉരുകി തീർന്ന മെഴുകുതിരി പോലെ... ബന്ധങ്ങളുടെയും ബന്ധനങ്ങളുടെയും ഉത്തരവാദിത്തങ്ങളുടെയും മതിൽകെട്ടില്ലാത്ത സ്വതന്ത്രലോകത്തേക്ക് അവൾ പറന്നകന്നു...

സമീന
ഫിസിക്കൽ സയൻസ്







# ചൂര്

ഒരിക്കൽ കൂടി അയാൾ ആ ഇലഞ്ഞിമരച്ചുവട്ടിലെത്തി . ഇന്നലത്തെ മഴ ഇലഞ്ഞിപ്പൂക്കളെ മണ്ണിൽ കുതിർത്തിരുന്നു. മണത്തെ പാടെ മായ്ച്ചിരുന്നു. കരിഞ്ഞ പൂക്കൾക്ക് പോലും ചെമ്പോത്തിന്റെ തൂവലുകളുടെ നിറമാണ്.

ആ ഇലഞ്ഞിപൂക്കൾ അയാൾ ആദ്യമായി കോർത്ത പൂമാലയുടെ ഓർമ്മയോട് പിണഞ്ഞു കിടന്നിരുന്നു. ആദ്യമായി അയാൾ അവിടെ എത്തിയപ്പോൾ ഇലഞ്ഞിമരം വസന്തത്തിലേക്ക് ചായാൻ കാത്തിരിക്കുകയായിരുന്നു. അയാളും കാത്തിരുന്നു. ഇളം നാമ്പുകൾ തലപൊക്കി തുടങ്ങി. പൂക്കൾ ഇലകളെ വകഞ്ഞു മാറ്റി, കരിവണ്ടുകളും തേനീച്ചകളും ആ പൂകാലത്തെ ആഘോഷമാക്കി. ഇലഞ്ഞി പൂവിന്റെ ഗന്ധം അയാളെ മത്തു പിടിപ്പിച്ചു. ആ പൂക്കളെ കോർത്തിണക്കി അയാളൊരു മാല കോർത്തു. ആ മാല അയാൾ അവൾക്ക് സമ്മാനിച്ചു. ഓരോ പൂവും ഓരോ സ്വപ്നമായിരുന്നു ഓരോ ഇതളുകളും അയാളുടെ ശ്വാസമായിരുന്നു. ഇന്ന് കരിവണ്ടുകളും തേനീച്ചകളും ഇല്ല. മഴ ആട്ടി അകറ്റിയതാവാം. പൂ ചൂടാൻ അവളുമില്ല. ആ പൂക്കളിലെ നനവ് അയാളുടെ കണ്ണുനീരായി അയാൾക്കു തോന്നി. ചൂരില്ലാത്ത പൂക്കളും അവളുടെ ഓർമകളും ബാക്കി. അയാൾ ആ ഓർമകളിലേക്ക് നടന്നകന്നു.

മുർഷിദ ഷഹാന കെ. എം
മാത്സ്

# ബാല്യം

ബാല്യമെന്ന കൊച്ചു
സ്വർഗത്തിൽ
ഒരു ചിത്രശലഭമായ് പാറി നടന്നതും
ഓടികളിച്ചുല്ലസിച്ചതും
ഇന്നലെ കഴിഞ്ഞ രസങ്ങളായ്
മനസ്സിലവശേഷിക്കുന്നു.....
കാലചക്രത്തിന്റെ കറക്കത്തിൽ
ആ ബാല്യത്തോട് വിട പറഞ്ഞപ്പോൾ
പരിഭവത്തിന്റെ ഗോവണിയിലിരുന്നു ഞാൻ
പ്രായത്തിന്റെ വിലയെന്തെന്നറിഞ്ഞു
മാറ്റത്തിന്റെ പ്രഭാതങ്ങളായ്
പ്രായമെന്നിൽ വൻ മതിലുകളുയർത്തവേ
അറിയാതെ ഞാനെന്നെ അറിയുന്നു

റിൻഷ
ഫിസിക്കൽ സയൻസ്







# പിന്നാമ്പുറം

അങ്ങനെ കാത്തു കാത്തു
നിന്ന് വിഷു എത്തി.
മഞ്ഞപ്പൂക്കളാൽ വിടർന്ന്
നിൽക്കുന്ന വഴിയോരം. ഇന്നും
കൃഷ്ണ ഭക്തിഗാനങ്ങൾ
കേൾക്കാം. വീട്ടിൽ വിഷു
ആഘോഷങ്ങൾ തകൃതിയായി
നടക്കുന്നുണ്ട്. ക്ഷണം സ്വീകരിച്ച്
എത്തിയ അതിഥികൾ
ഓരോരുത്തരായി വന്നു തുടങ്ങി.
വിഷുക്കണി ഒരുക്കുന്നതിന്റെയും,
പടക്കം പൊട്ടിക്കുന്നതിന്റെയും,
പൂത്തിരി കത്തിക്കുന്നതിന്റെയും
ഉത്സാഹത്തിലാണ് എല്ലാവരും.
അമ്മ അടുക്കളയിൽ ഉച്ച
ഭക്ഷണം തയ്യാറാക്കുന്ന
തിരക്കിലാണ്. അച്ഛൻ, അമ്മ,
ചേട്ടൻ, ബന്ധുക്കൾ എല്ലാവരും
ഹാളിൽ ഇരുന്നു ഭക്ഷണം
കഴിച്ചു.

ഞാനോ...

പിന്നാമ്പുറത്തെ
അടുക്കളപ്പടിയിൽ ഇരുന്ന് വിഷു
സദ്യയുടെ മണം വരുമ്പോൾ
നാവിലെ രസമുകുളങ്ങളിൽ
ഉമിനീർ നിറയുന്നു.

അവിയലിന്റെ സ്വാദ് പോലും
ഞാൻ അറിഞ്ഞില്ല. ആർത്തവ
ചക്രത്തിന്റെ നോവിനെക്കാൾ
അടുക്കളയിൽ തളച്ച
ആചാരമായിരുന്നു എന്നെ
വേദനിപ്പിച്ചത്..

ഹർഷ
മാത്തമാറ്റിക്സ്

# Wake me up



Oozing out of tiny droplets
Dawn chorus of misty branchlets
Scented fragrance of lavender.
Twilight sparkle of wonders.

Floating clouds of whitish feathers
Marching flocks of chanted prayers
Whistling breeze of romantic melodies
Dazzling beauty of budded lullabies

Foggy blanket Creeps into my veins
Drizzling dews wipe my pains
Smoky landscape seizes my sights
chirping sparrows sing its nights
What a canvas of majestic wintry!
which immerses in cosmetic mystery.
Vanish despairs in esthetic beauty
Wake me up with rhythmic fluty

Naseema
English



# Dream

Look, Thee and I
In this pretty home
My breath with your arms
My ear can listen to your respire
where two of us fix our gaze together
Oh! This is what I was longing for years
Thee, my beloved
I wanna seize the moment forever
Never get faded beyond my eyes
Once more, I can't survive the severance
I won't let you go again
I want two of us imprisoned here
Hey, thee my companion
when did you go
Are you playing hide and seek
rush to me, my love
Your absence drives me crazy,
Alas, it's a dream.

**Fathima Shafeekha**
**English**





# ഒരു തെളിഞ്ഞ മോഷണ കഥ

സ്കൂളിന്റെ തൊട്ടടുത്താണ് എന്റെ വീട്. ഞാൻ എന്നും ഉച്ചഭക്ഷണം വീട്ടിൽ വന്നാണ് കഴിക്കുന്നത്. അന്നും പതിവുപോലെ ഭക്ഷണം കഴിച്ചു ഞാൻ സ്കൂളിൽ എത്തിയപ്പോൾ എന്നെ കാത്ത് ഗേറ്റിൽ നയന നിൽക്കുന്നുണ്ടായിരുന്നു. എന്നെ കണ്ടതും നയന ഓടിവന്നു കെട്ടിപ്പിടിച്ചു കരഞ്ഞു. കരച്ചിലിനിടയിലും അവൾ കാര്യം പറയാൻ മറന്നില്ല. ആസിഫയുടെ 50 രൂപ കാണാനില്ല. അതിനു നീ എന്തിനാണ് കരയുന്നത് എന്ന് ഞാൻ നയനയോട് ചോദിച്ചപ്പോൾ അവൾ പറഞ്ഞു. ആരെങ്കിലും കരയുന്നത് കണ്ടാൽ അവൾക്ക് കരച്ചിൽ വരുമത്രേ.!

ആസിഫ കരയുന്നത് കണ്ടാണ് അവൾ കരഞ്ഞത്. നയനയുടെ കയ്യും പിടിച്ച് ഞാൻ ക്ലാസ്സിൽ എത്തിയപ്പോൾ കണ്ടത് ഹെഡ്മാസ്റ്റർ ആയ ഗിരിജ ടീച്ചർ ഞങ്ങളുടെ ക്ലാസ് ടീച്ചർ ആയ രജനി ടീച്ചറുടെ കൂടെ ഓരോരുത്തരുടെയും ബാഗുകൾ പരിശോധിക്കുകയാണ്. ആസിഫ ഒരു സൈഡിൽ നിന്ന് കരയുകയാണ്.

നയനയുടെ ബാഗ് കഴിഞ്ഞാൽ എന്റെ ബാഗാണ് നോക്കാനുള്ളത്. എന്റെ ബാഗ് നോക്കി കഴിയുന്നതുവരെ എന്തെന്നില്ലാത്ത പേടി എനിക്ക് ഉണ്ടായിരുന്നു. കാരണം എനിക്കിപ്പോഴും മനസ്സിലായിട്ടില്ല.ഹെഡ്മാസ്റ്റർ ഗിരിജ ടീച്ചർ എടുത്തവർ ആരാണെങ്കിലും ഇപ്പോൾ പറഞ്ഞാൽ പ്രശ്നം ഇവിടെ തീരും എന്നൊക്കെ ഇടക്കിടക്ക് പറയുന്നുണ്ടായിരുന്നു.

ടീച്ചർ ബാഗ് നോക്കി മുഫീദയുടെ ബാഗിന് അടുത്തെത്തി. മുഫീദയുടെ ബാഗിൽ നിന്ന് ടീച്ചർക്ക് ആദ്യം തന്നെ കിട്ടിയത് അഞ്ചു രൂപയുടെ 3 ഡയറി മിൽക്കും ഒരു വലിയ കരിമ്പിൻ കഷണവും 30 രൂപയുമാണ്. ഈ പൈസ എവിടുന്നാണെന്ന് ടീച്ചർ ചോദിച്ചപ്പോൾ അവളുടെ വലിയുമ്മ തന്ന 50 രൂപയ്ക്ക് മിട്ടായി വാങ്ങി ബാക്കി വന്ന പൈസ ആണെന്ന് പറഞ്ഞു.

പിന്നീട് എല്ലാവരും സംശയ കണ്ണുകളോടെ മുഫീദയെ നോക്കി. ഹെഡ്മാസ്റ്റർ പലവിധത്തിൽ ചോദിച്ചിട്ടും അവൾ പറഞ്ഞത് തന്നെ ആവർത്തിച്ചു, ഉറക്കെ കരയാനും തുടങ്ങി. കരച്ചിൽ പിന്നെ ദേഷ്യം ഒക്കെ ആയി. ടീച്ചർ പഠിച്ച പണി പതിനെട്ടും നോക്കി. അവൾ പറഞ്ഞില്ല. വല്യുമ്മ തന്ന പൈസ ആണെന്ന് ആവർത്തിച്ചു. എല്ലാ വഴിയും അടഞ്ഞപ്പോൾ ഹെഡ്മാസ്റ്റർ ഞങ്ങളുടെ കണ്ണാട്ടിപ്പടി ജുമുഅത്ത് പള്ളിയിലേക്ക് പോയി. അവിടെ മദ്രസയിലെ സദർ ഉസ്താദ് ഉണ്ടായിരുന്നു.

പിന്നീട് നടന്ന കാര്യങ്ങൾ ഞങ്ങൾ സുഹൃത്തുക്കൾ സങ്കല്പിച്ചതാണ്. സദർ ഉസ്താദിനെ കൊണ്ട് മുഫീദയോട് ചോദിപ്പിച്ചു. അവൾ പഴയ പടി തന്നെ ആവർത്തിച്ചപ്പോൾ സദർ ഉസ്താദ് ഖുർആൻ എടുത്ത് സത്യം ചെയ്യിപ്പിച്ചു. അവൾ സത്യം പറഞ്ഞു!

അരമണിക്കൂർ കഴിഞ്ഞാണ് മുഫീദയും ഹെഡ്മാസ്റ്ററും ക്ലാസ്സിൽ എത്തിയത്. ആരും ഒന്നും മിണ്ടുന്നില്ല. എങ്ങും നിശബ്ദത മാത്രം...

ഹെഡ്മാസ്റ്റർ ഓഫീസിലേക്ക് പോയി. രജനി ടീച്ചർ ഒന്നും സംഭവിക്കാത്ത പോലെ ഞങ്ങളോട് വിശേഷങ്ങൾ ചോദിച്ചു കൊണ്ട് ജീവിതത്തിൽ പുലർത്തേണ്ട ചില മൂല്യങ്ങളെ കുറിച്ച് പറഞ്ഞു തന്നു. ടീച്ചർ നിർത്തിയതും മുഫീദ പൊട്ടിക്കരഞ്ഞു. രജനി ടീച്ചർ അവളെ ചേർത്തുപിടിച്ചു ആശ്വസിപ്പിച്ചു. എന്നിട്ട് ടീച്ചർ ആസിഫയോട് ഉറക്കെ ചോദിച്ചു ആസിഫ നീ മുഫീദയോട് ക്ഷമിച്ചില്ലേ?

ഞാൻ ക്ഷമിച്ചു ടീച്ചറെ എന്ന് ആശിഫ പുഞ്ചിരിയോടെ പറഞ്ഞു. അപ്പോൾ ചെറിയ നാണത്തോടെയും കുറ്റബോധത്തോടെയും ടീച്ചറുടെ കയ്യും പിടിച്ച് നിൽക്കുന്ന മുഫീദയെ ഞാൻ ഇന്നും ഓർക്കുന്നു...

ഒപ്പം തെറ്റുകൾ തിരുത്തി സൗഹൃദം വീണ്ടും ഇഴ ചേരാൻ കൂടെനിന്ന എന്റെ പ്രിയ അധ്യാപിക രജനി ടീച്ചറെയും...!

**ദിൽഷാദ എം.എൻ**
**മാത്സ്**



# My Litt Paw

I have it in my house
My little puppy I raise
If he sees me,
His tail wags fast
To play with me
He likes me so much
If I give him food
He would lick me lovely
If I throw the ball far
He will fetch me
Often, I take him for a walk
By holding his bel
If anyone tries to hurt
He will bark at them.
If I go anywhere
He will be sad and moody
The source of my happiness was
My one and only puppy


Bhavana
English

# കാത്തിരിപ്പ്

ഇരുട്ടിന്റെ നിദ്രയിൽ ഞെട്ടിയുണർന്നു
തൻ മകൻ വാതിൽക്കൽ കണ്ടുകൊണ്ട്
ചിരികൾ വിടർന്ന അമ്മ തൻ പൂമുഖം
പെട്ടെന്ന് ഖേദിച്ച് താഴ്ന്ന് പോയ്
സന്ധ്യ തന്നിരുട്ടത്തും രാവിൻ വെളിച്ചത്തും
മിഴികളടഞ്ഞാലും മിഴികൾ തുറന്നാലും
കാത്തിരിക്കും തൻ ഹൃദയം മാത്രം
ഈ കാത്തിരിപ്പിന്നെന്തൊരു വേദന
ഈ കാത്തിരിപ്പിന്നെന്തൊരു ശൂന്യത

ചുക്കിചുളിഞ്ഞ മുഖങ്ങൾ വസിക്കുന്ന വീട്ടിലും
തൻ മകനുണ്ടുവോ തൻ മകനുറങ്ങിയോ
ആകാശമോളം സ്വപ്നങ്ങളില്ല
ഭൂമിക്കുമോളം പ്രതീക്ഷകളില്ല
ഒന്നു മാത്രം
തൻ മകൻ പൂമുഖം കണ്ടുമരിക്കണം
ഈ കാത്തിരിപ്പിനെന്തൊരു വേദന
ഈ കാത്തിരിപ്പിനെന്തൊരു ശൂന്യത

ഹിബ
സോഷ്യൽ സയൻസ്



# ഒറ്റപ്പെടൽ

വിതച്ചതെല്ലാം
പാഴ്ച്ചെടികളായ് മാറിയോ..,
വിളഞ്ഞതെല്ലാം
വിഷമായ് തീർന്നുവോ..,
ഞാനും നീയും
വേർപിരിയുകയാണ്
സഹോദരാ,
എന്റെ മനസ്സിൽ
നിനക്കിനി സ്ഥാനമില്ല,
നാടും വീടും
മാറ്റിനിർത്തും മുൻപ്
കര പറ്റിടണം
ഇനിയും എന്റെ
കണ്ണുനീർ പൊഴിഞ്ഞാൽ
നീ നശിച്ചു നീങ്ങിടട്ടെ,
ഈ ഭൂമിയിൽ
മറ്റുള്ളവരെ
ദ്രോഹിക്കരുതൊരിക്കലും

സ്നേഹ
സോഷ്യൽ സയൻസ്



**1-പാരിസ്ഥിതിക സന്തുലിതാവസ്ഥ:-**
പരിസ്ഥിതിയും പക്ഷികളും തികച്ചും കൊടുക്കൽ വാങ്ങൽ പ്രക്രിയയിൽ അംഗങ്ങളാണ്.കാരണം ഭക്ഷണം, പാർപ്പിടം, ജനന സ്ഥലം, പ്രത്യുൽപാദനം തുടങ്ങിയ പലകാര്യങ്ങൾക്കായി പക്ഷികൾ സസ്യങ്ങളെ ആശ്രയിക്കുമ്പോൾ പക്ഷികൾ പരിസ്ഥിതിയുടെ ആവാസ്യ വ്യവസ്ഥ നിലനിർത്തുന്നതിൽ നിർണായ പങ്കുവഹിക്കുന്നു. അവ പരാഗണകാരികളായും വിത്ത് വിതരണക്കാരായും കീടനിയന്ത്രണക്കാരായും പരിധിയില്ലാതെ പ്രവർത്തിക്കുന്നു.അതുകൊണ്ടുതന്നെ പരിസ്ഥിതി ആരോഗ്യത്തിന്റെ സൂചകമായി നമുക്ക് പക്ഷികളെ കണക്കാക്കാം.

**2-ആവാസ്യ വ്യവസ്ഥയുടെ നിലനിൽപ്പ്:-**
പക്ഷികളുടെ എണ്ണത്തിൽ വരുന്ന വ്യത്യാസം മൃഗങ്ങളുടെയും ചെടികളുടെയും ആവാസ്യ വ്യവസ്ഥയെയും കാലാവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്നു.കൂടാതെ മലിനീകരണത്തിനും കാരണമാകുന്നു.

**3-സാമ്പത്തിക മൂല്യം:-**
കൃഷി, വിനോദസഞ്ചാരം, പക്ഷി നിരീക്ഷണം എന്നീ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സമ്പത്ത് വ്യവസ്ഥയിലേക്ക് പക്ഷികൾ സംഭാവന ചെയ്യുന്നു.


**4- വിദ്യാഭ്യാസവും ഗവേഷണവും:-**
പക്ഷികളുടെ സ്വഭാവം, ദേശാടനം, ശരീരഘടന, പരിണാമം എന്നിവയെ കുറിച്ചുള്ള പഠനം അവരുടെ ജീവിതസാഹചര്യം എങ്ങനെ തരണം ചെയ്യുന്നു എന്നിവയിൽ നിന്നും നമുക്ക് പാഠം ഉൾക്കൊള്ളാനും, ലോകത്തെക്കുറിച്ചുള്ള ജ്ഞാനം വർധിപ്പിക്കാനും സഹായിക്കുന്നു.

ഈ തരത്തിൽ എല്ലാ പക്ഷികളും പ്രാധാന്യമർഹിക്കുന്നുണ്ടെങ്കിലും 10000 ത്തിൽ അധികം വരുന്ന പക്ഷി വർഗ്ഗങ്ങളിൽ 159 ഇനം പക്ഷികൾക്ക് വംശനാശം സംഭവിച്ചിട്ടുണ്ട്. കാലാവസ്ഥ താപനം, സമുദ്രനിരപ്പിലെ വ്യതിയാനം, ആവാസവ്യവസ്ഥയുടെ നാശം, വർദ്ധിച്ചുവരുന്ന വാണിജ്യ ആവശ്യങ്ങളും, മലിനീകരണവും പക്ഷികളുടെ വംശനാശത്തിന് കാരണമാകുന്നു.ഇത് മറികടക്കാനായി ചില സംരക്ഷണ മാർഗങ്ങൾ നമുക്ക് മുന്നോട്ടുവയ്ക്കാം.

**പക്ഷികളെ എങ്ങനെ സംരക്ഷിക്കാം?**

ഇത്രയേറെ പരിസ്ഥിതിയെയും മനുഷ്യ ജീവിതത്തെയും സ്വാധീനിക്കുന്ന പക്ഷികളെ സംരക്ഷിക്കുക എന്നത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെ അവരുടെ സംരക്ഷണം നമുക്ക് ഉറപ്പുവരുത്താം.അതിനുള്ള ചില മാർഗ്ഗങ്ങൾ,

**1- ആവാസ്യ വ്യവസ്ഥയുടെ സംരക്ഷണം:-**
നഗരവൽക്കരണത്തിലൂടെയും മറ്റു കാരണത്താലും നശിച്ചുപോകുന്ന പക്ഷികളുടെ ആവാസ്യ വ്യവസ്ഥയായ കാടുകൾ, തണ്ണീർത്തടങ്ങൾ, പുൽമേടുകൾ എന്നിവ സംരക്ഷിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്യുക.



**2- മലിനീകരണം തടയുക:-** ഭക്ഷണം, വെള്ളം എന്നിവയിലൂടെ പക്ഷികൾക്ക് ദോഷം വരുത്തുന്ന കീടനാശിനികൾ, രാസവസ്തുക്കൾ, പ്ലാസ്റ്റിക് മാലിന്യം എന്നിവയുടെ ഉപയോഗം പരമാവധി കുറയ്ക്കുക. കാലാവസ്ഥ വ്യതിയാനത്തിനും വായു മലിനീകരണത്തിനും കാരണമാകുന്ന ഹരിത ഗൃഹ വാതകങ്ങളുടെ പ്രസരണം കുറയ്ക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുക.

**3-സംരക്ഷണ ശ്രമങ്ങളെ പിന്തുണയ്ക്കുക:-** പക്ഷികളെയും അവയുടെ ആവാസ്യ വ്യവസ്ഥകളെയും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സംഘടനകളിൽ പങ്കാളിയാവുക.ലോകമെമ്പാടുമുള്ള സർക്കാരിതര സംഘടനയായ ആശ്യറഘശളലകിലേയ്യിമശേീമഹ ഇതിന് ഉദാഹരണമാണ്. അതുപോലെ സ്കൂൾ-കോളേജ് തലത്തിൽ പ്രവർത്തിക്കുന്ന പരിസ്ഥിതി ക്ലബ്, ഭൂമിത്ര സേന, പക്ഷി നിരീക്ഷണ കോഴ്സ്, എൻ.എസ്.എസ്, എൻ.സി.സി തുടങ്ങിയ സംഘടനയിലൂടെ പക്ഷിസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അവ നടപ്പിലാക്കുകയും ചെയ്യുക.

**4- മറ്റുള്ളവരെ ബോധവൽക്കരിക്കുക:-** പക്ഷികളുടെ പ്രാധാന്യത്തെക്കുറിച്ചും അവ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും അവബോധം വളർത്തുകയും,അവ ചെറുക്കാനുള്ള മാർഗങ്ങൾ വിശദീകരിക്കുകയും ചെയ്യുക.

നമ്മുടെ ജീവിതത്തെയും പ്രകൃതിയെയും അത്രമേൽ സ്വാധീനിക്കുന്ന പക്ഷികളോട് മനുഷ്യനും പ്രകൃതിയും കടപ്പെട്ടിരിക്കുന്നു. അവരോടുള്ള നന്ദി സൂചകമായി ഓരോ വ്യക്തിയും സമൂഹം അവയ്ക്ക് സംരക്ഷണം ഏർപ്പെടുത്തണം . അങ്ങനെ ഈ പക്ഷി വൈവിധ്യത്തെ അടുത്ത തലമുറയ്ക്കായി നമുക്ക് കാത്തുസൂക്ഷിക്കാം.

**ഫാത്വിമ സഹ്ല കെ.വി**
**മാത്സ്**

# She Walks Without a Crown

She wakes before the morning light,
With sleepy eyes, she stands upright.
A mother's love, a daughter's grace,
A silent strength in every place.


The office calls, the baby cries,
She wipes her tears, but never sighs.
She leads at work, she cooks at home,
A queen without a golden throne.

She's the eldest, still they lean,
On her to fix what's in between.
No medals shine, no cheers are loud,
Yet she stands tall, forever proud.

So if you see her on her way,
With tired eyes and hair of grey—
Tell her softly, "You're enough,
You're brave, you're kind, you're strong,
you're tough."

Ayisha Sajila Paredath
Natural Science




# തിരിച്ചറിവ്

ഭൂവിൽ  ജനിക്കുന്നവർക്കൊക്കെയും
ഓരോ കഴിവുകളുണ്ട്, നിയോഗമുണ്ട്
സത്യമോ പല്ലവിയോയിതെന്ന്
ചിന്തിപ്പിക്കുന്ന നിമിഷങ്ങളും
മാനവനുണ്ട്

ഒഴുക്കിനുനേരെ ചലിക്കുന്ന ജീവിതം
മർത്ത്യനെ മന്ദനാക്കീടും പതുക്കെ,
ശക്തിയാർജിച്ചെത്തുന്ന ഒഴുക്കിൽ-
പ്പെടാതെ തന്റെ ലക്ഷ്യത്തിലെത്താൻ
ശ്രമിക്കുന്നിടം തന്നെ വിജയം

കൂട്ടുതേടിയിരുന്നാൽ പലതും
നമ്മെ കാത്തുനില്ക്കാതെ
കൺമുന്നിൽ
ദൂരെ പോയ് മറഞ്ഞീടും
ഏകാന്തതയിലാഴ്ന്നിറങ്ങു-
മ്പോഴാവാം
ചിലപ്പോൾ തിരിച്ചറിവിൻ വെട്ടം
മിന്നിത്തിളങ്ങുക

കാലം ചലിക്കുന്നു,
സമയം കുതിക്കുന്നു
ഒപ്പം മനുഷ്യനും പായുന്നു
അസ്തമിക്കും മുമ്പേ
തിരിച്ചറിഞ്ഞീടു നീ
നിന്റെ ജീവിതത്തിലെ
മൂല്യങ്ങളൊക്കെയും

നാസിയ നസ്റി ടി.കെ
നാച്ചുറൽ സയൻസ്

# ഒരു തീവണ്ടി യാത്രാനുഭവം

## TERRIBLE BEAUTY



സൂര്യൻ ഏഴാം സമുദ്രത്തിലോട്ട് അന്തിയുറങ്ങാൻ പോകും നേരം കൂട്ടിൽ ചേക്കേറാനൊരുങ്ങുന്ന ഒരു കിളിയായി മാറാനല്ല എനിക്കിഷ്ടം ,ചിറകു വീശി കാറ്റിനോടും കടലിനോടും മണ്ണിനോടും വിണ്ണിനോടും പാറിപ്പറന്ന് ഇണങ്ങിയും പിണങ്ങിയും യാത്രകളെ നെഞ്ചിലേറ്റാനാണ് എനിക്കിഷ്ടം...

അതിലേറെ പ്രിയം, വർഷക്കാലത്തെ മഴത്തുള്ളികൾ തീവണ്ടിയുടെ നീണ്ട ഇരുമ്പഴികളിലെങ്ങോ തട്ടിത്തടഞ്ഞു,വീഴാൻ ഒരുങ്ങുന്ന മഴത്തുള്ളികളോട് കിന്നാരം പറയുന്ന തീവണ്ടി യാത്രകളെയാണ് .

അധികമൊന്നും യാത്ര ചെയ്യാൻ അവസരം ലഭിച്ചിട്ടില്ലാത്ത, അല്ല... ഏറെ യാത്രകളൊന്നും ചെയ്തിട്ടില്ലാത്ത ഒരു യാത്രാ സ്നേഹി ആണ് ഞാൻ.

പിറ്റേന്ന് രാവിലെ ,ആദ്യ തീവണ്ടി യാത്ര...ആകാംക്ഷാ ഭരിതമായി കാത്തു നിൽക്കുന്ന മനസ്സിന്റെ വ്യഗ്രതക്ക് ആക്കം കൂട്ടി ,ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്ന് കോയമ്പത്തൂരിലേക്കുള്ള തീവണ്ടി യാത്രയും ചിന്തിച്ചു എപ്പോഴോ മയക്കത്തിലേക്ക് വഴുതി വീണു. അലാറം അടിക്കുന്ന ശബ്ദം കേട്ട് ഞെട്ടി എണീറ്റപ്പോഴും മനസ്സിന് വല്ലാത്തൊരുന്മേഷം തോന്നി. കസിന്റെ ഷോപ്പിന്റെ ഉദ്ഘാടനത്തിനായി അവൻ വിളിച്ചതിനാലാണ് അവൻതന്നെ ടിക്കറ്റെടുത്ത , ഈ യാത്രക്കൊരുങ്ങിയത്. സ്റ്റേഷനിൽ എത്തിയതും ട്രെയിൻ വന്നതും ഒരുമിച്ചായിരുന്നു ..എന്റെ ഇരിപ്പിടത്തിനായി തിരഞ്ഞപ്പോഴും മഴത്തുള്ളികളിറ്റു വീഴുന്ന ഇരുമ്പഴികളോട് ചേർന്നിരിക്കാനുള്ള ഇരിപ്പിടത്തിന് വേണ്ടി കണ്ണുകൾ പരതി. ഒടുവിൽ എന്റെ ഇരിപ്പിടത്തിൽ എത്തിയതും അരികു ചേർന്ന ഇരിപ്പിടം റിസേർവ്ഡ് ആണെന്ന് മനസ്സിലായി. പക്ഷെ ..എന്തൊക്കെ പറഞ്ഞിട്ടും മനസ്സ് സമ്മതിക്കുന്നില്ല വേറെങ്ങും ഇരിക്കാൻ. അങ്ങനെ ഒരു നാൽപ്പത്തിയാറു വയസ്സ് തോന്നിക്കുന്ന ഒരു മധ്യവയസ്കനോട് ശബ്ദം താഴ്ത്തി ചോദിച്ചു,

‘‘ചേട്ടാ...ഈ സീറ്റിൽ ഞാൻ ഇരുന്നോട്ടെ, നിങ്ങൾക് ബുദ്ധിമുട്ടില്ലെങ്കിൽ ഇവിടേക്ക് ഇരിക്കുമോ...’’ എന്ന് ചോദിച് അടുത്തുള്ള ഒഴിഞ്ഞ ഇരിപ്പിടത്തിലേക്ക് ചൂണ്ടിക്കാണിച്ചു.തെല്ലൊരമർഷത്തോടെയാണെങ്കിലും ഒന്നും മിണ്ടാതെ അയാൾ മാറിയിരുന്നു .ഞാൻ അയാളുടെ സീറ്റിലേക്കും. എന്തെന്നില്ലാത്ത നിർവൃതിയിൽ നീണ്ട ഇരുമ്പഴികളെ ഒരു സ്വപ്നത്തിലെന്ന പോലെ വിരലുകൾ സ്പർശിച്ചു..രാത്രി പെയ്ത മഴയുടെയോ പുലർച്ചെ പെയ്ത മഞ്ഞു തുള്ളികയുടെയോ സ്പർശനത്താൽ ഇരുമ്പഴികളാൽ തീർത്ത ആ ജനലുകൾ നേരിയ തണുപ്പാൽ കുളിർത്തിരുന്നു. തീവണ്ടി യാത്ര തുടങ്ങി. അല്ല ,അത് കാറ്റിനോടും മര

ത്തിനോടും സല്ലപിക്കാൻ തുട ങ്ങി. കാറ്റൊരു വായാടി ത ന്നെ..എത്ര പറഞ്ഞാലും അവളു ടെ കഥകൾ തീരാറില്ലെന്ന് തോ ന്നുന്നു.പെട്ടെന്ന് വലതു കയ്യിൽ തണുത്ത ഒരു സ്പർശം.... ഒരു കു ഞ്ഞിക്കൈ പോലെ ..നോക്കിയ പ്പോൾ ഒരു കുഞ്ഞിപ്പെണ്ണ്. നാലു വയസ്സായിട്ടുണ്ടാവില്ല.... അവളു ടെ ഇടവിട്ട കുഞ്ഞു പല്ലുകൾ കാ ട്ടി ചിരിച്ചു,എന്നെ നോക്കികൊ ണ്ട് പറഞ്ഞു.

'ആ പന്തെടുത്തു തരോ...'

ഞാൻ വേഗം ഇടതു കാ ലിന്റെ പിന്നിലേക്ക് വീണു കിടന്ന ആ പന്ത് എടുത്ത് അവളുടെ കൈകളിൽ കൊടുത്തു ഒന്ന് ചിരി ച്ചു. പെട്ടെന്ന് അവളുടെ അമ്മയെ ന്ന് തോന്നിപ്പിക്കുന്ന ഒരു സ്ത്രീ അവളുടെ കുഞ്ഞി കൈകൾ ആ ഞ്ഞു വലിച്ചു.

'വാ ഇവിടെ....അപ്പഴേ പറഞ്ഞതാ അങ്ങോട്ട് ഇറങ്ങല്ലേന്ന്'

ആരോടോ ഉള്ള അമർഷം ആ കു ഞ്ഞിനോടുള്ള വാക്കുകളിൽ തീർക്കുന്ന പോലെ.... ഞാൻ കൂ ടെയിരിക്കുന്നവരെ ചുറ്റിലും നോ ക്കി. ആരും ആരെയും ശ്രദ്ധിക്കു ന്നില്ല. .എല്ലാവരും അവനവന്റെ സ്വന്തം ലോകത്തു ഒറ്റക്കെന്ന പോലെ...ഞാൻ എന്റെ ലോക ത്തേക്ക് പതിയെ തിരിഞ്ഞു.

ഒരേ ഗതിയിൽ കാറ്റിനെ തന്റെ കൂടെ കൂട്ടുന്ന തീവണ്ടിയു ടെ മാന്ത്രികത അപാരം തന്നെ. അത് ഒരേ തരത്തിൽ എന്റെ മുഖ ത്തെ തഴുകി കൊണ്ടിരുന്നു. എ ന്റെ ലോകത്തിൽ അവയുടെ കൂ ടെ ഞാൻ മാത്രമേ ഉണ്ടായിരുന്നു ള്ളു. ഭംഗിയുള്ള ഈ യാത്ര, ആ കാംക്ഷയാൽ തലേന്ന് എന്റെ ഉറ ക്കം കെടുത്തിയത് ,അവ കാറ്റി നോട് പരാതി പറഞ്ഞോ ആ വോ..എന്തോ എന്റെ മിഴികളിൽ ഉ റക്കം കാറ്റിനാൽ ആ പരാതി തീർ ക്കാനായിരിക്കണം മെല്ലെ കടന്ന് വന്നു.

പെട്ടെന്ന് വീണ്ടും ആ കു ഞ്ഞിക്കൈ എന്നെ വന്നു തട്ടി വി ളിച്ചു .ഞാൻ നോക്കിയപ്പോൾ അ വൾ വിരലിലൊന്ന് വായിലേക്ക മർത്തി എന്നെ നോക്കിചിരിച്ചു കൊണ്ട് നിൽക്കുന്നു.

''ഇങ്ങോട്ട് വാ...''

ഞാനവളെ അടുത്തേക്ക് വിളിച്ചു .അവൾ അമ്മയിരിക്കുന്ന ഭാഗത്തോട്ട് ഒന്ന് തിരിഞ്ഞു നോ ക്കി .അവർ പാതി ഉറക്കത്തിലാ യിരുന്നു . അതവളിൽ എന്തോ ആശ്വാസം പകർന്ന പോലെ....ആ വിരൽ വായിലമർത്തിക്കൊണ്ട് ത ന്നെ ചിരിച് എന്റടുത്തേക്ക് വന്നു .നിഷ്കളങ്കമായ അവളുടെ ചിരി എന്നെ വല്ലാതെ സന്തോഷിപ്പി ച്ചു. ബാഗിൽ കരുതിയിരുന്ന ചോ ക്ലേറ്റിൽ ഒന്നെടുത്തു അവൾക്ക് നേരെ നീട്ടി. അത് കണ്ടപ്പോൾ അ വളുടെ കണ്ണുകളിലെ തിളക്കം കാണണമായിരുന്നു.!

അത് എന്റെ കയ്യിൽ നിന്നും വാ ങ്ങിയ ഉടനെ തന്നെ അവൾ തിരി കെ എന്റെ കയ്യിലേക്ക് തന്നെ അ ത് വെച്ചു.

''എന്തേ. ..വേണ്ടേ?''

അവൾ അപ്പോൾ ആചോക്ലേറ്റി ലേക്ക് തന്നെ വിരൽ ചൂണ്ടി .അ തിന്റെ വർണക്കടലാസ് അഴിക്കാ നാണ് അവൾ ആവശ്യപ്പെടുന്ന തെന്ന് എനിക്ക് മനസ്സിലായി .ഞാനത് പൊട്ടിച്ചതും അവൾ എ ന്റെ കയ്യിൽ നിന്നും അത് എടു ത്തു വായിലേക്കിട്ട് ഒരു കഷ്ണം കടിച്ചെടുത്തു എന്നെനോക്കി .

''ഇഷ്ടായോ?''

അവൾ ചിരിച്ചുകൊണ്ട് കൊണ്ട് തലയാട്ടി വീണ്ടും ചോ ക്ലേറ്റ് കഴിക്കാനൊരുങ്ങിയതും ,

''ദൃഷ്ടീ....ഇവിടെ വാടീ. ...''

എന്ന് അലറിക്കൊണ്ട് ആ സ്ത്രീ ഓടിവന്ന് അവളെ ഒറ്റ വലി!

അവളുടെ കുഞ്ഞുകൈകളിൽ നിന്നും ആ ചോക്ലേറ്റ് തെറിച്ചുവീ ണു. ..അവളുടെ കുഞ്ഞു കൈ കൾ ഇരപ്പിടത്തിന്റെ ഇരുമ്പ് തല ത്തിൽ ആഞ്ഞിടിച്ചു . പെട്ടെന്നു ള്ള ആ വിളിയിൽ അവൾ ഞെട്ടി പ്പോയി...കൈകൾ വേദനിച്ചതി ലും ചോക്ലേറ്റ് തെറിച്ചു വീണതി ലും സങ്കടത്തോടെയും ദേഷ്യ ത്തോടെയും അവൾ അലറികര ഞ്ഞു.

എന്നാൽ ...ആ സ്ത്രീ അതൊ ന്നും ശ്രദ്ധിക്കാതെ എന്നെത്ത ന്നെ തുറിച്ചുനോക്കിക്കൊണ്ടിരു ന്നു.

''ഞാനൊന്നറിയാതെ കണ്ണടച്ചു പോയതാ ...അപ്പോഴേക്കും താൻ...''

അവർ മുഴുവാക്കാനാക്കാതെ എ ന്നെനോക്കിക്കൊണ്ട് പറയാതെ എന്തൊക്കെയോ അവരുടെ അഗ് നി പാറുന്ന കണ്ണുകളിലൂടെ പറ ഞ്ഞുകൊണ്ടിരുന്നു. ആ കണ്ണുക ളിൽ വെറുപ്പിന്റെ അഗ്നിതുപ്പു ന്നപോലെ. ...

ചുറ്റുമുള്ള കണ്ണുകളെ ല്ലാം ഇപ്പോൾ എന്നിലേക്കായിരു



ന്നു. ഞാനെന്തോ അരുതാത്തത്  ചെയ്തപോലെ.. എന്നിലേക്ക് നീണ്ട ചുറ്റുമുള്ളകണ്ണുകൾ എന്നെ തളർത്തി. ഭയാനകമായ നോട്ടങ്ങൾ... വെറുപ്പിന്റെ നിഴലുകൾ എന്നിൽത്തന്നെ പ്രതിഫലിക്കുന്നതുപോലെ തോന്നി എനിക്ക്.. ചില പല്ലുകൾ എനിക്ക് നേരെ ഞെരുക്കം കൊള്ളുന്നു.. ഒരുവേള, ഭൂമി പിളർന്നു താഴേക്ക് പോയിരുന്നെങ്കിലെന്നാശിച്ചു. എന്റെ അനുവാദം കൂടാതെ എന്റെ ശിരസ്സ് താഴേക്ക് താ



ണു. നാവുകൾ ഒരിളക്കം പോലും...,ചലിച്ചില്ല...
എന്നിലെ പുരുഷത്വമെല്ലാം എവിടെയോ കയറി ഒളിച്ചിരിക്കുന്നു. എന്തിനേറെ പറയുന്നു, കാറ്റിനെ കൂടെക്കൂട്ടിയ തീവണ്ടിയുടെ ശക്തി പോലും നിലച്ചപോലെ! തീവണ്ടിയുടെ ഇരുമ്പഴികളിലൂടെയുള്ള സൗന്ദര്യമെല്ലാം ഭയാനകമായിതോന്നി. ആ സൗന്ദര്യത്തോടും എന്തോ ഒരു ഭയാനകത മാത്രമാണെനിക്ക് തോന്നിയത്. പുറത്തേക്ക് ഞാൻ നോക്കി ഇരുന്നു...എന്റെ ലക്ഷ്യസ്ഥാനത്തെത്തുന്നത് വരെ!

ഞാനെന്ത് തെറ്റ് ചെയ്തെന്നറിയില്ല ..ആ കുഞ്ഞിലും ഞാൻ കണ്ട നിഷ്കളങ്ക വാത്സല്യത്തിലും ഇവരെന്തു കണ്ടു???ഇതിനെയും ഈ മനുഷ്യർ ഭയത്തോടെ നോക്കിക്കാണുന്നു! ഈ ലോകം എങ്ങോട്ടാണ് പോകുന്നത്??അല്ല, ലോകത്തിന്റെ യാത്രയെ കുറ്റം പറഞ്ഞിട്ടും കാര്യമില്ലല്ലോ. എല്ലാ യാത്രയും സൗന്ദര്യമാർന്നതാവണമെന്നില്ലല്ലോ..
ഒന്നിനും നിഷ്കളങ്കമായ സൗന്ദര്യവുമില്ലാ...ഭയാനകമായ സൗന്ദര്യം മാത്രമല്ലേ ഉള്ളൂ. ..

ഒരു നെടുവീർപ്പോടെ ഞാൻ പാസ്സഞ്ചേർസിനുള്ള അനൗൺസ്മെന്റ് കോയമ്പത്തൂർ സ്റ്റേഷനിൽ നിന്നും ശ്രദ്ധിച്ചു.
അതെ, ആദ്യത്തെ ട്രെയിൻ യാത്ര ഭയാനകതയിലെ സൗന്ദര്യമായിരുന്നെനിക്ക് സമ്മാനിച്ചത്. അവ ഇന്നും അങ്ങനേ പതിഞ്ഞു കിടപ്പുണ്ടെന്റെ മനസ്സിൽ...ആദ്യത്തെ തീവണ്ടി യാത്രനുഭവം...

ശബീബ
ഇംഗ്ലീഷ്

# Dream

In the gentle realm where
dreams take flight,
They guide us through the darkest night.
With hope they paint each path we tread,
And lift us up to where dreams are fed.

In the college of our mind's embrace,
Dreams teach us lessons full of grace.
They whisper softly, "You can do",
And paint the sky in every hue.


Through hard work's steps, we make
them real,
Each effort sown, each fervent zeal.
In dreams we find our future's gleam,
A vibrant tapestry, a vivid dream.

Like birds of color in the sky,
Our dreams give wings, they help us fly.
In every vision, a promise true,
To guide us onward, to see us through.

So dream with eyes wide open, dear,
For dreams hold futures crystal-clear.
In their soft embrace, we find our might,
To chase our dreams, to reach the light.

Shabeeba Sherin
Social Science

# Home Run



# ഒരു ഇലക്ഷൻ അപാരത

ടാസ്കിന്റെയും ഇന്റേണൽസിന്റെയും പിന്നാലെയുള്ള ഓട്ടത്തിനിടയിൽ പെട്ടെന്നാണ് ആ ഇലക്ഷൻ ഞങ്ങളെ തേടി വന്നത്... ലോക്സഭ തിരഞ്ഞെടുപ്പിനുപോലും ഇത്ര ഉറ്റുനോക്കിക്കാണില്ല.... അത്ര ആവേശത്തോടെയായിരുന്നു ഞങ്ങളുടെ തുടക്കം .

52-50 എന്ന എണ്ണത്തിൽ സീനിയർസും ഞങ്ങളും നിലനിൽക്കുമ്പോൾ അവിടെ ഞങ്ങളുടെ തോൽവി സുനിശ്ചിതമായിരുന്നു. എങ്കിലും അത് പുറമെ ആരും കാണിക്കാൻ നിന്നില്ല. അത്ര മനോഹരമായി ഞങ്ങൾ ഇലക്ഷൻ പ്രചരണങ്ങളിലേക്ക് കടന്നു... ടിവിയിൽ ഇലക്ഷൻ വാഗ്ദാനങ്ങൾ കാണുന്ന പോലെ അത്ര തന്നെ ഗംഭീരമായ ഡയലോഗുകളാണ് അന്ന് അവിടെ എല്ലാ മത്സരാർത്ഥികളുടെ അടുത്ത് നിന്നും കേട്ടിരുന്നത്. അങ്ങനെ അത് കഴിഞ്ഞ് പോയി, വോട്ടിങ് ദിവസം വന്നെത്തി.. തോറ്റാലും ഞങ്ങളുടെ 50 വോട്ടും വേണം എന്നതിനാൽ വമ്പൻ പ്രചരണം ഞങ്ങൾക്കിടയിൽ തന്നെ നടത്തി (വെറും ഷോ ??). ഏതാണ്ട് എൻട്രൻസ് റിസൾട്ട് കാത്തിരിക്കുന്ന പോലെയായിരുന്നു ഇലക്ഷൻ റിസൾട്ട് അറിയാൻ ഞങ്ങളുടെ എല്ലാവരുടെയും കണ്ണും തള്ളിയുള്ള ഇരുപ്പ് (50 വോട്ട് നമുക്ക് കിട്ടിയോ എന്ന് അറിയണമല്ലോ).



പ്രതീക്ഷിച്ചപോലെ തന്നെ ഞങ്ങൾ തോറ്റിരുന്നു. എന്നാലും ആ ചളുപ്പ് ഞങ്ങൾ പുറമെ കാണിക്കാതിരിക്കാൻ പരമാവധി ശ്രമിച്ചു കേട്ടോ...സീനിയേഴ്സ് ജയിച്ചതിന്റെ അകമ്പടിയോടുകൂടിയുള്ള പാട്ടും കാര്യങ്ങളും ഉണ്ടായപ്പോൾ ഞങ്ങളും ഒട്ടും പുറകിൽ അല്ല എന്ന് കാണിച്ച് 50 വോട്ട് കിട്ടിയതിന്റെ ഒരു പാട്ട് ഞങ്ങളും ഇറക്കി ( കുറച്ച് പ്രഹസനം ആവാലോ ).

ഒരു സീറ്റ് പോലും ലഭിക്കാതെ ദയനീയമായ പരാജയം ആയിട്ട് പോലും അതിനെ വെല്ലുന്ന രീതിയിലുള്ള പ്രകടനങ്ങളും മുദ്രാവാക്യങ്ങളും ആയിരുന്നു ഞങ്ങളുടേത്...

എന്നിരുന്നാലും 52-50 എന്ന് മാറി... സീനിയർ - ജൂനിയർ എന്ന് മാറി. ഒറ്റക്കെട്ടായി 102 പേർ അടങ്ങിയ സൗഹൃദപരമായ യൂണിയൻ രൂപപ്പെട്ട് ആർട്സ്, സ്പോർട്സ് തുടങ്ങിയ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്താൻ സാധിച്ചു എന്നത് അവരെ അഭിനന്ദിക്കേണ്ട ഒന്ന് തന്നെയാണ്.

Happy to be a part of Hiraeth Union (2023-24)

ഐശ്വര്യ
ഫിസിക്കൽ സയൻസ്

# ക്യാമ്പ് ദിനങ്ങൾ

എന്റെ ബി.എഡ് പഠനകാലത്തെ ഒരു പുതിയ അനുഭവമായിരുന്നു സഹവാസക്യാമ്പ് . കുട്ടികളും അദ്ധ്യാപകരും ഒന്നിച്ച് താമസിച്ച് വളരെ മനോഹരമായ അനുഭവമായിരുന്നു നമ്മുടെ സഹവാസക്യാമ്പ് ആയ 'ചാലകം' .നാലു ദിവസത്തെ പരിപാടി ആയിരുന്നു. ഒരുപാട് പുതിയ അറിവുകൾ നേടിയും പകർന്നുകൊടുത്തും വളരെ രസകരമായ ക്യാമ്പ് ആയിരുന്നു .

ആദ്യ ദിവസം രാവിലെ ക്യാമ്പ് റെജിസ്ട്രേഷനും ഉത്ഘാടനവും ആയിരുന്നു . Dr. Rajesh Monji (Assistant professor, MES College Kalladi ) ആയിരുന്നു ഉത്ഘാടന കർമ്മം നിർവഹിച്ചത്. ഞങ്ങളെ ഗ്രൂപ്പുകളായി തിരിച് ഓരോരുത്തരും ഒരു സുഹൃത്തിനെ തെരഞ്ഞെടുത്തു, നമ്മുടെ ഏറ്റവും സന്തോഷം നിറഞ്ഞ അനുഭവവും അതുപോലെ സങ്കടം നിറഞ്ഞ അനുഭവവും പരസ്പരം ഷെയർ ചെയ്യലായിരുന്നു "മനസ്സ് കൊണ്ട് മാല കോർക്കാം" എന്നതിന്റെ സാരം. അങ്ങനെ നമുക്ക് നമ്മുടെ അനുഭവം പറയാനും കേൾക്കാനും ഒരു അവസരമൊരുക്കിയ പരിപാടി ആയിരുന്നു. പറയൽ മാത്രമല്ല, നമ്മൾ നല്ലൊരു കേൾവിക്കാരും ആയി മാറി. തികച്ചും വ്യത്യസ്തമായ ഒരു സെഷൻ ആയിരുന്നു .

Krishnakumar സാറാണ് പാവയരങ്ങിന് നേതൃത്വം നൽകിയത്. സാറിന്റെ കഥ പറച്ചിൽ രീതി നല്ല രസകരമായിരുന്നു .ഞങ്ങളെ 10 ഗ്രൂപ്പുകൾ ആയി തിരിച് പാവനിർമ്മാണം തുടങ്ങി .മാസ്ക് പാവ, ഗ്ലൗ പാവ, നിഴൽ പാവ ,പക്ഷി പാവ എന്നിങ്ങനെ പലതരം പാവകളെ ഉണ്ടാക്കി. ശേഷം നല്ലൊരു പപ്പറ്റ് ഷോയും നടത്തി.

ആദ്യത്തെ ദിവസം രാത്രി ഞങ്ങൾ 'womens day' എന്ന ഒരു ഷോർട്ട് ഫിലിം കണ്ടു. സ്ത്രീ പക്ഷത്തെ കുറിച് സംസാരിക്കുന്ന സിനിമ ആയിരുന്നു.



രണ്ടാം ദിവസം Nikhila Thari മാഡത്തിന്റെ കളരി പരിശീലനത്തോടെ ആയിരുന്നു തുടങ്ങിയത് .ശരീരത്തിനും മനസ്സിനും ഒരുപോലെ ഉണർവ് നൽകി കളരി .ഞാൻ ഏറെ ആസ്വദിച്ച ഒരു സെഷൻ ആയിരുന്നു ഇത്.

ശേഷം Josi Joseph സാറായിരുന്നു കൗൺസിലിങ് ക്ലാസ് കൈ




കാര്യം ചെയ്‌തത് .

ഉച്ചക്ക് ശേഷം Dr. Aswathi Kumaran റീപ്രൊഡക്റ്റീവ് ഹെൽത്തിനെ കുറിച്ച് സംസാരിച്ചു .നമ്മുടെ ഒരുപാട് തെറ്റിധാരണകൾ മാറ്റിത്തന്ന ക്ലാസ്സായിരുന്നു.
വൈകുന്നേരം "കുട്ടിക്കളികൾ" എന്ന സെഷൻ Arun സാർ കൈകാര്യം ചെയ്തു. ഗസൽ നൈറ്റോടെ ക്യാമ്പിന്റെ രണ്ടാം ദിനം അവസാനിച്ചു.

മൂന്നാം ദിവസം ഞങ്ങൾ ടൂറിൽ ആയിരുന്നു തൃശ്ശൂർ മൃഗശാല, തൂക്കുപാലം തുമ്പൂർമൊഴി ഡാം, ആതിരപ്പള്ളി വെള്ളച്ചാട്ടം എന്നിവിടങ്ങളിൽ ഒക്കെ സന്ദർശിച്ച് രാത്രി പെരുമ്പിലാവിൽ നിന്ന് ഭക്ഷണം കഴിച്ചു കോളേജിൽ എത്തി .രാത്രി ഏറെ വൈകിയാണ് കോളേജിൽ എത്തിയത്

നാലാം ദിവസം യൂണിവേഴ്സിറ്റി സ്കൂളിലെ അദ്ധ്യാപകനായ Vipin സാറാണ് സൂമ്പ സെഷൻ നടത്തിയത്. ശരീരത്തിനും മനസ്സിനും പുതിയ ഉണർവ് തന്നെ ഇതിലൂടെ ലഭിച്ചു. ഓഗസ്റ്റ് 15 ആയതിനാൽ രാവിലെ സ്വാതന്ത്ര്യദിന പരിപാടികൾ ആയിരുന്നു. ശേഷം Shihab സാറിന്റെ നേതൃത്വത്തിൽ ഒപ്പനയുടെ സെഷൻ ആയിരുന്നു .ഒപ്പനയുടെ ചരിത്രവും കുറച്ച് ചുവടുകളും ഞങ്ങളെ സാർ പഠിപ്പിച്ചു .അതിനുശേഷം ഞങ്ങൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ഒപ്പന കളിച്ചു .ക്യാമ്പിന്റെ അവസാനം Mathew സാറിന്റെ നാടൻപാട്ട് ആയിരുന്നു. തികച്ചും വേറിട്ട ഒരു അനുഭവം തന്നെ ആയിരുന്നു എനിക്ക് ഈ ക്യാമ്പ് .എല്ലാവർക്കും പരസ്പരം മനസിലാക്കാൻ പറ്റിയ അവസരമായിരുന്നു ഈ ഒരു സഹവാസക്യാമ്പ് . ഒരുപാട് പാഠങ്ങൾ ഈ ക്യാമ്പിലൂടെ എനിക്ക് ലഭിച്ചു .

നിള ഷീജ സുനിൽ
മാത്സ്



# മിടുക്കീസ് @ഇടുക്കി

ഒരുപാട് ദിവസങ്ങൾ നമ്മൾ ഒരുമിച്ച് ചിലവഴിക്കുമ്പോൾ ചില ദിവസങ്ങൾ അതിൽ നിന്നും പ്രത്യേകമാകുന്നു. മിടുക്കീസ് @ ഇടുക്കി എന്ന പഠനയാത്ര അത്തരം ചില നിമിഷങ്ങൾ കൊണ്ട് നിറഞ്ഞ, ഒരിക്കലും മറക്കാനാകാത്ത അനുഭവങ്ങളുടെ പടിഞ്ഞാറേ കാറ്റായിരുന്നു

ഇടുക്കിയുടെ കാഞ്ഞിരപ്പുഴകളും, വാഗമണിന്റെ പച്ച മലകളും കാഴ്ചകൾക്കായിരുന്നെങ്കിലും ഈ യാത്രയുടെ മുഖം മനുഷ്യൻ തന്നെയായിരുന്നു. ഓരോരുത്തരുടെയും expression, excitement, effort, energy.... എല്ലാം ചേർന്ന് ഈ യാത്രയുടെ പേര് പോലെ അതി ഗംഭീരം. 20 മിടുക്കികളുടെ കൂടെ... ഒരു ഒറ്റ ഹീറോ അല്ല, സർവൈവർ.



ഈ യാത്രയെ വേറിട്ടതാക്കിയത്, ഓരോരുത്തരിലെയും വ്യത്യസ്തമായ വൈബ് ആണെന്ന് പറയേണ്ടതുണ്ട്. റീൽ പ്രേമികൾ ഡ്രോണുകൾ പോലെ പാറിപ്പറന്ന് റീൽസ് എടുത്തുകൂട്ടുമ്പോൾ മറ്റു ചിലർ സ്റ്റൈൽ വിട്ടു വേറെ കളിയില്ല ഉറങ്ങുമ്പോൾ പോലും സൺ ഗ്ലാസ് നിർബന്ധം, ഏത് mood 'aesthetic mood' . ബസിൽ ഇടുന്ന ബീറ്റിൽ പോലും സ്റ്റെപ്പ് ഇട്ടുകാണിക്കുന്ന അൽ നൃത്തസംഘം, ഇതിനെന്താ ഭ്രാന്തോ എന്ന് ചിന്തിച്ച് ശാന്തമായിരിക്കുന്ന നിരീക്ഷകർ... ഇവർ ക്യാമറയ്ക്ക് മുന്നിൽ ശാന്തം. പക്ഷെ, ഗ്രൂപ്പ് ഫോട്ടോകളിൽ പൂക്കി, ചിലർ താൻ തന്നെ അവസാനം ബസിൽ കയറൂ... അങ്ങനെയെങ്കിലും എല്ലാവരും ഒന്ന് ശ്രദ്ധിക്കട്ടെ... ഏത് ഷമ്മി ഹീറോ ഡാ... ഇതാരാ... മാഫിയ ശശിയോ... അതാരാ.. എന്നാലും കിടക്കട്ടെ ഒരു post. പൃഥ്വി ഇല്ലെങ്കിലെന്താ ചേട്ടൻ ഇന്ദ്രനും സുന്ദരനാ... ചാൻസ് കിട്ടിയിട്ട് വരുന്നൊള്ളൂ. ഹായ്.. pool നല്ല നീല വെള്ളം.. ചിലർ ആദ്യമായി വെള്ളം കാണുന്നതുപോലെ. ട്രൂത്ത് ഓർ ഡയറിൽ ഒരു രാത്രി കൊണ്ട് പല അതീവ രഹസ്യങ്ങളും വെളിച്ചത്തിലായി, ഒരു ന്യൂ ജെൻ നാഗവല്ലി വരെ പിറന്നു.

ഒറ്റ ദിവസം കൊണ്ട് ഒരു പുതിയ ഞങ്ങളെ തന്നെ കണ്ടുപിടിക്കാൻ കഴിഞ്ഞതാണ് ഈ യാത്രയുടെ ഏറ്റവും വലിയ വിജയമെന്നു പറയാം. തിരിഞ്ഞു നോക്കുമ്പോൾ കേവലം സ്റ്റാറ്റസിലല്ല, ഈ യാത്രയുടെ മനോഹാരിത മനസ്സിന്റെ ഉള്ളിലായാണ് ഒതുങ്ങുന്നത്. ഇടുക്കിയും വാഗമണും കണ്ടതല്ല, നമ്മളെ കാണാൻ സാധിച്ച ഒരു മനോഹര സന്ദർഭമായിരുന്നു മിടുക്കീസ് @ ഇടുക്കി.

അസ്മില
ഫിസിക്കൽ സയൻസ്



# ടാലെന്റ്സ് ചാലഞ്ച് ഡേ

ഡിഗ്രി കഴിഞ്ഞ് എന്ത് ചെയ്യണമെന്നറിയാതെ ഓടിയ നീണ്ട രണ്ടു വർഷത്തെ നെട്ടോട്ടത്തിൽ കലാശിച്ചത് ബാച്ചിലർ ഓഫ് വിദ്യാഭ്യാസത്തിൻറെ മനോഹരമായ ഇൻറർലോക്ക് ചെയ്ത ഈ മുറ്റത്താണ്. പരിഭ്രമത്തോടെയും ഏറെ പരവേശത്തോടെയും, ഒരേസമയം ക്ലോക്ക് വൈസിലും ആന്റി ക്ലോക്ക് വൈസിലും നട്ടം തിരിഞ്ഞ കണ്ണുകളോടെ ആരംഭ ദിനത്തിൽ ചുവടുവെച്ച ഫാറൂക്ക് ബി.എഡ് കോളേജിന്റെ മുറ്റത്ത്. ഒന്നിന് തുടങ്ങി 12ൽ സമാപിച്ചു വീണ്ടും പുനരാവർത്തിക്കുന്ന കർമ്മോദ്യുക്തനായ ക്ലോക്കിന്റെ സൂചി ചരിത്രം മാറ്റി കുറിക്കാൻ ആവാതെ ദിനങ്ങളെ മുന്നോട്ടു തള്ളി മാറ്റുന്നതിനിടയിൽ.., കോളേജിന്റെ പടികളിലേക്ക് കാലെടുത്തു വെക്കുന്ന മുൻപേ ഞാനോടിയ ആ നെട്ടോട്ടം ഒന്നുകൂടിയങ്ങോടി. ഞങ്ങൾക്ക് കിട്ടിയ കുറച്ച് വിരലിലെണ്ണാവുന്ന സമയങ്ങൾ ഉണ്ടായിരുന്നു.. ആ ഒരു കളർഫുൾ 'ഡേ'യ് ക്കു വേണ്ടി.. അടിപൊളി 'ടാലെന്റ്സ് ഡേ'

കാണാൻ ഞങ്ങളമ്പതു പേരും ലുക്കൊക്കെയാണെങ്കിലും കുലീനത മുഖ്യം ആണല്ലോ... അതുകൊണ്ട് മനസ്സിൻറെ അടിത്തട്ടിൽ നിന്ന് സൗന്ദര്യ ദേവത ഒരു വിസമ്മതം ഒക്കെ പ്രകടിപ്പിച്ചെങ്കിലും ഞങ്ങൾ ആ പേരിടൽ ചടങ്ങ് അങ്ങ് നിർവഹിച്ചു... 'കാണാൻ ലുക്കില്ലെന്നേയുള്ളൂ ഭയങ്കര കഴിവാ!' അധ്യാപക വിദ്യാർത്ഥികൾ, വിഷയ പരിജ്ഞാനത്തിനു പുറമേ കലാലയത്തിനോട് വിട പറഞ്ഞു വിദ്യാലയങ്ങളിലേക്ക് ചേക്കേറുമ്പോൾ... പടിയിറങ്ങിയ കലാലയത്തിനോടുള്ള നന്ദിയെന്നവണ്ണം 'കലാലയ'ത്തിന്റെ ജീവൻറെ പാതിയായ 'കല'യെ മനസ്സിലേറ്റണമെന്നാണല്ലോ... നമ്മുടെ ലുക്കിനെ ചെറുതായൊന്ന് നോവിച്ചിട്ടാണെങ്കിലും ആ കലയെ കഴിവിന്റെ രൂപത്തിൽ ഇവിടെ പരാമർശിച്ചതിൽ തൃപ്തിയടഞ്ഞുവെന്ന് പറയാം... എങ്കിലെന്താ പേര് കളർ ആയല്ലോ.....

പിന്നീടങ്ങോട്ടുള്ള കുറഞ്ഞ ദിനങ്ങൾ ടാലൻറ്സ് ഡേ ക്കുള്ള കഴിവ് തെളിയിക്കൽ ചടങ്ങിനു വേണ്ടിയുള്ള നെട്ടോട്ടത്തിലായിരുന്നു.. പത്തു പേരും ടീമായി വന്ന് ആൾബലം കാണിച്ചാൽ മാത്രം പോരാ.. ഒറ്റയ്ക്ക് വന്നു കഴിവ് പരിപോഷിപ്പിച്ച് അധ്യാപകരെയും അധ്യാപക- വിദ്യാർത്ഥികളെയും കണ്ണ് തുറപ്പിക്കണം. ടാസ്കാണ്... അല്ലെങ്കിൽ ഒരു ചലഞ്ചാണ്... ഒരു ചാലഞ്ച് ഡേ... അങ്ങനെ അനുവദിച്ച കുറഞ്ഞ പീരീഡ് ഓഫ് ടൈമിൽ 5 ഓപ്ഷനുകളും കലാബുദ്ധിയെ കായിക ഉന്മേഷത്തോടെ കയ്യിൽ വീണ്ടെടുത്ത് പരിശീലനങ്ങൾ തുടങ്ങി.

അങ്ങനെ ഞങ്ങൾ ഇംഗ്ലീഷുകാർ.. 'എനിക്ക് അത് പറ്റും... എനിക്ക് അത് പറ്റൂല..' എന്ന് സ്ഥിരം വാഗ്വാദങ്ങൾക്കൊടുവിൽ മത്സരാർത്ഥികൾക്കും അധ്യാപകർക്കും മുന്നിൽ കാഴ്ചവെക്കാൻ തിരഞ്ഞെടുത്തത് ഒരു മോഡേൺ ഒപ്പന! സത്യം പറഞ്ഞാൽ ഒപ്പനയുടെ "അ ആ ഇ ഈ" പോലും നേരാംവണ്ണം അറിയാത്തതു കൊണ്ട് ഒപ്പന എന്ന കലാരൂപത്തെ വളച്ചൊടിച്ചു കുപ്പിയിലാക്കി ആവശ്യത്തിന് കൊട്ടും അത്യാവശ്യത്തിന് പാട്ടും കൂട്ടി നന്നായി കലർത്തി ഒരു.. മോഡേൺ ഒപ്പന!

കൊട്ടും ചാട്ടവും പോലും അത്ര വശമില്ലാത്തതുകൊണ്ട് ഞാൻ മെല്ലെ, 'പുത്യണ്ണാവാം..' എന്നങ്ങൊറപ്പിച്ചു. പരമ്പരാഗതവും പ്രാചീനവുമായി കാലാകാലങ്ങളിൽ കണ്ടു വരുന്ന ഒരു നാട്ടുനടപ്പുണ്ടല്ലോ... 24×7 നാണം ഫിറ്റ് ചെയ്തു വെച്ച വശ്യതയാർന്ന മുഖം, നമ്മുടെ മോഡേൺ പുത്യണ്ണിനു അത്ര വശ്യം അല്ലാത്തതുകൊണ്ട് അതിൽ നിന്നും മോചനം... അങ്ങനെ മോഡേൺ തോഴിമാരുടെ സ്ഥാനമുറപ്പിക്കലും, ഒരു നിലക്കും ശ്രുതിയും ധ്വനിയും ഒത്തു പോകാത്ത കുറേ പാട്ടു വരികളെ ഒരു വിധം പറഞ്ഞൊപ്പിച്ച് അതിനൊത്ത് താളം പിടിക്കുന്ന എന്റെ തോഴിമാരുടെ പാട്ടും കൊട്ടും കണ്ടു ഞാനും പ്രാക്ടീസിലാണ്. അഞ്ചുഓപ്ഷനുകളും വെല്ലുവിളികളെ നേരിടാൻ.. പഞ്ചേന്ദ്രിയങ്ങളെ അനുനയിപ്പിക്കുന്ന താളത്തിനും കൊട്ടിനും കഠിന പ്രാക്ടീസിനുള്ളിൽ കഴിയുമ്പോഴും ആൾബലത്തിന്റെ കഴിവ് തെളിയിക്കൽ മാത്രം ടാലൻസ് ഡേയ്ക്ക് അർത്ഥപൂർണ്ണതയേ നൽകുവാനാവുകയുള്ളൂ എന്ന ആ സത്യം എന്നെപ്പോലെ ചിലരുടെയും നീണ്ട ചോദ്യചിഹ്നമായി. വേദിയിലെ 'ഇൻഡിവിജ്വൽ ഐറ്റം' എന്താകുമെന്നുള്ളത് ഉള്ളിന്റെയുള്ളിൽ നീണ്ടു നിവർന്നു തന്നെ കിടന്നു. അങ്ങനെ തലേദിവസം ഒരു കഴിവും ഇല്ലാതെ പോയതല്ലോ.. എനിക്കെന്ന് ചിന്തിച്ച് ചിന്തിച്ചു.. അവസാനം, പാചകവിഭവം തയ്യാറാക്കി പാചകരീതി വിവരിക്കാമെന്ന് ഉറപ്പിച്ചെങ്കിലും.., പാചകവിഭവം എന്ന ദൗത്യം ബാക്കിയായി. പാചകരീതി മാത്രം സമർപ്പിക്കാനാവൂ എനിക്കെന്ന സത്യം ഞാൻ എന്നെതന്നെ അറിഞ്ഞു ബോധിച്ചതിനാൽ ആ ശ്രമം അവിടെ സീറോ വോൾട്ടിൽ പരാജയപ്പെട്ടു. അങ്ങനെ ഹിജാബ് റോളിംഗിൽ ഒരു ചാൻസ് കണ്ട് ഒരു പണിയും അറിയാതെ ആ പണിയാണ് ഞാൻ തിരഞ്ഞെടുത്തത്. അങ്ങനെ ടാലന്റ് ഡേ ദിവസം...

ഞങ്ങൾ ഒരുക്കിയ സഭാവേദി കണ്ട് ആദ്യമായി കാണുന്ന ഭാവം മുഖത്ത് വരുത്തി നിർവൃതിയടഞ്ഞു. പക്ഷേ പിന്നീടങ്ങോട്ട്... പതിഞ്ഞ പൂച്ചയെപ്പോലെ കൂടെയിരുന്ന ഓരോ അധ്യാപക- വിദ്യാർത്ഥികളിലെയും കലാ മുഖങ്ങളെ കണ്ട് എന്റെ നയനങ്ങൾ തെല്ലു നേരം ആശ്ചര്യഭാവത്തോടെ എത്തിനോക്കി... അനന്യയുടെ ബ്രേക്ക് ഡാൻസും രണ്ടു സ്നേഹമാരുടെ നൃത്തച്ചുവടുകളും, എല്ലാവരെയും ആവേശഭരിതരാക്കുന്നത് ഇരിപ്പിടങ്ങളിൽ തന്നെ സ്ഥാനം ഉറപ്പിച്ച ചിലരുടെ വ്യത്യസ്തതരം താളം പിടിക്കലുകളിൽ കാണാനായി. അപ്പോഴേക്കും വെള്ള പേപ്പറുകളോട് കൊഞ്ചിയും കുഴഞ്ഞും പെൻസിൽ മുനകൾ തീർത്ത പ്രണയത്തിന്റെയും ആത്മബന്ധത്തിന്റെയും വലയങ്ങൾ 'ചിത്രങ്ങൾ' എന്ന ഓമനപ്പേരിൽ പതിയെ മൊട്ടുകൾ വിരിയിച്ചു കൊണ്ട് മുന്നിലെ ബെഞ്ചിൽ



നിളയും ശോഭിതയും ഭാവന
യും..നൂലു കൊണ്ടിഴകളെ ചേർ
ത്ത് വെച്ച് വിരൽത്തുമ്പുകൾ
ആകാരവടിവോടെ ചുവടുവെ
ച്ചപ്പോഴേക്കും ചിത്രശലഭങ്ങളെ
മെനഞ്ഞെടുത്ത ശഹന...ശബ്ദ
ഗാംഭീര്യം കൊണ്ടും ഈണം
കൊണ്ടും അതിൻറെ തന്നെ
ധ്രുത ഗതിയെ വരുതിക്കുള്ളി
ലാക്കി നാദങ്ങൾ കൊണ്ട് കാ
തുകൾക്ക് ഇമ്പം സൃഷ്ടിച്ചതിൽ
ചിലതെല്ലാം മുഖത്ത് പുഞ്ചിരി
വിടർത്തുവാൻ ഏറെ സമയം
വേണ്ടി വന്നില്ല.

ടാലൻസ് ഡേ,അന്നേദിവ
സം പഞ്ചേന്ദ്രിയങ്ങൾക്കും ഒരു
പോലെ രമ്യമേറിയതായിരുന്നു
വെന്നത് തികച്ചും അർത്ഥവ
ത്തായത്, കാറ്റ് തഴുകികൊണ്ട്
വന്ന ചിക്കന്റെയും വ്യത്യസ്ത
തരം കേക്കുകളുടെയും രസമു
കുളങ്ങളെ കൊതിപ്പിക്കുന്ന ഗ
ന്ധം നാസികയിലേക്ക് തുളച്ചു
കയറിയപ്പോഴാണ്. പാചകവിദ
ഗ്ധരായ ഞങ്ങളിലെ ചില കൂ
ട്ടുകാർ, സ്നേഹം പ്രധാന ചേ
രുവയാക്കി പാകം ചെയ്ത വിഭ
വങ്ങൾ ഓരോന്നായി ഞങ്ങൾ
ക്ക് പകുത്തു നൽകുന്നതിനോ
ടൊപ്പം പാചകരീതി കൂടി വിള
മ്പി. അതിൽ ഏറ്റവും എളുപ്പം
വിളമ്പിയ വിഭവം കഴിക്കുക എ
ന്നതായത് കൊണ്ട് ഓരോന്നും
വായിലെത്തിച്ച് അനുരസ
ത്തോടെ സഹ അധ്യാപക- വി
ദ്യാർത്ഥികളുടെ അഭിരുചിയെ
അതുവരെ ഭക്ഷണവിഹീനമാ
യിരുന്ന എന്റെ പ്രിയപ്പെട്ട ഉദര
ത്തെ കൃതാർത്ഥയാക്കിയതിൽ
നന്ദിയോടെ സ്മരിച്ചു.. നർമ്മം നി
റഞ്ഞ സ്നേഹവിഭവങ്ങളുടെ ചി
ല കൂട്ടുകളെല്ലാം മനസ്സിൽ എവി
ടെയൊക്കെയോ തട്ടിത്തടഞ്ഞു
തളം കെട്ടിനിന്നു. നാഴിക്ക് നാല്
പതു വട്ടം 'ലോകാവസാനത്തി
ന്റെ നട്ടുച്ച' തലസ്ഥാനമാക്കിയ
90'സ് സെനാത്താനെ അതേ അ
ച്ചിൽ വേദിയിൽ വാർത്ത സോ
ഷ്യൽ സയൻസിലെ ഷബീബയു
ടെ അരങ്ങേറ്റം, അനിയന്ത്രിതമാ
യ പൊട്ടിച്ചിരിയുടെ കുത്തൊഴു
ക്കിലേക്ക് സഭയെ തള്ളി വിട്ടു. അ
രങ്ങിൽ ആടിത്തിമർക്കുന്ന കലാ
കാരെയും അതേസമയം മുന്നിലി
രിക്കുന്ന മൈലാഞ്ചി മുഴുവനാ
യും കൈകളിലേക്ക് ഒപ്പിയെടു
ക്കുന്ന മെഹന്തി മത്സരാർത്ഥി
കൾക്ക് കൈനീട്ടി, അനങ്ങാനും
വയ്യാതെ ഇതിപ്പോ തീരും തീരും
എന്ന മട്ടിൽ കൈകളിലേക്കും വേ
ദിയിലേക്കും മാറിമാറി നോക്കു
ന്ന പാവം ചിലർ... ഇടംവലം
കൈകളിലെ താജ്മഹൽ പണി
യുന്നത് തീർന്നതും അവരിലെ മു
ഖത്ത് കണ്ട പതിനാലാം രാവും
കഴിഞ്ഞുള്ള രാവിൻറെ ആ ചിരി
യും ഒന്ന് കാണേണ്ടുന്നത് തന്നെ
യായിരുന്നു. കൈകളിലും പേപ്പ
റുകളിലും താജ്മഹലുകൾ പണി
യുന്നതിനിടയിൽ റാംപ് വാക്കിന്
ഒരുങ്ങിയ ഹനൂനാന്റെ ഫ്രീയായി
കിട്ടിയ മുഖത്ത് മറ്റൊരു താജ്മ
ഹൽ പണിയുന്ന ശില്പി കൂടിയാ
യ ഖമറു വേദിയിൽ തന്നെ ആവ
രണങ്ങൾ പണിയുന്നതിൽ അതീ
വ ശ്രദ്ധയിലായിരുന്നു . വേദിയി
ലെ ഒരുക്കം കഴിഞ്ഞ് ബാക്ക്ഗ്രൗ
ണ്ടിൽ ഒരു തട്ട് മുട്ട് പാട്ടും കൂടി
വേദിയിൽ അങ്ങോട്ട് തകർത്ത്
ഹനൂന.. വീഡിയോക്ക് വോയി
സ് ഓവർ കൊടുക്കുന്ന പോ
ലെ നമ്മുടെ പരിപാടിയുടെ അ
ഭിമാന താരങ്ങളായ നോൺ
സ്റ്റോപ്പ് ബാഗ്രൗണ്ട് മ്യൂസിക്കു
കൾ ജസ്മിയയും ഐശ്വര്യ
യും ഒരു ചെറിയ ഇടവേള അർ
ഹിക്കുന്നതിനാലും നട്ടുച്ച തല
തിരിഞ്ഞു വന്നു തുറിച്ചു നോ
ക്കുന്നതിനാലും ഒരു അനൗൺ
സ്മെൻറ്.. ' ലഞ്ച് ബ്രേക്കിന്
ശേഷം പരിപാടി കൃത്യം രണ്ടു
മണിക്ക് ആരംഭിക്കുന്നതാണ്.'..

ലഞ്ച് ബ്രേക്കിനെ സമയം
പരിമിതി കാരണം ഞങ്ങൾ വീ
ണ്ടും രണ്ടാക്കി,ബ്രേക്ക് ആക്കി,
കുറച്ച് ലഞ്ചിനും കുറച്ച് കോ
സ്റ്റ്യൂം ആൻഡ് മേക്കപ്പ് ചേഞ്ചി
നും... പരാതികളും പരിഭവങ്ങ
ളുംഇല്ലാത്ത തരത്തിൽ രണ്ടു
പേർക്കും വീതിച്ചു കൈയിൽ
കൊടുത്തു. രണ്ടും ഉത്തരവാദി
ത്ത ബോധമുള്ള കാർന്നോന്മാ
രായതിനാലും, രണ്ടിലും ഒരു
പടി മുന്നോട്ടോ പിന്നോട്ടോ
'ഡോണ്ട് മൂവ്..' ആയതിനാ
ലും സംഗതി കറക്റ്റ് രണ്ടിന്
ഞങ്ങൾ വീണ്ടും മൾട്ടിപർപ്പസ്
ഹാളിൽ വേദിയിൽ ഇനി അര
ങ്ങേറാൻ പോവുകയാണ്... ക
ണക്കുകൂട്ടലുകൾ ഒരിക്കലും
തെറ്റാത്ത മാക്സുകാരും ചരി
ത്രം മാറ്റി കുറിക്കാൻ സോ
ഷ്യൽ സയൻസും പ്രകൃതിയി
ലേക്ക് അലിഞ്ഞുചേരാൻ നാ
ച്ചുറൽ സയൻസും ഊർജ്ജസ്വ
ലരായി ഫിസിക്കൽ സയൻ
സും നാക്കു പിഴക്കാതെ ഇംഗ്ലീ



ഷുകാരും ആൾബലത്തിന്റെ മികവ് പെരുപ്പിക്കാൻ വേദിയിലേക്ക്...

കെട്ടിയോന്റെയും ആങ്ങളമാരുടെയും കുപ്പായവും, നേരാം വണ്ണം ഉടുക്കാൻ പോലും അറിയാത്ത വെള്ളത്തുണിയും അടിച്ചുമാറ്റിയ ഞങ്ങളുടെ ടീം ഒപ്പന.. ഒപ്പന മോഡേൺ ആക്കാൻ കയ്യിൽ കിട്ടിയ കറുത്ത ഗ്ലാസും ട്രഡീഷണൽ ആക്കാൻ കയ്യിൽ ഒരു മുഴം മുല്ലയും.. വെച്ച് ടീം തയ്യാർ! നെഞ്ചിടിപ്പോടെ വേദിയിലേക്ക് കയറി തെറ്റിയതാളവും ചുവടും വെച്ച് മുന്നിലും പിന്നിലും പ്രാസം ഒപ്പിച്ച് പൂരിപ്പിച്ചു ഫില്ലാക്കി..ഒപ്പന കളറാക്കി. സൈനാത്താന്റെ 20'സ് മോഡേണിനോടുള്ള കണ്ണുകടിക്ക് ആശ്വാസമായി, ഒരു വെല്ലുവിളി എന്നോണം നാച്ചുറൽ സയൻസിന്റെ ഒപ്പന...നാണവും നർമ്മവും മർമ്മത്തിനൊത്ത്.. കണ്ണിനിമ്പമേറുന്ന തോഴികളാൽ 'ടീം കിഴക്ക് പൂക്കും മുരിക്കിനെന്തൊരു ചുക ചുകപ്പാണ്..'!

'കരളേ കരളിന്റെ കരളേ...' ഈണത്തിൽ പ്രണയ സല്ലാപങ്ങളും നാഗവല്ലി ഭാവങ്ങളും യക്ഷീഭാവങ്ങളും കൂട്ടിയും കുറച്ചും ഒരേ വേദിയിൽ ആടിത്തിമർത്ത ഫിസിക്കൽ സയൻസ്...

കേരളത്തനിമയുടെ സാരി ട്രന്റിൽ മാക്സ് കാരുടെ ഒരു അടിപൊളി ഡാൻസ്.. ഇടയിൽ പ്രശാന്ത ഗംഭീരമയത്തമുള്ള ശ്രവണ സുഗമമായ സ്ഥായിഭാവത്തെ ഭേദിച്ചുകൊണ്ട് സോഷ്യൽ സയൻസിന്റെ വേദിയിലെ ഒരു കല്യാണ മർമ്മമുള്ള പെണ്ണുകാണലും, കല്യാണം ഉറപ്പിക്കലും.. നർമ്മത്തിൽ ചാലിച്ച ഒരു അരങ്ങേറ്റം കൂടി ആയതോടെ സംഘടിത പ്രാപ്തി നാട്യം ആൾബലത്തിന്റെ പ്രാപ്തി നമിച്ചുകൊണ്ട് ടാലെന്റ്സ് ഡേയ്ക്ക് ശുഭാന്ത്യം....

അല്ല..,രണ്ടു വർഷത്തിലേക്കുള്ള ആത്മധൈര്യസംഹാരത്തിന്റെ ഒരു ഹ്രസ്വമായ ഇടവേളയോടെ ടാലെന്റ്സ് ഡേയ്ക്ക് ശുഭാന്ത്യം...!

ഷബീബ തസ്നി. ടി
ഇംഗ്ലീഷ്





# ഇവിടെ ഇങ്ങിനെയും ഒരു ജനവിഭാഗം

**" നിങ്ങൾ ദുഃഖിച്ചിരിക്കുമ്പോൾ ജീവിതം നിങ്ങളെ നോക്കി കളിയാക്കും.... നിങ്ങൾ സന്തോഷിക്കുമ്പോൾ ജീവിതം നിങ്ങളെ നോക്കി ചിരിക്കും... എന്നാൽ നിങ്ങൾ മറ്റുള്ളവരുടെ സന്തോഷത്തിന് കാരണമാകുമ്പോൾ ജീവിതം നിങ്ങളെ സല്യൂട്ട് ചെയ്യും"**

എവിടെയോ വായിച്ച വരികളെ അർത്ഥപൂർണ്ണം ആക്കുന്ന ഒരു ഫീൽഡ് ട്രിപ്പിന്റെ മധുരമൂറുന്ന ഓർമ്മകളും പങ്കുവയ്ക്കട്ടെ ഇന്നിവിടം. ബി എഡ് ജീവിതത്തിലെ അപരിചിത മുഖങ്ങളെ ചിരപരിചിതമാക്കാൻ ഒക്ടോബർ20, 2023 കോട്ടക്കൽ മിനി റോഡിൽ നിന്നും ആരംഭിച്ച യാത്ര ചെന്ന് അവസാനിച്ചത് മലമ്പാതകളും നാടുകാണിയും പ്രകൃതിരമണീയതയും കൊണ്ട് മാനവരെ മുഴുവൻ ശ്രദ്ധയാകർഷിച്ച വയനാടിന്റെ മണ്ണിലേക്കാണ്. വയനാട് എന്ന് കേൾക്കുമ്പോൾ നിങ്ങൾ വിചാരിക്കരുത് നമ്മൾ ഒരു പൊളി വൈബ് ക്രിയേറ്റ് ചെയ്യാൻ കച്ചകെട്ടി ഇറങ്ങിയതാണെന്ന്... ഏറെ ആവേശത്തോടെ താളത്തോടെ പുഞ്ചിരിയോടെ ഞങ്ങൾ 50 പേരടങ്ങുന്ന സ്റ്റുഡൻസ് ബറ്റാലിയൻ ഇതിനൊക്കെ ഞങ്ങളെ ഗൈഡ് ചെയ്തു അധ്യാപകരും ആടി തിമിർത്തു പോകുന്നത് കേവലം ചെറിയൊരു കാര്യത്തിന് അല്ല കൂട്ടരേ.... മുഹമ്മദ് സാറിൻറെ ആദ്യത്തെ ടാസ്ക് ചെയ്യാനാണ് ഇത്ര ഹൈപ്പിൽ ഞങ്ങൾ പോകുന്നത് എന്ന് ഞങ്ങളുടെ ആട്ടവും തുള്ളലുകളും കണ്ടാൽ പറയൂല ട്ടോ... കാടേറാൻ വാ എന്ന ടൈറ്റിലും വെച്ച് ഞങ്ങൾ യാത്ര തുടരുകയാണ് സഹൃദയരേ.... യാത്ര തുടരുകയാണ്...

ഈയൊരു ഫീൽഡ് ട്രിപ്പിന്റെ സദുദ്ദേശം നിങ്ങൾക്ക് അറിയേണ്ടേ.... ഒരു പ്രത്യേക ജനവിഭാഗത്തിന്റെ സംസ്കാരവും ജീവിതരീതികളും ചരിത്ര ഉറവിടവും ഭാഷയും വേഷവും വെല്ലുവിളികളും നേട്ടങ്ങളും നേരിട്ട് കണ്ടും കേട്ടും ചോദിച്ചു മനസ്സിലാക്കി എടുക്കുക എന്നുള്ള വളരെ വിശാലമായ ആസ്പെക്റ്റോട് കൂടി ഞങ്ങൾ തിരഞ്ഞെടുത്തു ആയിരുന്നു മുണ്ടേരി ട്രൈബൽ കോളനി. കാട്ടുനായ്ക്കർ ജനവിഭാഗത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ വൈവിധ്യങ്ങളെ ആഴത്തിൽ മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെ കാലത്ത് ആറുമണിക്ക് ഇറങ്ങിയ യാത്ര കൃത്യം 8:30ന് പ്രഭാത ഭക്ഷണത്തിന് ആയി താമരശ്ശേരിയിൽ എത്തി വീണ്ടും രസകരമായ മുഹൂർത്തങ്ങൾ ഡാൻസും പാട്ടും കമന്ററികളുമായി കൃത്യം 10:15ന് വയനാട് ഓൾഡ് വൈത്തിരി ഗാന്ധിജി ഗ്രാമത്തിൽ വച്ച് ഞങ്ങളുടെ ഗൈഡ് ആയ സുധീഷ് സാറിനെ കണ്ടുമുട്ടി.

യാത്ര ഓൾഡ് വൈത്തിരി യിലൂടെ പതിയെ പതിയെ മുന്നോട്ടു പോകുമ്പോൾ കരിന്തണ്ടൻ പ്രതിമയും അദ്ദേഹത്തിൻറെ ഹിസ്റ്റോറിക്കൽ പ്രാധാന്യവും രേഷ്മ മേം ചുരുങ്ങിയ വാക്കുകൾ കൊണ്ട് അവതരിപ്പിച്ചു. തേയില തോട്ടങ്ങൾക്കിടയിലൂടെ യുള്ള യാത്ര മുന്നോട്ടു പോകുംതോറും മുളങ്കാടുകളും ശേഷം വലിയ മരങ്ങൾ തിങ്ങി നിറഞ്ഞ പാടുകളും ആയി വനാന്തരങ്ങളിലൂടെ ഞങ്ങളുടെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചു അവിടെ ഞങ്ങളെയും കാത്ത് ഷൈമി എന്ന ഗൈഡും ഉണ്ടായിരുന്നു.

തീർത്തും നിശബ്ദമായ പ്രദേശത്തെ ശബ്ദമുപരിതമാക്കാൻ ഞങ്ങൾ പതിയെ രണ്ടു വി



ഭാഗങ്ങളായി തിരിഞ്ഞു. സുഹൈൽ സാർ വിസിത മാം വിഗ്നേഷ് സർ ലാലു സാർ അക്ഷിതാമാം തുടങ്ങിയവർ നേതൃത്വം കൊടുക്കുന്ന ഒരു ടീം മുണ്ടേരി ട്രൈബൽ കോളനിയെ ലക്ഷ്യമിട്ട് വഴിവെട്ടി യാത്ര തുടരുമ്പോൾ മറ്റൊരു ഭാഗത്ത് മുഹമ്മദ് സാർ രേഷ്മ മാം ബിബിൻ സാർ എന്നിവരെ അടങ്ങുന്ന ബെറ്റാലിയൻ വട്ടക്കൊണ്ടു കോളനിയിലേക്ക് വിവരശേഖരണത്തിനായി ഇറങ്ങി.

വിഗ്നേഷ് സാറിൻറെ നേതൃത്വത്തിൽ ഞങ്ങൾ വഴി തിരഞ്ഞ് വീട് വീടാന്തരം കയറിയിറങ്ങുമ്പോൾ ഒരുപാട് സുഖത്തിലും ആഡംബരത്തിലും ജീവിച്ചുകൊണ്ടിരിക്കുന്ന ഞങ്ങൾക്ക് ആ വീടുകളും അവയുടെ ശോചനീയാവസ്ഥയും ഒക്കെ സങ്കടക്കടലാണ് തീർത്തത്. പൊളിഞ്ഞു വീഴാറായ വീടും പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള അസൗകര്യങ്ങളും യാത്ര ബുദ്ധിമുട്ടുകളും തുടങ്ങി നിരവധി ഇല്ലായ്മകളിലൂടെ ജീവിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹം ഇവിടെ ഈ വയനാട്ടിൽ നമുക്കെടുത്ത് ഇങ്ങനെ നാളുകൾ എണ്ണി കഴിയുന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടത് ഇങ്ങനെയൊരു യാത്രയിലൂടെയാണ്. വിദ്യാലയങ്ങളും റേഷൻ കടകളും ഒക്കെ ചുണ്ടേൽ ടൗണിൽ ആയത് കൊണ്ടുതന്നെ വിദ്യാഭ്യാസത്തിനും ഇവിടെ ബുദ്ധിമുട്ട് തന്നെയാണ്. കാട്ടാനകളുടെ കടന്നുകയറ്റം വീടുകളും പൈപ്പ് ലൈനുകളും കാപ്പിത്തോട്ടങ്ങളും എല്ലാം നാശനഷ്ടത്തിൽ ആകുമ്പോൾ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള അനാസ്ഥ ആ വീട്ടുകാരെ കാട്ടുനായകർ ജന വിഭാഗത്തെ ഒന്നടങ്കം വീണ്ടും ദുരിതക്കയത്തിലേക്ക് എത്തിക്കുന്നു. വീടുകളിലെ ഒട്ടുമിക്ക സ്ത്രീകളും കുടുംബശ്രീ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാണ്. ഒരു പ്രത്യേകതരം കുറ്റിച്ചെടികൾ ഉണക്കി ഉണ്ടാക്കുന്ന അലക്ക ചൂലും പാത്രങ്ങളും വസ്ത്രങ്ങളും എല്ലാം പഴയ തുണികളിൽ കെട്ടി സൂക്ഷിക്കുന്ന രീതിയും ഒക്കെ ഞങ്ങൾക്ക് അവരുടെ ദാരിദ്ര്യത്തിന്റെ നീർച്ചുഴി വരച്ചുകാട്ടിത്തന്നു.

ഒരു കൂട്ടം തൊഴിലുറപ്പ് സ്ത്രീകളെ കാണാനിടയായപ്പോൾ അവരുമായി ചെറിയ വിശേഷങ്ങൾ ഏർപ്പെട്ടു നായ്ക്കർ ജനവിഭാഗത്തിന്റെയും പുറാലോകവും ആയിട്ടുള്ള ഏക ബന്ധം കുടുംബശ്രീയുടെ കീഴിൽ കണ്ണൂരിലേക്ക് അവർ നടത്തിയ ഒരു ടൂർ മാത്രമാണ് എന്നറിയാൻ സാധിച്ചു കൂടാതെ ചില വിദ്യാർത്ഥികൾ ഹോസ്റ്റലിൽ നിന്ന് പഠിക്കുന്നു എന്നറിഞ്ഞപ്പോൾ ചെറുതെങ്കിലും മാറ്റങ്ങൾ ഇനിയുള്ള തലമുറകളിൽ കാട്ടുനായ്ക്കാർ വിഭാഗത്തിന് ഉണ്ടാവുമെന്ന് പ്രതീക്ഷ ഞങ്ങളെ സന്തോഷിപ്പിച്ചു.

വോട്ടെടുപ്പ് രീതികളും ഇലക്ഷനും എല്ലാം മുറപോലെ നടക്കുന്നുണ്ടെങ്കിലും കാര്യമായ മാറ്റങ്ങൾ ഒന്നും തന്നെ അവരുടെ ജീവിത രീതികളിലോ വിദ്യാഭ്യാസ സമ്പ്രദായങ്ങളിലോ ഒന്നും കാണാൻ സാധിച്ചിട്ടില്ല മതപരമായ കാര്യങ്ങളിൽ നേതൃത്വം നൽകാൻ മൂപ്പന്മാർ എന്ന ഒരു വിഭാഗം അവർക്കുണ്ട് അവരാണ് അമ്പലത്തിലെ ആഘോഷങ്ങൾക്കും വിവാഹമംഗള കർ

മങ്ങൾക്കും നേതൃത്വം നൽകുന്നത് തിരണ്ടു കുളി എന്ന് ആർത്തവം ആരംഭം വളരെ വിപുലമായ ഒരു ആഘോഷമായി കൊണ്ടാടുന്ന ഒരു ജനവിഭാഗമാണ് കാട്ടുനായ്ക്കാർ. മൃതശരീരം ഒരു പ്രത്യേക രീതിയിൽ അടക്കം ചെയ്യുന്ന രീതിയും ഇവർ തുടർന്നുകൊണ്ടിരിക്കുന്നു. ശേഷം ഇരുവിഭാഗങ്ങളും തങ്ങളുടെ വിവരശേഖരണം കഴിഞ്ഞ് ആ വിഭാഗത്തിന്റെ ഒരു പ്രത്യേക ഒരു സ്ഥലത്ത് ഒരുമിച്ചുകൂടി. കൃത്യം ഒന്നേ 20ന് ഉച്ച ഭക്ഷണം കഴിച്ച് ഞങ്ങൾ ഒരു നാടൻപാട്ട് സദ്യ ഒരുക്കി. വയനാടിനെ പ്രകീർത്തിച്ചും വർണ്ണിച്ചും സുബീഷ് ഷൈമി അവതരിപ്പിച്ച നാടൻപാട്ടിന്റെ ഓളത്തിനും താളത്തിനും ഞങ്ങളും കൂടെ കൂടിയപ്പോൾ യാത്ര സാർത്ഥകമാവും വിധം മനസ്സിനെ സന്തോഷിപ്പിച്ച നിമിഷങ്ങളായ അവ മാറി.

അവിടെയുള്ള സ്ത്രീകളുടെയും പുരുഷന്മാരുടെയും ജീവിതത്തിലെ ഒരു ചെറിയ നിമിഷമെങ്കിലും ഞങ്ങളുടെ സാന്നിധ്യം കൊണ്ട് പുഞ്ചിരിപ്പിക്കാനും അവരുടെ കഥകൾ കേൾക്കാൻ ചെവി കൊടുക്കാൻ ഒരാളുണ്ടെന്ന് മനസ്സിലാക്കാനും ചിലവഴിച്ച നിമിഷങ്ങൾ ആയിരിക്കും ഈ ബിയർ ജീവിതത്തിൻറെ നന്മകളിലെ ആദ്യ ചുവടുവെപ്പ്. ഏറെ സന്തോഷത്തോടെ സങ്കടത്തോടെ അതിലുപരി ചിന്താശേഷിയോടെ ഈയൊരു ടാസ്കിന്റെ എല്ലാ ഭാഗങ്ങളും വിവരശേഖരണങ്ങളും തീർത്തും ഔപചാരികമായി പൂർത്തീകരിക്കാൻ സാധിച്ചു ഞങ്ങൾ അവരോട് യാത്ര പറഞ്ഞു ഇറങ്ങി.

പിന്നീട് അങ്ങോട്ടുള്ള മടക്കയാത്ര മുഴുവനും പാട്ടും ഡാൻസും നിറഞ്ഞതായിരുന്നു. ശേഷം സന്ധ്യയോട് അടുക്കുന്ന കോഴിക്കോട് ബീച്ച് കാണാൻ ഞങ്ങൾ ഇറങ്ങി. തീർത്തും ഉല്ലസിച്ചും കഥ പറഞ്ഞും ജനങ്ങൾക്കിടയിലൂടെ ഞങ്ങൾ ഫാറൂഖിന്റെ മക്കൾ മതിമറന്ന ആസ്വദിച്ചു. കൃത്യ 7 30ന് ബീച്ചിൽ നിന്നും മടങ്ങിയ ഞങ്ങൾ ചേളാരിയിൽ വെച്ച് ചേളാരിയിൽ വെച്ച് അൽഫാമു റൊട്ടിയും വയറിലാക്കിയതോടെ യാത്രയുടെ അന്ത്യത്തിലേക്ക് എത്തി.

ബിഎഡ് കലാലയത്തിന്റെ ആദ്യത്തെ ടാസ്കും ഞങ്ങളെല്ലാവരും ഒരുമിച്ചിട്ടുള്ള ആദ്യത്തെ യാത്രയുമായ വയനാടിലെ ഈയൊരു ഫീൽഡ് ട്രിപ്പ് ഉല്ലാസത്തിലുപരി ഒരുപാട് ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത അനുഭവമായിരുന്നു. ഒരുപാട് സുഖലോലുപതയിൽ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്ന ഞങ്ങൾക്ക് അവരുടെ ജീവിതരീതികളും ഭക്ഷണ ബുദ്ധിമുട്ടുകളും മറ്റും കണ്ടപ്പോൾ ദൈവം നമുക്ക് നൽകിയ അനുഗ്രഹത്തിന് സ്തുതി പറയുന്നതോടൊപ്പം നമ്മുടെ ചുറ്റുപാടുള്ളവരുടെ ജീവിതത്തെയും നമ്മോടൊപ്പം കൈപിടിച്ചുയർത്താൻ ഇനി വരുന്ന തലമുറയ്ക്ക് എന്ത് സാധിക്കുമെന്ന ചോദ്യം തിരിച്ചും മറിച്ചും ചിന്തിക്കാനും ഒരു അവസരമായി മാറിയിട്ടുണ്ട്. ഒരുപക്ഷേ ഞങ്ങൾ നൽകിയ ക്രയോൺസിന്റെയും ഡ്രോയിങ് ബുക്കിന്റെയും സമ്മാനപ്പൊതി കണ്ടു ചിരിച്ച കുഞ്ഞുമക്കളുടെ മുഖം ഇന്നും മനസ്സിൽ തങ്ങി നിൽക്കുന്ന ഒരു ഓർമ്മയാണ്. അവർക്ക് നൽകിയ ബിസ്കറ്റുകളും അതുല്യ സാന്ത്വനത്തിന്റെ ഞങ്ങളുടെ വാക്കുകളും കുറച്ചുനിമിഷമെങ്കിലും അവരെ ജീവിതത്തോട് സന്തോഷത്തോടെ നേരിടാനുള്ള ഒരു കരുത്ത് പകരാൻ ഞങ്ങളുടെ എളിയ വാക്കുകൾ കൊണ്ട് സാധിച്ചിട്ടുണ്ടാവും എന്ന ശുഭപ്രതീക്ഷയിലാണ് വയനാടിനോട് ജന വിഭാഗത്തോട് യാത്ര പറഞ്ഞു മലബാറിന്റെ മണ്ണിലേക്ക് ഞങ്ങൾ ചുരമിറങ്ങിയത്.

ജസീല എ.പി
ഇംഗ്ലീഷ്



# ചരിത്ര ഭൂമിയിലേക്കൊരു യമണ്ടൻ യാത്ര



ബിഎഡിന് ചേർന്നത് മുതൽ പ്രതീക്ഷയോടെ കാത്തിരുന്ന ഒന്നാണ് അവസാന സെമെസ്റ്ററിലെ പഠനയാത്ര. അത് ഡൽഹി, ആഗ്ര, പഞ്ചാബ് എന്നിവിടങ്ങളിലേക്കാണെന്ന് അറിഞ്ഞപ്പോൾ ചരിത്ര വിദ്യാർത്ഥി എന്ന നിലയിൽ എനിക്ക് വളരെയധികം സന്തോഷം തോന്നി. ഡിഗ്രിക്ക് പഠിക്കുമ്പോൾ ആസൂത്രണം ചെയ്ത് നടക്കാതെ പോയ ഡൽഹി യാത്ര എന്റെ മനസ്സിലേക്ക് ഓടിവന്നു. എന്നെ സംബന്ധിച്ചു ജീവിതത്തിലാദ്യമായി തീവണ്ടി കയറാൻ പോകുന്നുവെന്ന പ്രത്യേകത കൂടിയുണ്ട് ഈ യാത്രക്ക്.

"Naye Rasthe" എന്ന പേരാണ് ഞങ്ങളുടെ യാത്രക്ക് നൽകിയത്. ഫെബ്രുവരി 17 ശനിയാഴ്ച കൃത്യം 4.30 ന് തന്നെ ഞങ്ങൾ 26 വിദ്യാർത്ഥികളും കാവൽ ഭടന്മാരായി 3 അധ്യാപകരും കൂടി തിരൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും മംഗള എക്സ്പ്രസിൽ യാത്ര തിരിച്ചു. കളി തമാശകളുമായും അവരവർ കൊണ്ടുവന്ന ഭക്ഷണ പദാർത്ഥങ്ങൾ പരസ്പരം പങ്കിട്ടും രണ്ടുദിവസം ട്രെയിനിൽ കഴിഞ്ഞു. പത്തൊമ്പതാം തീയതി രാവിലെ 10 മണിക്ക് ആഗ്ര റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി. ടൂർ ഓപ്പറേറ്റർ ബസ്സുമായി ഞങ്ങളെ കാത്തു നിൽക്കുന്നുണ്ടായിരുന്നു.

റൂമിലെത്തി വസ്ത്രം മാറിയ ഉടനെ ആദ്യം പോയത് ആഗ്ര ഫോർട്ടിലേക്കാണ്. കോട്ടയുടെ 75 ശതമാനവും സൈന്യത്തിന്റെ നിയന്ത്രണത്തിലാണ്. ശേഷിക്കുന്ന ഭാഗമത്രയും കൗതുകത്തോടെ തന്നെ നടന്നു കണ്ടു.

ആഗ്ര എന്ന് കേൾക്കുമ്പോൾ തന്നെ ഏതൊരാളെയും പോലെ ലോകത്തിലെ ഏറ്റവും മനോഹരമായ കെട്ടിടങ്ങളിൽ ഒന്നായ പ്രണയസൗധം കാണുക എന്നതായിരുന്നു എന്റെയും മനസ്സിൽ. അതിന് അനുയോജ്യമായ വസ്ത്രധാരണവും ഞങ്ങൾ മുൻകുട്ടി പ്ലാൻ ചെയ്തിരുന്നു. ഷാജഹാൻ ചക്രവർത്തി തന്റെ ഭാര്യയോടുള്ള സ്നേഹം

ലോകത്തോട് വിളിച്ചു പറയുന്ന രീതിയിലായിരുന്നു താജ്മഹലിനെ നിർമ്മാണം. സൂര്യരശ്മികൾ കെട്ടിടത്തിൽ പതിഞ്ഞപ്പോൾ താജിന്റെ കാഴ്ച കൂടുതൽ മനോഹരമാക്കി.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ ഭരണ സിരാകേന്ദ്രമായ ഡൽഹിയിലേക്കാണ് അടുത്ത ദിവസം ലക്ഷ്യമിട്ടത്. സാമൂഹ്യ ശാസ്ത്ര പാഠപുസ്തകത്തിലും ടിവി ചാനലുകളിലും കണ്ട രാഷ്ട്രപതിഭവനും പാർലമെന്റ് മന്ദിരവും എല്ലാം വിശദമായി തന്നെ കാണാൻ സാധിച്ചത് വളരെ നല്ലൊരു അവസരമായിരുന്നു. സാധാരണ ജനങ്ങൾ തിരഞ്ഞെടുത്തു വരുന്ന പ്രതിനിധികൾ ആയതുകൊണ്ടാണ് ലോകസഭയിലെ കാർപെറ്റിന് പച്ച നിറമാക്കിയത് എന്ന വസ്തുത ഗൈഡ് ഞങ്ങൾക്ക് വിശദീകരിച്ചു നൽകി. ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ ലിഖിത ഭരണഘടന സൂക്ഷിക്കുന്ന പാർലമെന്റ് ലൈബ്രറി കാണാൻ സാധിച്ചത് വലിയൊരു അനുഗ്രഹമായി തോന്നി. 'ഭരണഘടന കാണാൻ സാധിക്കുമോ?' എന്ന ഞങ്ങളുടെ നിഷ്കളങ്കമായ ചോദ്യത്തിന് ലൈബ്രേറിയന്റെ മറുപടി കേട്ടപ്പോഴാണ് അതിന്റെ ഗൗരവം മനസ്സിലായത്. നാഷണൽ ഫിസിക്കൽ ലബോറട്ടറിയുടെ നിയന്ത്രണത്തിൽ നൈട്രജനും ഹീലിയവും ഉപയോഗിച്ച് സംരക്ഷിച്ചു പോരുന്ന ഭരണഘടന ലൈബ്രറിയിൽ ഉള്ളവർ പോലും കാണാറില്ലത്രെ!

ലോകത്തിലെ തന്നെ ഏറ്റവും വലിയ യുദ്ധ സ്മാരകങ്ങളിലൊന്നായ ഇന്ത്യാ ഗേറ്റിലേക്കായിരുന്നു അടുത്ത ഊഴം. ഒന്നാം ലോകമഹായുദ്ധത്തിലും അഫ്ഗാൻ യുദ്ധത്തിലും മരിച്ച സൈനികരുടെ ഓർമ്മക്കായാണ് ഈ സ്മാരകം നിർമ്മിച്ചത്. അതിൽ കൊത്തിവെച്ച പേരുകൾ ഞങ്ങൾ വായിച്ചെടുക്കാൻ ശ്രമിച്ചു. ചുറ്റും മനോഹരമായ പൂച്ചെടികളാൽ സമൃദ്ധമാണ് ഇന്ത്യാ ഗേറ്റ്.

പഞ്ച നദികളുടെ നാടായ പഞ്ചാബിലേക്കായിരുന്നു അടുത്ത ദിവസത്തെ യാത്ര. പാഠപുസ്തകങ്ങളിൽ ഒരുപാട് തവണ പഠിപ്പിക്കുകയും പഠിക്കുകയും ചെയ്തത് കൊണ്ടാവാം ജാലിയൻ വാലാബാഗിൽ എത്തിയപ്പോൾ മനസ്സിന് ഒരു വീർപ്പുമുട്ടൽ പോലെ അനുഭവപ്പെട്ടു. ഇടുങ്ങിയ കവാടത്തിലൂടെ നടന്നു നീങ്ങുമ്പോഴും ബുള്ളറ്റുകൾ തറച്ച ചുമരുകളും രക്തസാക്ഷി കിണറും എല്ലാം കണ്ടപ്പോൾ ജാലിയൻവാലാബാഗ് കൂട്ടക്കൊലയുടെ ദൃശ്യങ്ങൾ വീണ്ടും വീണ്ടും ഓർമിപ്പിച്ചു. രാജ്യസ്നേഹം തുളുമ്പുന്ന വാഗാ അതിർത്തിയിലേക്കായിരുന്നു പിന്നീട് പോയത്. വൈകുന്നേരത്തെ ഹൈലൈറ്റ് ആയ 'ബീറ്റിംഗ് ദി റിട്രീറ്റ്' ചടങ്ങായിരുന്നു ഞങ്ങളുടെ ലക്ഷ്യം. ഇന്ത്യ ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ ആരാധനാലയങ്ങളിലൊന്നായ സുവർണ്ണ ക്ഷേത്രത്തിലേക്ക് ആയിരുന്നു അടുത്ത സന്ദർശനം. കയ്യും കാലും കഴുകി തല മറച്ച ശേഷം മാത്രമേ ഏതൊരാൾക്കും അവിടേക്ക് പ്രവേശനമുള്ളൂ. ഓരോ സിഖുകാരനും അവരുടെ മതവിശ്വാസത്തിന് എത്രത്തോളം പ്രാധാന്യം നൽകുന്നുണ്ടെന്ന് നമുക്ക് അവിടെ കാണാൻ സാധിക്കും. ഇരുട്ടിൽ തിളങ്ങുന്ന സുവർണ്ണ ക്ഷേത്രം കണ്ണഞ്ചിപ്പിക്കുന്ന ഒരു കാഴ്ച തന്നെയാണ്.



അടുത്ത ദിവസം കുത്തുബ് മിനാറിലേക്കാണ് പോയത്. നൂറ്റാണ്ടുകളുടെ പഴക്കം ഉണ്ടായിട്ടും ഇന്നും തലയെടുപ്പോടെ നിൽക്കുന്ന പടുകൂറ്റൻ മിനാരം. ചിത്രങ്ങളിൽ മാത്രം കണ്ടു പരിചയിച്ച എനിക്ക് കുത്തബ്മിനാർ നേരിൽ കണ്ടപ്പോൾ അത്ഭുതം തോന്നി ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ഇഷ്ടിക ഗോപുരം എന്ന പേരും ഇതിന് സ്വന്തം. 73 മീറ്റർ ആണ് ഇതിന്റെ ഉയരം. ഗുപ്ത കാലഘട്ടത്തിലെ ബ്രഹ്മി ലിപിയോടു കൂടിയ ഇരുമ്പ് തൂണ്ടു കുത്തബ്മിനാറിനോട് ചേർന്ന് കാണാൻ സാധിച്ചു. കുത്തബ് മിനാറിനെ മറികടക്കാനായി അലാവുദ്ദീൻ ഖൽജി നിർമ്മിക്കാൻ ശ്രമിച്ച അലൈമിനാറിന്റെ അപൂർണ്ണമായ ഭാഗങ്ങളും സമീപത്ത് കാണാൻ സാധിച്ചു. ചുട്ടുപൊള്ളുന്ന വെയിലിലും ഇടയ്ക്കിടെ പറക്കുന്ന വിമാനങ്ങൾ ഉൾപ്പെടുന്ന ചിത്രങ്ങൾ പകർത്താൻ ഞങ്ങൾ മറന്നില്ല.

ഡൽഹിയുടെ

പ്രധാന ആകർഷണമായ ലോട്ടസ് ക്ഷേത്രത്തിലേക്ക് ചെന്നപ്പോഴാണ് നിർമ്മാണ രീതി കൊണ്ട് വിസ്മയിപ്പിച്ച ഈ ക്ഷേത്രത്തിലേക്ക് എല്ലാവർക്കും പ്രവേശനം നൽകുമെന്നറിഞ്ഞത്. ബഹായ് മത വിശ്വാസികളുടെ ആരാധനാലയമായ ഇവിടെ നിശബ്ദത മാത്രമാണ് പ്രാർത്ഥന. ജലാശയങ്ങളെക്കൊണ്ട് ചുറ്റപ്പെട്ടതുകൊണ്ടുതന്നെ നല്ല തണുപ്പും അതിനോടൊപ്പമുള്ള മൗനവും നല്ലൊരു അനുഭവം തന്നെയായിരുന്നു.

ഇന്ത്യയിലെ ഏറ്റവും വലിയ ഹിന്ദു ക്ഷേത്ര സമുച്ചയങ്ങളിലൊന്നായ അക്ഷർധാം ക്ഷേത്രമാണ് അടുത്ത ലക്ഷ്യം. സമയം ഇരുട്ടി തുടങ്ങിയത് കൊണ്ടുതന്നെ സായാഹ്നത്തിൽ ക്ഷേത്രത്തിന് പ്രത്യേക പ്രൗഢി തന്നെയുള്ളതായി തോന്നി.

വേദ സാഹിത്യമനുസരിച്ചുള്ള 10 ദിശകളെ പ്രതിനിധീകരിക്കുന്ന 10 കവാടങ്ങൾ കണ്ടു. സ്വാമി നാരായണന്റെ വലിയ പ്രതിമയും ക്ഷേത്രത്തിൽ ഉടനീളം മനോഹരമായ കൊത്തു പണികളും കാണാൻ സാധിച്ചു. മൊബൈൽ ഫോണിന് നിയന്ത്രണം ഉള്ളതുകൊണ്ടുതന്നെ എല്ലാവരും ആസ്വദിച്ചു കണ്ടതും അക്ഷതം ക്ഷേത്രം ആയിരുന്നു ശേഷം മെട്രോയിൽ കയറാനും അവസരം ലഭിച്ചു.

ഡൽഹിയിലെ അവസാന ദിവസം കുറച്ചുനേരത്തെ തന്നെ ഇറങ്ങിയിരുന്നു. മഹാത്മാഗാന്ധിയുടെ സമാധിസ്ഥലമായ രാജ് ഘട്ടിലേക്ക് രാവിലെ തന്നെ പോയതുകൊണ്ട് ഞങ്ങൾ മാത്രമേ സന്ദർശകരായി ഉണ്ടായിരുന്നുള്ളൂ. പൂക്കളാൽ അലങ്കരിച്ച നിത്യജ്വാല തെളിയുന്ന ശാന്തമായ അന്തരീക്ഷമായിരുന്നു അവിടെ. മഹാത്മാഗാന്ധിയോടുള്ള ആദരസൂചകമായി സല്യൂട്ട് ചെയ്ത ശേഷം അവിടെ നിന്നും ഇറങ്ങി. നൂറ്റാണ്ടുകളുടെ പഴക്കമുള്ള ചെങ്കല്ലുകൾ അടുക്കിവെച്ചുണ്ടാക്കിയ ചെങ്കോട്ട യിലേക്കാണ് പിന്നീട് പോയത്. മുഗൾ ചക്രവർത്തിയായ ഷാജഹാനാണ് ഈ കോട്ട പണി കഴിപ്പിച്ചത്. 'ലാൽ കില' എന്ന പേരിലുമിത് അറിയപ്പെട്ടിരുന്നു.

ഈ പഠനയാത്രയുടെ അവസാന സന്ദർശനമെന്നോണം ഞങ്ങൾ പോയത് ചരിത്രസ്മാരകമായ മുഗൾ വാസ്തു ശൈലിയിലുള്ള മറ്റൊരു നിർമ്മിതിയായ ഹുമയൂണിന്റെ ശവകുടീരത്തിലേക്കാണ്. പൂന്തോട്ടത്തോടുകൂടി ഇന്ത്യ നിർമ്മിച്ച ആദ്യ ശവകുടീരമാണിത്. ഹുമയൂണിന്റെ കൂടാതെ മറ്റു പലരുടെയും ശവകുടീരങ്ങൾ ഇവിടെ സ്ഥിതി ചെയ്യുന്നുണ്ട്. മുഗൾ കാലഘട്ടത്തിൽ നിർമ്മിച്ച എല്ലാ മന്ദിരങ്ങൾക്കും ഇൻഡോ- ഇസ്ലാമിക് വാസ്തുവിദ്യയുടെ സ്വാധീനം പ്രകടമാണ്. ഓരോ ചരിത്രമന്ദിരങ്ങൾ കാണുമ്പോഴും എന്നെ പഠിപ്പിച്ച പല അധ്യാപകരുടെ മുഖങ്ങളും മനസ്സിലൂടെ ഓടിമറിയുന്നുണ്ടായിരുന്നു.

ഓരോ സ്ഥലങ്ങൾ സന്ദർശിക്കുമ്പോഴും ഞങ്ങളിൽ ഓരോരുത്തർ വിശദീകരണം നൽകിയത് കൊണ്ടുതന്നെ സ്ഥലങ്ങൾ സന്ദർശിക്കുന്നതോടൊപ്പം ഒരുപാട് കാര്യങ്ങൾ അറിയാനും സാധിച്ചു. അവസാന ദിവസമായപ്പോൾ ഇനിയും ദിവസം കൂട്ടി നൽകിയിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചു പോയി. 23-ാം തീയതി വെള്ളിയാഴ്ച 12.30ന് ഡൽഹി നിസാമുദ്ദീൻ റെയിൽവേ സ്റ്റേഷനിൽ നിന്നും സമ്പർക്ക്രാന്തി എക്സ്പ്രസിൽ യാത്ര തിരിച്ചു. ട്രെയിൻ യാത്രയ്ക്കിടെ കടന്നുപോകുന്ന ഓരോ സ്ഥലങ്ങൾ കാണുമ്പോഴും 'കേരളം എത്ര സുന്ദരം' എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. ട്രെയിനിലുടനീളം കളികളും തമാശകളുമായി സമയം പോയത് അറിഞ്ഞില്ല. അധ്യാപകരും ഞങ്ങളുടെ കൂടെ ചേർന്നപ്പോൾ ഒന്നുകൂടെ ഉഷാറായി. അധ്യാപകരായ ഷബീർ സാർ സുഹൈൽ സാർ വിത്ത് ടീച്ചർ എന്നിവർ ഞങ്ങളുടെ സുരക്ഷയ്ക്കായി ഉറക്കം ഒഴിച്ച് കാവലിരുന്നു എന്ന് തന്നെ പറയണം. വീട്ടിൽനിന്ന് യാത്ര പോയാൽ പോലും ഇത്ര സുരക്ഷ കിട്ടില്ല എന്നൊക്കെ ഞങ്ങളിൽ പലരും പറയുകയുണ്ടായി. ഒരുപക്ഷേ പലരുടെയും വിദ്യാർത്ഥി ജീവിതത്തിലെ അവസാന പഠനയാത്ര ആവാമിത്. ഞങ്ങളുടെ സ്വപ്നയാത്ര ഇത്രയും മനോഹരമാക്കി തന്ന പ്രിയ അധ്യാപകർക്ക് നന്ദി

**സിറാജുനീസ കെ.ടി**
**സോഷ്യൽ സയൻസ്**



# ടീം രാജ ബംഗാളീസ്



ഇന്റേൺഷിപ്പിന്റെ തുടക്കത്തിൽ ഭയങ്കര ആവേശത്തോടെ സ്കൂളിൽ എത്തി ഒരു പൊളി പൊളിക്കാൻ വിചാരിച്ചു തുടങ്ങുമ്പോഴാണ് എന്റെ മെന്ററിനെ കുറിച്ച് ഒരു ധാരണ കിട്ടുന്നത് , പുള്ളിക്കാരൻ ആണെങ്കിൽ 'കോഴി മുട്ടയുടെ ഉള്ളിൽ ബൾബ് കത്തിക്കുന്ന ഐറ്റം'. അതോടെ ഞാൻ ഒരു കാര്യം ഉറപ്പിച്ചു substitution വിട്ടിട്ട് ഒരു പണിയില്ല. പിന്നെ ഈ കഥയിലെ പ്രധാന കഥാപാത്രമാണ് 'പ്രേമലത ടീച്ചർ' , ടീച്ചർ ഒരു വലിയ ടൈം ടേബിൾ ആയിട്ട് വന്നു. നോക്കുമ്പോൾ ഒരു പത്തു പന്ത്രണ്ട് substitution പിരീഡ്, അത് ഞങ്ങൾ സെറ്റാക്കി. പിന്നെ മെല്ലെ മെല്ലെ 12 എന്നുള്ളത് 15 ആയി, പിന്നെ അത് 25 ആയി .... പിന്നെ എക്സാം ഡ്യൂട്ടി, ഉച്ചഭക്ഷണം വിതരണം ,കലോത്സവം, കായികമേള ,സ്റ്റാഫ് മീറ്റിംഗ്, പിടിഎ മീറ്റിംഗ് ,ഇങ്ങനെ ഒരു ലിസ്റ്റ് തന്നെയുണ്ട്. എന്നിരുന്നാലും ഇതിൽ പലതും ചെയ്യാൻ നല്ല രസമായിരുന്നു. പ്രത്യേകിച്ച് കിട്ടുന്ന ചായയും കടിയും. തട്ടിയും മുട്ടിയും 60 lesson plan പൂർത്തിയാക്കാൻ നടക്കുമ്പോൾ ടീച്ചർമാരുടെ സ്നേഹം കാരണം കുറച്ചു കൂടുതൽ  പാഠം കൂടി തീർക്കാൻ പറയും. അങ്ങനെ ഒരു വിധത്തില് പാഠ ഭാഗങ്ങളും തീർത്ത് ഇടയിലൂടെ റെക്കോർഡും തീർക്കാൻ പാടു പെടുമ്പോൾ ഒരു കളർ ഫുൾ സംഭവം ഉണ്ടായി. സബ്ജില്ലാ ശാസ്ത്ര മേളയ്ക്ക് സ്കൂളിൽ നിന്ന് കൊണ്ടു പോയ ഒന്ന് രണ്ട് ചാർട്ട് കാണാനില്ല. ഞങ്ങളുടെ കഷ്ട 'കാലത്തിന് ശാസ്ത്രമേള കഴിഞ്ഞ് വന്ന ടീച്ചർമാര് ചാർട്ട് കൊണ്ടു വന്നു വച്ചത് ഞങ്ങൾ ഇരിക്കുന്ന റൂമിലായിരുന്നു. കാണാതായതോടു കൂടി അത് ഞങ്ങളുടെ തലയിലായി. അവസാനം ഞങ്ങളായിട്ട് കണ്ടു പിടിച്ചു കൊടുത്തു . എന്നിട്ടും പരാതി തീർന്നിട്ടില്ലായിരുന്നു... ഇന്നും ക്ലാസും കുട്ടികളൊക്കെ ആയിട്ട് കളർ ആയി പോകുന്നതിനിടയിൽ ഇടയ്ക്ക് ഇതൊക്കെ ഒരു Entertainment ആണ്. ഈ തിരക്കുകൾക്കിടയിലും കുറച്ച് നല്ല സൗഹൃദവും, ഓർമ്മകളും, ആയി സ്കൂളിൽന്ന് ഇറങ്ങുമ്പോൾ ഞങ്ങൾ ഞങ്ങൾക്ക് തന്നെ ഒരു പേരിട്ടു ' രാജ ബംഗാളിസ് '.

സഹ്‌ല സഹ്ദിയ
ഫിസിക്കൽ സയൻസ്



# സ്വപ്നങ്ങൾ പൂവണിഞ്ഞ മണ്ണിലേക്ക് തിരികെ



**ഒരിക്കൽ സ്വപ്നങ്ങൾ തുറന്ന കിളിവാതിലിലൂടെ, വീണ്ടും കടന്നു ചെന്നപ്പോൾ... ഞാൻ കണ്ടത് എന്റെ അധ്യാപികാ ആത്മാവിന്റെ ഉദയകാലം ആയിരുന്നു.'**

ജീവിതം പലപ്പോഴും ഒരു വൃത്തമായി തിരിച്ചെത്തുന്നു. അതെ, ഒരിക്കൽ ഞാൻ വിദ്യാർത്ഥിനിയായി ഇരുന്നു പഠിച്ച ക്ലാസ്മുറികളിലേക്കാണ് വീണ്ടും കാൽവച്ചത് എന്നാൽ ഈ വേളയിൽ ഞാൻ അധ്യാപികാ പരിശീലകയായി തിരിച്ചെത്തുകയായിരുന്നു.

ഈ സ്കൂൾ എനിക്ക് ഒരു വിദ്യാഭ്യാസസ്ഥാപനത്തേക്കാളും കൂടുതലായിരുന്നു ഓർമ്മകൾ നിറഞ്ഞ എന്റെ രണ്ടാമത്തെ വീട്. പച്ചപ്പും കുളിരും നിറഞ്ഞ മനോഹരമായ കാമ്പസ്, പകുതി നൂറ്റാണ്ടിലധികം പഴക്കമുള്ള ചരിത്രം, അതിലെ ഓരോ കോണിലും എന്റെ ബാല്യവും കൗമാരവുമുണ്ട്.

എന്നെ വളർത്തിയ അധ്യാപകരുടെ സ്പർശം, കൂട്ടുകാരുടെ ചിരികൾ, ശബ്ദത്തിൽ നിറഞ്ഞ പ്രാർത്ഥനാമണികൾ... എല്ലാ സ്മൃതികളും വീണ്ടും ഹൃദയത്തിൽ താഴ്ചയോടെ കൊണ്ടുവന്നു.

എന്റെ ബി.എഡ്. ഇന്റേൺഷിപ്പിന്റെ ഭാഗമായി, ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂളിൽ അധ്യാപിക പരിശീലനം നടത്താനുള്ള മനോഹരമായ അവസരം എനിക്ക് ലഭിച്ചു. അഞ്ചാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള എന്റെ 7 വർഷത്തെ പഠനകാലം കൊണ്ട് നിറഞ്ഞിരിക്കുന്ന സ്കൂൾ ആയിരുന്നു അത്. ആ പഴയ ഭിത്തികൾ, വിശാലമായ കളിക്കളങ്ങൾ, പഴയ ബെഞ്ചുകൾ എല്ലാം പഴയ ഓർമ്മകൾ പകർന്നു തന്നു.

ആറാം ക്ലാസ് മുതൽ



ഒമ്പത് വരെയുള്ള ക്ലാസുകൾക്കുള്ള സയൻസ് വിഷയങ്ങൾ ഞാൻ പഠിപ്പിച്ചു കുട്ടികളുമായി സംവദിച്ച്, കാഴ്ചാ സഹായങ്ങൾ ഉപയോഗിച്ച്, പ്രവർത്തനാധിഷ്ഠിത രീതികളിലൂടെയും പരസ്പര പഠനത്തിലൂടെയും ക്ലാസുകൾ ആകർഷകമാക്കി മാറ്റാൻ ശ്രമിച്ചു. അധ്യാപകരുടെ പിന്തുണയും, വിദ്യാർത്ഥികളുടെ ചിരികളും, ക്ലാസിന്റെ ആവേശം എല്ലാം എനിക്ക് പ്രചോദനമായി.

അതിൽ ഏറ്റവും ഹൃദയസ്പർശിയായ അനുഭവം, എന്നെ പഠിപ്പിച്ച അധ്യാപകർ ഇപ്പോഴും അതേ സ്കൂളിൽ അദ്ധ്യാപനത്തിൽ തുടരുന്നത് കണ്ടതും, അവരുടെ കൂടെ ഒരുപാട് കാര്യങ്ങൾ വീണ്ടും പഠിച്ചതുമാണ്. ഒരുകാലത്ത് അധ്യാപകരായിരുന്നവർക്ക് ഇനി സഹപ്രവർത്തകരായി നിൽക്കാനായത് അത്യന്തം അഭിമാനപൂർവമായ അനുഭവമായി.

ഈ യാത്ര എനിക്ക് പാഠ്യക്രമ നിർമ്മാണം, ക്ലാസ് മാനേജ്മെന്റ്, മൂല്യനിർണ്ണയം തുടങ്ങിയ അധ്യാപനമാഹാത്മ്യങ്ങൾ നേരിൽ കാണാൻ അവസരം നൽകി. അതിനൊപ്പം, ഈ അധ്യാപനമേഖലയുമായി ഉള്ള എന്റെ ആത്മബന്ധം കൂടുതൽ ദൃഢമായി. ഒരു കാലത്ത് എന്നെ മാർഗ്ഗനിർദ്ദേശം ചെയ്തവർക്ക് സമർപ്പണം നൽകി, ഇനി ഞാൻ തന്നെ അടുത്ത തലമുറയെ രൂപപ്പെടുത്തുകയാണ് അതാണ് ഈ പ്രൊഫഷൻ എന്നെ ആകർഷിച്ചതിന്റെ പ്രധാന കാരണം.

'എന്റെ സ്വപ്നങ്ങൾക്ക് ആദ്യ താളം എഴുതി കിട്ടിയത് അതേ സ്കൂളിലായിരുന്നു... പിന്നീട് ആ ഓർമകളുടെ തണലിൽ തന്നെ ഞാൻ എന്റെ ജീവിതലക്ഷ്യം കണ്ടെത്തി. ആ നന്മയുടെ നാഴികക്കല്ലായ സ്കൂളിനോട് ഞാൻ മനസ്സിന്റെ ആഴത്തിൽ നിന്നും കൃതജ്ഞത അർപ്പിക്കുന്നു.'

'ഒരു നല്ല ടീച്ചറുടെ പിന്നിൽ,എപ്പോഴും ഒരുപാട് പ്രചോദനങ്ങളുടെയും ജീവിതവഴികളുടെയും കഥകളുണ്ട്.'

സമീന എം.ടി.
ഫിസിക്കൽ സയൻസ്



# ചെറിയൊരു കയ്യബദ്ധം, നാറ്റിക്കരുത് Please...




മാഗസിനിലേക്ക് സൃഷ്ടികൾ തികയ്ക്കാനുള്ള ഓട്ടത്തിനിടയിൽ മാഗസിൻ സമിതിക്ക് ലഭിച്ച ചില പരസ്യമായ രഹസ്യങ്ങൾ, കഥയും കഥാപാത്രങ്ങളും യാഥാർത്ഥ്യം മാത്രം.

**സ്ഥലം: മാത്തമാറ്റിക്സ് ഒപ്ഷ്യണൽ ക്ലാസ്**

ലാലു സാറും പിള്ളേരും തകൃതിയായ മൈക്രോടീച്ചിങ്ങ് പ്രാക്ടീസിൽ, ഓരോ മൈക്രോസ്കില്ലും, മൈക്രോസ്കോപ്പിനേക്കാൾ സൂക്ഷ്മമായി നിരീക്ഷിക്കുന്ന തിരക്കിലായിരുന്നു ക്ലാസ് ഒന്നടങ്കം. ഇനിയൊരു റീടീച്ചിങ് സാധ്യമല്ലെന്ന ഉറച്ച വിശ്വാസത്തോടെ വാസില സ്റ്റിമുലസ് വേരിയേഷനിൽ തന്റെ തുറുപ്പ് ചീട്ടിറക്കി. സംഖ്യാശ്രേണികൾ പഠിപ്പിക്കാനായ് "ഒന്നാം മല കേറിപ്പോയ..." വാസിലയുടെ പാട്ടിൽ ഒരപ്രതീക്ഷിത വെളി വീണു, പിന്നെ ക്ലാസിൽ ചിരിയുടെ മാലപ്പടക്കം. അങ്ങനെ മല കേറിയ വാസില വളരെ പണിപ്പെട്ടാണ് എയറിൽ നിന്നിറങ്ങിയതെന്നാണ് കേട്ടുകേൾവി.

**സ്ഥലം: നാച്ചുറൽ സയൻസ് ഒപ്ഷ്യണൽ ക്ലാസ്**

പ്ലാച്ചിമടയിലെ കൊക്കകോള വിരുദ്ധ ജനകീയ സമരത്തെ ആസ്പദമാക്കിയുള്ള ഒരു സീരിയസ് റോൾപ്ലേ, ആഴ്ചകളുടെ പരിശ്രമത്തിനൊടുവിൽ എഴുതി തയ്യാറാക്കിയ സ്ക്രിപ്റ്റ്, കാണികളെ കണ്ണീരണിപ്പിയിക്കാനായി വികാര നിർഭരമായ ഡയലോഗുകൾ, കോരിത്തരിപ്പിക്കുന്ന മുദ്രാവാക്യങ്ങൾ, പക്ഷെ എക്സിക്യൂഷനിൽ ചെറുതായൊന്ന് പാളി, ആദ്യം തൊട്ട് ജാസിയ ചിരി കടിച്ചുപിടിക്കാൻ ആവുന്നതും നോക്കി, വിഫലം! കണ്ടു നിന്ന റമീസ് സാറിന് പോലും ഈ അവസ്ഥയെ മറി കടക്കാൻ കഴിഞ്ഞില്ല. പോട്ടെ, തൽക്കാലം സിസ്റ്റത്തെ പഴിച്ച് നമുക്ക് പിരിയാം.



# OASIS

ബി.എഡ് പഠനകാലത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത വസ്തുതയാണ് 3rd സെമസ്റ്ററിലെ ചതുർദിന സമൂഹസഹവാസ ക്യാമ്പ്. പലരും പല ക്യാമ്പിൽ പങ്കെടുത്തുണ്ടെങ്കിലും എന്നെ സംബന്ധിച്ച് ഇതൊരു ആദ്യത്തെ സമൂഹസഹവാസ ക്യാമ്പാണിത്.നാലു പകലും മൂന്ന് രാത്രിയും അധ്യാപകരും അധ്യാപക വിദ്യാർത്ഥികളും അടങ്ങുന്ന ഒരു സംയുക്ത ക്യാമ്പാണ്. സഹകരിച്ച് ഒരുമിച്ച് ജീവിക്കാൻ പഠിക്കുക. വ്യക്തിപരവും സാമൂഹ്യപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പരിപാടികളിൽ പങ്കാളിയാവുക എന്നീ കാര്യങ്ങൾ ലക്ഷ്യമിടുന്നു. അതുപോലെ തന്നെ നമ്മെ തിരിച്ചറിയുക, കൂടെയുള്ളവരെ തിരിച്ചറിയുക,പരസ്പര സഹകരണം വളർത്തിയെടുക്കുക എന്നിവ ഉൾപ്പെടുന്നു.

എൻറെ ജീവിതത്തിലെ മറക്കാൻ പറ്റാത്ത നാല് ദിനങ്ങളാണ് OASIS എന്ന ക്യാമ്പ്.ക്യാമ്പിന്റെ ഓരോ തയ്യാറെടുപ്പുകൾ പോലും ഓരോ ഓർമ്മകളാണ് ക്യാമ്പിന്റെ ആദ്യ മീറ്റിങ്ങിൽ വിവിധ അധ്യാപകരുടെ ചുമതലകളും അവരുടെ സ്ഥാനവും പറഞ്ഞുതന്നു. സ്റ്റുഡൻസ് കോഡിനേറ്റർ, ജോയിൻ സ്റ്റുഡൻസ് കോഡിനേറ്റർ എന്നിവരെ തിരഞ്ഞെടുക്കാൻ ഓരോ ഓപ്ഷൻ കാരോടും മറ്റു ഓപ്ഷൻലെ രണ്ടു കുട്ടികളെ സെലക്ട് ചെയ്യാൻ പറഞ്ഞു.രണ്ടു ഓപ്ഷനിൽ നിന്നും എൻറെ പേര് വന്നപ്പോൾ ഞാൻ ആദ്യം ഒന്ന് ഞെട്ടി. എൻറെ പേര് വരുമെന്ന് സ്വപ്നത്തിൽ പോലും വിചാരിച്ചില്ല. ശരിക്കും എൻറെ കൂട്ടുകാർ എനിക്കുതന്ന നല്ലൊരു അവസരവും അംഗീകാരവുമായിരുന്നു. ശരിക്കും ആ സമയത്ത് എന്റെ ഉത്തരവാദിത്വത്തെ കുറിച്ചോർത്ത് ടെൻഷൻ ഉണ്ടായിരുന്നുവെങ്കിലും ക്യാമ്പ് കോർഡിനേറ്റർ എന്ന പദവിയിലേക്ക് എന്നെ നിർദ്ദേശിച്ചതിൽ സന്തോഷം തോന്നി. എന്നെ കൊണ്ടാവുന്നത് ഞാൻ ചെയ്യുമെന്ന് ഞാൻ അപ്പോഴേ മനസ്സിൽ കരുതിയിരുന്നു. ജോയിൻ കോഡിനേറ്ററായി സിറാജുനീസയെ തിരഞ്ഞെടുത്തു. ക്യാമ്പിന് നാല് ഗ്രൂപ്പുകളാക്കി തിരിച്ചു. അനഘ, ഫാത്തിമ മുർഷിദ, ശാമിനി, ഷഹാന നസ്റി, എന്നിവരായിരുന്നു ഗ്രൂപ്പ് ലീഡർമ്മാർ. ക്യാമ്പിന്റെ പേരിടാനും, തീം കണ്ടുപിടിക്കുവാനും, മുദ്രവാക്യം, ക്യാമ്പ് സോങ്, ലോഗോ തയ്യാറാക്കാനും ഓരോ ഗ്രൂപ്പിനെയും ഏൽപ്പിച്ചു. ഓരോ ഗ്രൂപ്പിൽ നിന്നും ലഭിച്ച ഡാറ്റകൾ ഡോ. രേഷ്മ മാമിന് കൈമാറുകയും അതിൽ നിന്നും മികച്ചത് തിരഞ്ഞെടുക്കുകയും ചെയ്തു. ക്യാമ്പിന്റെ പേര് 'OASIS' എന്നായിരുന്നു. തീം 'LET US BE RAINBOW IN SOMEONE'S CLOUD' എന്നായിരുന്നു. ക്യാമ്പിന്റെ മുദ്രവാക്യം: 'lond kindness' spread nobility be patient and find peace' .ഓരോ ഗ്രൂപ്പിനും Sunshine, Zephyr, Twinkle, Auror എന്നിങ്ങനെ പേര് നൽകുകയും ചെയ്തു.

ക്യാമ്പിന് മുമ്പുള്ള ഓരോ തയ്യാറെടുപ്പുകളും നല്ല ഓർമ്മകളും രസകരവുമാണ്. വൃത്തിയും ശുചിത്വപൂർണ്ണവുമായ വാസസ്ഥലം ക്യാമ്പിന് അനിവാര്യമാണ്. അതിനുവേണ്ടി ഷബീർ സാറിന്റെ നേതൃത്വ



ത്തിൽ നാല് ഓപ്ഷൻ ക്ലാസുകളും ബോയ്സിന് കിടക്കുന്നതിനു വേണ്ടി ഗ്രൗണ്ട് ഫ്ലോറിലെ ലാബും വൃത്തിയാക്കി. അതൊരു വൃത്തിയാക്കൽ മാത്രമല്ല. ഒത്തൊരുമയുടെ ആദ്യ ചുവടുവെപ്പുമായിരുന്നു. ക്യാമ്പിന്റെ ഭാഗമായി അലങ്കാരപണികൾ സ്റ്റേജിലും കോളേജിലെ വിവിധ ഭാഗങ്ങളിലും അലങ്കരിച്ചു.



സ്വതന്ത്രദിനത്തിന്റെ അന്നായിരുന്നു ഞങ്ങളുടെ ക്യാമ്പിന്റെ തുടക്കം. ശരിക്കും അന്ന് പലരും ശരിക്കും സ്വതന്ത്രരായിരുന്നു. വീട്ടിലെ ഉത്തരവാദിത്വമില്ല, പ്രാപ്തമില്ല, എല്ലാം മറന്നു കൊണ്ടുള്ള നാലുദിനങ്ങൾ.വീട്ടിലെ ഓർമ്മകളും മറ്റും പലരെ അലട്ടുന്നുണ്ടെങ്കിലും എല്ലാവരും വളരെ സന്തോഷത്തിലായിരുന്നു. 9.50ന് തന്നെ രജിസ്ട്രേഷൻ ആരംഭിച്ചു. രജിസ്ട്രേഷൻ കഴിയുന്നതോടെ എല്ലാവരും ക്യാമ്പിന്റെ ഭാഗമായി. OASIS എന്ന ഞങ്ങളുടെ ക്യാമ്പ് ഉദ്ഘാടനം ചെയ്യാൻ എത്തിയത് എൻ.എസ്. എസ് ട്രെയിനിങ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ശങ്കരനാരായണൻ പലേരി സാറായിരുന്നു.

ആദ്യ ദിവസത്തിലെ ആദ്യ സെക്ഷന്റെ ഉദ്ഘാടകന്റേതായിരുന്നു.'Education Theatre' എന്ന ഒരു പുതിയ വിദ്യാഭ്യാസ രീതിയെ കുറിച്ചായിരുന്നു. ആവർത്തന വിരസതയോ അലസതയില്ലാതെ എല്ലാവരും വളരെ ഉന്മേഷത്തോടെയും ഉത്സാഹത്തോടെയും ഓരോ പ്രവർത്തനങ്ങൾ ചെയ്തു.അന്നേദിവസം രണ്ടാമത്തെ സെക്ഷൻ 'Doll's House' എന്നതായിരുന്നു. ഹനീഫ പട്ടാമ്പി ആയിരുന്നു ക്ലാസ് കൈകാര്യം ചെയ്തത്. ഒരു puppetry എങ്ങനെ നിർമ്മിക്കാം അവ എങ്ങനെ ഒരു ക്ലാസ്സ് റൂമിൽ കൈകാര്യം ചെയ്യും എന്നതൊക്കെ ക്ലാസിലൂടെ മനസ്സിലായി. വളരെ താല്പര്യത്തോടെ എല്ലാവരും പാവ നിർമ്മിക്കുകയും രാത്രി ആ പാവകൾ വെച്ച് ചെറിയ ഒരു പാവകൂത്തും ഓരോ ഗ്രൂപ്പായി കളിച്ചു.'അണ്ണാറക്കണ്ണന് തന്നാലയത്' എന്നപോലെ ഞങ്ങൾക്ക് പറ്റുന്നപോലെ നാടകം കളിച്ചു. അതിനുശേഷമുള്ള സെക്ഷൻ 'ഷോർട്ട് മൂവി' ആയിരുന്നു. 'Children of heavean'. ആർക്കും ആ സമയം ആയപ്പോഴേക്കും ഒരു മൂവി കാണാൻ താല്പര്യം ഉണ്ടായിരുന്നില്ല. അങ്ങനെ ഒരു മൂവി കാണിക്കേണ്ടിയിരുന്നില്ല എന്ന് പലർക്കും തോന്നി. ഞാൻ ആ ഫിലിം കാണാതതുകൊണ്ട് ഞാനാ മൂവി ഇരുന്നു കണ്ടു.ഞാനൊരു കോഡിനേറ്റർ അല്ലേ അതുകൊണ്ട് തന്നെ പരിപാടികൾ കൃത്യമായി നടക്കുക എന്ന ധാർമിക ഉത്തരവാദിത്വമുള്ളതുകൊണ്ടുതന്നെ എന്റെ മനസ്സ് ഒരു വിമർശന സമീപത്തിനപ്പുറം എൻറെ കടമകൾ കൃത്യതയോടെ ചെയ്യുക, ബാക്കിയുള്ളവരുടെ ആവശ്യം നിറവേറുക എന്നതായിരുന്നു. ഓരോ ദിവസവും അന്നു നടന്ന പ്രോഗ്രാമിന്റെ ഇവാലുവേഷൻ ശേഷം കിടക്കാൻ പോകും.

ഒന്നാം ദിവസത്തെ ക്ഷീണം കാരണം രണ്ടാം ദിവസത്തെ ആദ്യത്തെ സെക്ഷനായ aerobics ന് എണീപ്പിക്കുന്ന കാര്യം ഓർത്ത് എനിക്ക് നല്ല ടെൻഷൻ ഉണ്ടായിരുന്നു. ഓരോ ഗ്രൂപ്പിൽ ചെന്ന് അലാറം പോലെ ഓരോരുത്തരെയും എഴുന്നേൽപ്പിച്ചു. എന്തായാലും എല്ലാവരും കൃത്യസമയത്ത് തന്നെ എത്തിച്ചേർന്നു.'Fit and fine' എന്ന സെക്ഷൻ കൈകാര്യം ചെയ്തത് ഗവൺമെന്റ് മോഡൽ എച്ച്. എസ്. എസ് കാലിക്കറ്റ് ഫിസിക്കൽ എജുക്കേഷൻ ടീച്ചർ ആയ വിപിൻ സാറായിരുന്നു. വളരെ രസകരവും ഉന്മേഷവുമായ ക്ലാസായിരുന്നു. യാതൊരുവിധ മടിയും കൂടാതെ എല്ലാവരും ഒരുപോലെ ആസ്വദിച്ച് ഏറോബിക്സ് ചെയ്തു. ഏറോബിക്സിനു വേണ്ടി നമുക്ക് ആവേശം തരുന്ന പാട്ടുകളാണ് സെലക്ട് ചെയ്തത്.അടുത്ത സെക്ഷൻ 'safe and sound' ആയിരുന്നു. ഫയർ ആൻഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റ്, മലപ്പുറത്തെ സ്റ്റേഷൻ ഓഫീസറായിരുന്നു ക്ലാസ് കൈകാര്യം ചെയ്തിരുന്നത്.ആർക്കും ക്ലാസ്സ് അത്ര വെടിപ്പായി തോന്നിയില്ല.ഞാൻ നല്ല ഉറക്കം തൂങ്ങിയിരുന്നു. തിയറി ക്ലാസ്സിനുപരി പ്രാക്ടിക്കൽ ആയിരുന്നെങ്കിലും കുറച്ചു കൂടി കാര്യങ്ങൾ വ്യക്തമാക്കാമെന്ന് തോന്നി.

അടുത്ത സെക്ഷൻ ഫ്ലാഷ് മോബായിരുന്നു. കോട്ടക്കൽ ബസ്റ്റാൻഡ് ആണ് ഇതിനായി ഞങ്ങൾ തിരഞ്ഞെടുത്തത്. ഇതിനുവേണ്ടി പ്ലക്കാടുകൾ പോസ്റ്ററുകൾ നിർമ്മിച്ചു. ഞങ്ങൾ ജനങ്ങളിൽ എത്തിക്കാൻ ആഗ്രഹിച്ച വിഷയങ്ങൾ ശൈശവവിവാഹം,

പ്ലാസ്റ്റിക് മലിനീകരണം, കുട്ടികൾക്കെതിരെയുള്ള ചൂഷണം എന്നിവയായിരുന്നു. ഞങ്ങളെല്ലാവരും കോളേജിൽ നിന്നും കോട്ടക്കലിലേക്ക് നടന്നുപോയി. ചിലർക്ക് നടക്കാൻ അസൗകര്യം മുള്ളതിതു കൊണ്ട് വണ്ടിയിൽ പോന്നു. അവർ ഓട്ടോയിൽ പോയി, 'അവർക്ക് മാർക്ക് കുറയ്ക്കും നമുക്ക് നടന്നു പോകാം' എന്ന രസകരമായ ഡയലോഗ് ഈ സന്ദർഭത്തിൽ ഓർക്കുന്നു. കോട്ടക്കൽ ബസ്സ്റ്റാൻഡിലെ ഫ്ലാഷ് മോബിന് ബസ്സുകാരുമായി ചെറിയ തർക്കമുണ്ടായി. അതുകൊണ്ട് തന്നെ ഡാൻസ് ടീമിന് ചെറിയൊരു ആത്മവിശ്വാസക്കുറവുണ്ടായി.അതിനുശേഷം ഉദ്യാന പാതയിലേക്ക് നീണ്ട കാൽനട യാത്ര എനിക്ക് നടക്കാൻ ഇഷ്ടമായിരുന്നത് കൊണ്ട് ഞാനത് ആസ്വദിച്ചു. പക്ഷേ പലർക്കും അതൊരു ബുദ്ധിമുട്ടുണ്ടാക്കുകയും അലോസരവുമുണ്ടാക്കി. എല്ലാ വ്യക്തികളും ഒരുപോലെയല്ല വ്യത്യസ്തമാണ്. ഈ വ്യത്യാസങ്ങളാണ് ഈ വൈവിധ്യങ്ങൾക്കു തന്നെ കാരണം. കോളേജിലെത്തി വിശ്രമിച്ചതിനു ശേഷം കൾച്ചറൽ പ്രോഗ്രാം ആയിരുന്നു. ഇത്രയും നേരം നടന്നതിനു ശേഷം കൾച്ചറൽ പ്രോഗ്രാം നടത്താൻ എല്ലാവർക്കും വിമുഖതയുണ്ടായിരുന്നു. എന്നാൽ പലർക്കും അത് വേണമായിരുന്നു. ഈ കൾച്ചറൽ പ്രോഗ്രാം ക്യാൻസൽ ചെയ്തെങ്കിൽ നഷ്ടമായി പോയേനെ. വളരെ രസകരവും തമാശ നിറഞ്ഞതുമായ പരിപാടികളയിരുന്നു. ഓരോ ഗ്രൂപ്പും വ്യത്യസ്ത പരിപാടികളാണ് കാഴ്ച വെച്ചത്. പ്രാക്ടീസിന് ടൈം കിട്ടിയിരുന്നെങ്കിൽ പരിപാടി ഒന്നും കൂടെ കളറാവുമായിരുന്നു.

മൂന്നാം ദിവസമാണ് ട്രിപ്പ്, പൈപ്പിൽ വെള്ളം വരാത്തതു കൊണ്ട് തന്നെ രാവിലെ ഒന്ന് ബുദ്ധിമുട്ടി. എന്നിരുന്നാലും 6:30 ആയപ്പോഴേക്കും കോളേജിൽ നിന്നും പുറപ്പെട്ടു. കടലുണ്ടി, കക്കയം ഡാം എന്നീ സ്ഥലങ്ങളിലാണ് പോയത്. തീരുമാനിച്ചുറപ്പിച്ച പലസ്ഥലങ്ങളിലും പോകാൻ സാധിച്ചില്ല. ക്യാമ്പിൽ ഏറ്റവും കൂടുതൽ വിമർശനവും പോരായ്മകളും വന്ന ദിവസമായിരുന്നു. ടൂർ പ്ലാനിങ് ശരിയാവാത്തതും, വിചാരിച്ച പോലെ ഡെസ്റ്റിനേഷൻ പോകാത്തതും പരാതിയായി ഉയർന്നു.

ക്യാമ്പിന്റെ നാലാം ദിവസം രേഷ്മ മേടത്തിന്റെ 'Aaja Nachle' എന്ന തിരുവാതിര സെക്ഷനുമായി തുടങ്ങി. തിരുവാതിര എന്ന കലാരൂപത്തെ കുറിച്ച് പുതിയ അറിവുകൾ കിട്ടി. ഓണപരിപാടി അവതരിപ്പിക്കാനുള്ള ഏതാനും ചുവടുകൾ ഞങ്ങൾ പഠിച്ചു.

അടുത്ത സെക്ഷൻ 'get prepared for wedding dance' സാദിഖ് സാറിന്റെ ഒപ്പനയായിരുന്നു. വളരെ ഇൻട്രസ്റ്റിംഗ് ആയ സെക്ഷൻ ആയിരുന്നു. ഒപ്പനയുടെ ചരിത്രവും പ്രത്യേകതയും അതിന്റെ ഭാഗങ്ങളും മനസ്സിലാക്കി കളിക്കാൻ സാധിച്ചു. ക്യാമ്പിന്റെ അവസാന സെക്ഷൻ ആയിരുന്നു 'folk touch'.വളരെ താല്പര്യത്തോടും ആവശ്യത്തോടും മതിമറന്ന് ആസ്വദിച്ച സെഷ്യനായിരുന്നു മാത്യു സാറിന്റെ നാടൻപാട്ട്. ഉച്ച ഭക്ഷണത്തിനുശേഷം നടക്കേണ്ട പരിപാടിയായിരുന്നു. അതിഥിയുടെ ചില സൗകര്യങ്ങൾ കൊണ്ട് വൈകുന്നേരം നാലരക്കാണ് ആരംഭിച്ചത് തുടക്കം മുതൽ ഒടുക്കം വരെ എല്ലാവരിലും എനർജി നിലനിന്നിരുന്നു.

അതിനുശേഷം ക്യാമ്പിന്റെ ഇവാലുവേഷൻ നടന്നു. എല്ലാവരും ക്യാമ്പിനെ കണ്ടത് വ്യത്യസ്ത വീക്ഷണ കോണിലൂടെയാണ്. എല്ലാം രീതിയിലുള്ള തുറന്നുപറച്ചിലുകളും ഉണ്ടായിരുന്നു. എനിക്കാണെങ്കിൽ ഒരു കല്യാണ വീട്ടിൽ കല്യാണം മംഗളമായി നടന്നു എന്നുള്ള ആശ്വാസവും ശരിക്കും ഇതുതന്നെയാണ് ക്യാമ്പ് പലവീട്ടിൽ നിന്നും, പല രീതിയിൽ നിന്നും, പല സാഹചര്യങ്ങളിൽ നിന്നും വരുന്ന വ്യക്തികൾ. ഓരോരുത്തരുടെയും ഓരോ സന്ദർഭത്തിനോടുള്ള കാഴ്ചപ്പാടും മനോഭാവവും വ്യത്യസ്തമായിരിക്കും. ചിലർക്ക് ശരിയെന്ന് തോന്നുന്നത് ചിലരുടെ തെറ്റായിരിക്കാം. ചിലർക്ക് വലിയ സംഭവമാണെന്ന് കരുതുന്നത് ചിലർക്ക് നിസ്സാരമാകാം.ഈ വ്യത്യസ്തകൾ ഈ ക്യാമ്പിൽ ഉടനീളം തൊട്ടറിഞ്ഞു. എല്ലാവരും നല്ല രീതിയിൽ ധൈര്യത്തോടെ സംസാരിക്കാൻ പഠിച്ചു. ഒരു മടികൂടാതെ പരിപാടികൾ ഏറ്റെടുക്കാനും അവതരിപ്പിക്കാനും പഠിച്ചു. ഐക്യത്തോടെ സഹകരിച്ച് മുന്നോട്ട് നീങ്ങാൻ പഠിച്ചു. ഏതൊരു പരിപാടി ഉണ്ടാക്കുമ്പോഴും അതിനു പൂർണ്ണത എപ്പോഴും കൈവരിച്ചു എന്നുണ്ടാവില്ല. പക്ഷേ അതിലൂടെ പുതിയ പാഠങ്ങൾ ഉൾക്കൊള്ളാൻ കഴിയും. പുതിയ തലമുറയെ വാർത്തെടുക്കാൻ പോകുന്ന അധ്യാപക വിദ്യാർത്ഥികളായ ഞങ്ങൾക്ക് OASIS എന്നും മുതൽക്കൂട്ടാണ്. എല്ലാ പരിപാടിയും അടിപൊളി ആകുന്നതിലല്ല.അവയെ എങ്ങനെ നോക്കിക്കാണുന്നു അതിലെ പ്രതിസന്ധികൾ എങ്ങനെ തരണം ചെയ്യുന്നു എന്നൊതൊക്കെയാണ്. ജീവിതം എപ്പോഴും മധുരമാർന്നതല്ല, കൈപ്പേറിയതുമാണ്.

ശ്രീഷ്ദ
മാത്സ്



# നെട്ടോട്ടം

*nettottam*





ഡൽഹിക്ക് പ്ലാൻ ചെയ്ത ഞങ്ങൾക്ക് നേരിട്ട് ടിക്കറ്റ് കിട്ടിയില്ല. നമ്മൾ വിട്ട് കൊടുക്കോ... ചെന്നൈ വഴി എങ്കിൽ അങ്ങനെ.

**ബി എഡ് തുടക്കത്തിലേ ആശിച്ചു മോഹിച്ചിരുന്ന ട്രിപ്പ് വന്നെത്തി. അപ്പോ എങ്ങനെയാ....... തുടങ്ങല്ലേ!**

**Farook BEd College, Kottakkal**



ഡൽഹി പോവാണേൽ ആഗ്രയിൽ ഇറങ്ങി നമ്മടെ താജ് മഹൽ കാണാതെ എങ്ങനെ പോവാനാ.....



ഇത്രേം ഭംഗിയുള്ള താജ് മഹൽ കാണാൻ പോവുമ്പോൾ നമ്മളൊന്ന് ഒരുങ്ങണ്ടേ. അത് കൊണ്ട് മോശമാക്കീല.



ഡൽഹി എത്തി. സോഷ്യൽ സയൻസ് ടെക്സ്റ്റ് ബുക്കിലും ഫോട്ടോയിലും മാത്രം കണ്ടിരുന്ന എത്ര സ്മാരകങ്ങളാണ് ഞങ്ങൾ കണ്ടേ!



Delhi



അപ്പോൾ ഇനി നേരെ മണാലിക്ക് വിട്ടാലോ.
വഴിയിൽ കുളുവിൽ ഇറങ്ങി റിവർ
റാഫ്റ്റിങ്ങും പാരഗ്ലയ്ഡിങ്ങും ഒക്കെ
ചെയ്തു.



മഞ്ഞ്....... മഞ്ഞ്....... മഞ്ഞ്.......
ചെറിയ കുട്ടികളെപ്പോലെ
ആർത്തുവിളിച്ചു മഞ്ഞിൽ കളിച്ചു.



ഇടയിൽ ഞങ്ങൾ ഒന്ന് ട്രെക്കിങ്ങും ചെയ്തു.കിതക്കുന്നുണ്ടെങ്കിലും താഴേക്കു നോക്കുമ്പോൾ പേടി ഉണ്ടെങ്കിലും ഞങ്ങൾ ജോഗിനി വെള്ളച്ചാട്ടം വരെ കയറി.അവിടെന്ന് ചുറ്റും കാണാൻ എന്ത് രസം...



മണാലി മൊത്തം ഒന്ന്
കാണാൻ ഇറങ്ങി.



ഡൽഹി മുഴുവനായിട്ട് കാണാതെ ഞങ്ങൾ പോയാലോ. ഒരു ദിവസം കൂടെ നമ്മൾ ഡൽഹി കറങ്ങി

ശരിക്കും ഒരു നെട്ടോട്ടം
ആയിരുന്നു.. ഓടി ഞങ്ങൾ ജമാ
മസ്ജിദിൽ എത്തി വില പേശി
കാര്യമായിട്ട് പർച്ചേയ്സും ചെയ്തു



ഒരുപാട്
ഓർമകളുമായി
ഞങ്ങൾ തിരിച്ചു
നാട്ടിലെത്തി....

Farook BEd College, Kottakkal

# രണ്ടുവർഷ ബി.എഡ് : ഒരു താത്വിക അവലോകനം




**DISCLAIMER: എഴുത്തുകാരിയുടെ മനസ്സ് BEd സിലബസ് പോലെ പ്രക്ഷുബ്ധമായതുകൊണ്ടുതന്നെ എഴുത്തുകൾ പലവഴിക്ക് സഞ്ചരിച്ചേക്കാം. ഇൻഫോർമലിൽ നിന്ന് ഫോമലിലേക്കുള്ള ദൂരം ഒട്ടും വലുതല്ല. പാട്ടും കഥയും സംഭാഷണവും കുത്തിവരയും ഭാഷയുടെ അസാധാരണവും മനഃപൂർവമായ കൂട്ടിച്ചേർക്കലും ഇഴകി ചേർന്ന ഈ ചെറിയ വലിയ എഴുത്തു വായിക്കുമ്പോൾ വായിക്കുന്നവർക്ക് ഉണ്ടാകാൻ സാധ്യതയുള്ള ദുർഘടകരമായ അവസ്ഥയ്ക്ക് സദയം മാപ്പ്.**

അമ്പതിനായിരം സ്വപ്നങ്ങളുള്ള ഞങ്ങൾ അമ്പതു പേർ, BEd എന്ന ഞങ്ങളുടെ പൊതു സ്വപ്നത്തെ പുൽകാൻ ഇവിടം ഒത്തു കൂടിയവർ. 'ഞാനിവിടെ ഒരു കലക്ക് കലക്കുമെന്ന' അപ്രഖ്യാപിത ലക്ഷ്യവുമായി FBC വരാന്തയിൽ അഡ്മിഷൻ കാത്തു നിന്ന്, ഒരാഴ്ചക്കകം അധ്യാപക വിദ്യാർത്ഥി ജീവിതത്തിലേക്ക് അറിഞ്ഞോ അറിയാതെയോ ആരുടെയെക്കയോ നിർബന്ധത്താലോ എത്തിപ്പെട്ട ഞങ്ങളെ, മേലീത്തെ കാക്കാന്റെ പീടീലെ വല്ല്യോർ പഴക്കുല അപ്പാടെ തൂക്കി, പ്രിയപ്പെട്ട സീനിയേഴ്സ് മൾട്ടി പർപസ് ഹാളിലേക്ക് അനുനയിപ്പിച്ചപ്പോൾ, മനസ്സ് കൂടെ കൂടെ മന്ത്രിച്ചു.. 'സജിയേട്ടാ, ഈടെ സെയ്ഫ് അല്ല...,' പക്ഷേ പിന്നെ പരസ്പരം മിണ്ടി തുടങ്ങിയപ്പോൾ ആ തോന്നലൊക്കെ മാറീട്ടോ...

സെമെസ്റ്ററുകളായ സെമസ്റ്ററുകളൊക്കെ കഴിഞ്ഞാലും ഒരു നോട്ടുബുക്ക് പോലും എഴുതി തീർത്തു പരിചയമില്ലാത്ത ഞങ്ങൾക്ക്, തുടർന്ന് വരാൻ സാധ്യതയുള്ള ഇ.പി.സികളുടെയും ടാസ്കിന്റെയും ഒരു ഏകദേശം ചിത്രം ടീച്ചേഴ്സ് കോറിയിട്ടപ്പോൾ ഞങ്ങൾ പരസ്പരം പറയാതെ പറഞ്ഞു, 'അളിയാ... ഇത് ഏത് യൂണിവേഴ്സ്?'. തുടർന്ന് കൊടുത്ത പൈസ തിരിച്ചും മറിച്ചും കുട്ടിക്കിഴിക്കാത്തവർ ആരുമില്ലെന്ന് ചുരുക്കം. ആദ്യമാസം തന്നെയുള്ള സ്വാതന്ത്രദിനാഘോഷവും ഓണപ്പരിപാടിയും എല്ലാം കഴിഞ്ഞപ്പോഴേക്ക് ഞങ്ങളെല്ലാവരും FBC യുടെ മണ്ണിൽ വേരുറപ്പിച്ചു തുടങ്ങിയിരുന്നു.

കൂട്ടിരിക്കാൻ തുടങ്ങിയിട്ട് കുറച്ചുദിവസങ്ങളായെങ്കിലും ഞങ്ങളൊരു കൂട്ടമാണെന്ന് തോന്നിപ്പിച്ചത് ഇൻഡക്ഷൻ ഡേയിലൂടെയായിരുന്നു. ഞങ്ങളമ്പത് പേരും 'മിണ്ടീം പറഞ്ഞും' ഇരുന്നു... കൂടെ സിദ്ദിഖ് സാറും ഞങ്ങളുടെ പ്രിയപ്പെട്ട അധ്യാപകരും. അധ്യാപക ജീവിതത്തിലേക്ക് കടന്നേക്കാവുന്ന ഞങ്ങൾക്ക് ഒരു പിടി അറിവുകളും അകകാഴ്ച്ചകളും നുറുങ്ങു വിദ്യകളും ഞങ്ങളന്നവിടം പങ്കിട്ടു. ചൂട് മാറാതെ തന്നെ പ്രത്യക്ഷപ്പെട്ട ടാലന്റ്സ് ഡേ ലുക്കിനേക്കാൾ മുന്തിനിൽക്കുന്ന ഞങ്ങളുടെ കഴിവുകളെ എടുത്തു കാട്ടി. എറിക്സന്റെ 8 ഡെവലപ്മെന്റ് സ്റ്റേജുകൾ മറക്കുക എന്ന

ത് നിഷ്പ്രയാസമായിരുന്നെങ്കിലും ടാലൻസ് ഡേ യിലെ പ്രഗൽഭ പ്രകടനങ്ങൾ മറക്കുക എന്നത് സാധ്യമല്ലെന്നു തന്നെ പറയാം. എന്തായാലും പ്രസ്തുത കഴിവുകളെ കൂട്ടിയിണക്കി തന്നെയായിരുന്നു മുന്നോട്ടുള്ള പ്രയാണം. ഇലക്ഷൻ ചൂടും കാട് കേറിയ ഫീൽഡ് ട്രിപ്പും സെമസ്റ്ററിന്റെ തിളക്കം കൂട്ടി.മുൻപരിചയമില്ലാത്ത ഫിലോസഫിയും സൈക്കോളജിയും പുത്തൻ സ്കീമകൾ സൃഷ്ടിച്ച്, മൈക്രോ ടീച്ചിങ്ങിലൂടെ ടീച്ചിങ്ങിന്റെ ആദ്യപാഠം നുകർന്ന് ആദ്യ സെമസ്റ്റർ സമ്പൂർണ്ണ വിജയം. കൂടെ കൂട്ടിയത് ഒരുപറ്റം നല്ല ഓർമ്മകളും സൗഹൃദവും 7 ഇ പി സികളും ഒരു റെക്കോർഡും പിന്നെ, രേഷ്മ മിസ്സിന്റെ വ്യത്യസ്ത വീക്ഷണങ്ങളും, മുഹമ്മദ് സാറിന്റെ 'special made' ശബ്ദതാരാവലിയും, ഷബീർ സാറിന്റെ ഉൾക്കാഴ്ചകളും, ഉമ്മർ സാറിന്റെ നർമ്മസമ്പുഷ്ടവുമായ കഥകളും, സുഹൈൽ സാറിന്റെ സൂക്ഷ്മതയും, വിഘ്നേഷ് സാറിന്റെയും വിപിൻ സാറിന്റെയും ശാന്തമായ ക്ലാസുകളും, പിന്നെ ശാന്തി മിസ്സിന്റെയും വിസിത മിസ്സിന്റെയും ലാലു സാറിന്റെയും സർവ്വ സുന്ദരമായ പുഞ്ചിരിയും..

-കാന്റീൻ-

അടുക്കളയിലെ
ഓട്ടപ്പാച്ചിലിനിടയിൽ
ബാക്കിയായ പാതി വയറിന്റെ
ആതിയകറ്റാൻ
ആറ്റിയെടുത്ത ചായയും
പതിനൊന്ന് മണിക്കുള്ള
പതിനഞ്ചു മിനുട്ടിൽ വരി നിന്നു
വാങ്ങിയ കട്‌ലറ്റും
പിന്നെ പലവിധം ചർച്ചകളും
പറഞ്ഞു തീരാത്ത കഥകളും,
അങ്ങനങ്ങനെ....

രണ്ടാം സെമസ്റ്റർ ഒരിച്ചിരി പ്രക്ഷുബ്ധമായിരുന്നെന്ന് പറയാം.റെക്കോർഡുകളുടെ എണ്ണം കൂടിയതോടപ്പം, ഞങ്ങളും കുറച്ച്.., കുറച്ചധികം സീരിയസായി. പെഡഗോജിയുടെ ആർട്ടും സയൻസും തേടിപ്പിടിച്ച്, അധ്യാപനജീവിതത്തിന്റെ നട്ടെല്ലൊരുക്കുന്ന തിരക്കിലായിരുന്നു ഞങ്ങൾ. ദിവസങ്ങളോളം കുത്തിയിരുന്ന് പല വിലയിരുത്തൽ പ്രക്രിയയിലൂടെ കടന്ന് പോയി ചുട്ടപ്പം പോലെ ലെസൻ പ്ലാൻ തയ്യാറാക്കുന്ന പരുവത്തിലായ് ഞങ്ങൾ. ചാർട്ട് വർക്ക്ഷോപ്പും ലേണിങ്എയ്ഡ് നിർമാണ ക്യാമ്പുമെല്ലാം പുത്തൻ അനുഭവങ്ങൾ സൃഷ്ടിച്ച് കടന്ന്പോയി. ഒബ്സർവേഷനിലൂടെയും ക്രിട്ടിസിസത്തിലൂടെയും കീറിമുറിച്ച് പഠിച്ച അധ്യാപനപാഠങ്ങൾ പരീക്ഷിക്കാനായി അഞ്ച് ദിവസത്തെ ഇനിഷ്യേറ്ററി പ്രാക്ടീസും കൂടെ സംഭവിച്ചതോടെ 2nd സെമസ്റ്റർ ധന്യം. ഒരിടവേളയ്ക്ക് ശേഷം ഈ യാത്രയിൽ ഷാമിനാ മിസ്സും സൂരജ് സാറും വീണ്ടും ഞങ്ങൾക്കൊപ്പം ചേർന്നു,



സെമസ്റ്ററിന്റെ അന്ത്യത്തിലായ് സ്നേഹമിസ്സും. തീർത്തും അക്കാദമിക്കുകളിൽ മാത്രം ഒതുങ്ങിക്കൂടാതെ ഞങ്ങളെ കാത്ത് സൂക്ഷിച്ചത് യൂണിയൻ ഡേയും,ശിശുദിനവും ക്രിസ്മസ് സെലിബ്രേഷനും, വൈകിയാലും മികവ് ചോരാത്ത ക്ലബ് ഉദ്ഘാടനങ്ങളും, മൊഞ്ചേറിയ ഇഫ്താർ പാർട്ടിയും, പിന്നെ ഇന്നും ചൂടടങ്ങാത്ത വാശിയേറിയ കലാകായിക മാമാങ്കങ്ങളുമായിരുന്നു. കേവലം പെർഫോമൻസുകൾക്കപ്പുറം സംഘാടനത്തിലും, തിരശ്ശീലക്കു പിന്നിലെ ചെറിയ വലിയ പ്രവർത്തനങ്ങളിലുമെല്ലാം ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചു, ഭാവി അധ്യാപന ജീവിതത്തിലേക്കുള്ള കാത്ത് സൂക്ഷിപ്പ്... Reflection എന്ന പദത്തിന്റെ ആഴവും പരപ്പും ഓരോ പരിപാടിക്കൊടുവിൽ തിരിച്ചറിഞ്ഞുകൊണ്ടേയിരുന്നു.

മറ്റ് കോഴ്സുകളിൽ നിന്ന് വ്യത്യസ്തമായി സീനിയേഴ്സും ജൂനിയേഴ്സും ഒരുമിച്ച് വാഴുന്നത് ചുരുക്കം ദിവസങ്ങളായിരുന്നു, എങ്കിലും, ഏറ്റവും മനോഹരമായ എന്തോ എന്ന് ഞങ്ങൾ പരസ്പരം സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. മികച്ച അക്കാദമിക പ്രകടനങ്ങളും, മികച്ച സംഘാടനവും, അതിലേറെ മികച്ച സൗഹൃദങ്ങളും കാഴ്ചപ്പാടുകളും തിരിച്ചറിവുകളും നല്കി, 2 വർഷ ബി.എഡ് പൂർത്തിയാക്കി അവർ പടിയിറങ്ങി.

സെമസ്റ്റർ-3, മുഹമ്മദ് സാറിന്റെ ഭാഷയിൽ ബി.എഡ് കോഴ്സിലെ സുവർണ കാലഘട്ടം. കോളിളക്കം സൃഷ്ടിച്ച ക്യാമ്പും, അതില് നിന്നുത്ഭവിച്ച ജീവിതപാഠങ്ങളും തുടർന്നുള്ള പ്രയാണത്തിലേക്കുള്ള നല്ല ചാലകങ്ങൾ തന്നെയായിരുന്നു.

പതിനാറു ആഴ്ച നീണ്ട ഇന്റേൺഷിപ് കഥകൾ കേവലം ഈ താളുകളിൽ ഒതുങ്ങുന്നതല്ല. അധ്യാപനത്തിന്റെ ചൂരും ചൂടും തൊട്ടറിഞ്ഞെത്തിയ ഞങ്ങളിൽ അങ്ങ് സിലിക്കോൺ വാലിയിൽ നിന്നുത്ഭവിച്ച അക നിർമിതികളുടെ സ്വാധീനം ചെ

പ്രിയപ്പെട്ടത്...
എഫ്. ബി. സി യിലെ കുറെ നല്ല
മനുഷ്യർ...
ഓടിച്ചാടി ഇവിടെയിങ്ങനെ ഓമനിക്കുന്ന
പ്രിയപ്പെട്ട ഹനീഫക്ക.
പ്രണയവും വിരഹവും പ്രാരാബ്ധങ്ങളും
കണ്ണീരും ചിരിയും അറിവുമെല്ലാം
ഒളിഞ്ഞും പാരത്തുമിരിക്കുന്ന
ലൈബ്രറിയിലെ ബുക്കിന്റെ
നീണ്ട നിരകൾ...
വായനക്കപ്പുറത്ത് ഞങ്ങളെ
വായിച്ചെടുത്ത പ്രിയപ്പെട്ട
ലൈബ്രേറിയന്മാർ...
അതിരാവിലെ ഞങ്ങളെത്തും മുന്നേ
ഇവിടെയിത്ര മനോഹരമാക്കിയ
പ്രിയ ചേച്ചിമാർ...
പിന്നെ ഫാറൂഖിന്റെ കരുത്തുറ്റ
ഓഫീസ് സ്റ്റാഫുകൾ...
അങ്ങനെയങ്ങനെ
പ്രിയപ്പെട്ടതൊക്കെയും
നെഞ്ചിലേറ്റി വീണ്ടുമിവിടം
വന്നിടമെന്നൊരാശയിൽ
പലയിടത്തേക്കായ് നമുക്കൊരുമിച്ചു
ചേക്കേറിടാം



റുതല്ല. ഒടുക്കം പ്രാക്ടികൽസും, ഇടയ്ക്കൊരു വ്യത്യസ്തമായ ഡ്രാമ ക്യാമ്പും, KTET, സെറ്റുമെല്ലാം കഴിഞ്ഞൊന്ന് നടുനീർത്തിയപ്പോഴേക്ക് ഞങ്ങൾക്ക് മാത്രമല്ല, കോളേജും ഒരുപാട് മാറീട്ടിണ്ടായിരുന്നു. ഇന്റർലോക്ക് ചെയ്ത മുറ്റം, ഇലക്ഷൻ കഴിഞ്ഞ് അടുത്ത യൂണിയൻ, മുഹമ്മദ് സാറിന്റെ താത്കാലിക നേതൃത്വം, കൂടെ സൈക്കോളജി കൈകാര്യം ചെയ്യാനായി ഐശ്വര്യ മിസ്സും.

മാർച്ചിന്റെ കഠിന ചൂടിനുമുന്നേ സ്റ്റഡി ടൂർ നടത്താനുള്ള ചൂടേറിയ ചർച്ചകളാൽ വാട്സാപ്പ് ഗ്രൂപ്പുകൾ സജീവം. കുറച്ച് മിടുക്കർ ഇടുക്കിയിൽ വട്ടമിട്ടു കളിച്ചപ്പോൾ, ബഹുമിടുക്കർ ഡൽഹി വഴി അങ്ങ് മണാലിയിൽ ആടി തിമിർത്തു.. ട്രിപ്പ് കഴിഞ്ഞ് നാലാം സെമെസ്റ്റർ തുടങ്ങിയതും, പുതിയ യൂണിയന്റെ തകൃതിയായ പരിപാടികളും..അങ്ങനെ കാര്യങ്ങളൊക്കെ മുറയ്ക്ക് നടന്നു. പ്രിൻസിപ്പാൾ ആയി നാസർ സർ ചുമതലയേറ്റെടുത്തതോടെ, കൃത്യം 9.30 ക്ക് അസംബ്ലിയിൽ എത്തിച്ചേരനുള്ള ഞങ്ങളുടെ ഓട്ടം അങ്ങ് മിനി റോഡിൽ നിന്ന് തുടങ്ങി. ടെക്നോളജി ഇന്റഗ്രേറ്റഡ് പെടഗോഗിയുടെയും, ഇൻക്ലൂസീവ് എഡ്യൂക്കേഷന്റെയും, ജൻഡർ സ്റ്റീരിയോടൈപ്പിന്റെയുമെല്ലാം കാമ്പുള്ള ചർച്ചകൾ... നേരിയ ചലനം സൃഷ്ടിച്ച് SUPW വർക്ക്ഷോപ്പ് ഒരു മിന്നായം പോലെ കടന്ന് പോയ്. 2 day National seminar, FBC യുടെ ചരിത്രത്തിൽ ഒരു പൊൻതൂവൽ ചാർത്തിയെന്ന് മാത്രമല്ല, Ai യുടെ അനന്ത സാധ്യതകളെ മുൻനിർത്തി, സിലബസിൽ ചിതലരിക്കാൻ സാധ്യതയുള്ള ICT വർക്ഷോപ്പുകളെ നിർദയം ചോദ്യം ചെയ്തുവെന്ന് തന്നെ പറയാം.

അങ്ങനെ ഇവിടന്നങ്ങോട്ട്, സ്വബോധമുള്ള, മൂല്യമുള്ള, അലിവുള്ള, ആഴമുള്ള, ആനുകാലിക ചിന്തയുള്ള അധ്യാപകരായും, അതിലേറെ ഒരു നല്ല മനുഷ്യരായും ഞങ്ങളുടെ പ്രയാണം തുടരട്ടെ!



# FAROOK B.Ed. COLLEGE

**PARAPPUR PO, KOTTAKKAL-675 503,**
**MALAPPURAM DT, Phone : 04832744144,3299803**

## ANNUAL REPORT 2023- 2024

Farook B.Ed college is the Pioneer teacher training college among the unaided/ self financing institutions in Kerala state established in 2005 under the esteemed management of Farook Educational Society. Now the college is well equipped with all modern facilities and well facilitated by the management committee. I express my gratitude towards the managing committee for the sincere cooperation and guidance.

It gives me immense pleasure to present the Annual Report of **Farook B.Ed.College** for the academic year 2023–2024 This year has been marked by remarkable academic achievements, dynamic co-curricular engagements, and continued commitment towards quality teacher education. Our institution continues to uphold its vision of nurturing competent, compassionate, and socially responsible teachers.

## INSTITUTIONAL PROFILE

- **Established** : 2005
- **Affiliation** : University
- **Courses Offered** : B.Ed. (Two-year programme) of Calicut
- **Strength** : 1st year - 50
  2nd year-50

**Optional strength**

English-10

Mathematics-10

Natural Science- 10

Physical Science- 10

Social Science- 10

## Faculties

The faculties of the College consist of a total 10 teaching staff including 2 part- time staff. The college planned all curricular and extra curricular activities in a democratic manner by discussing in staff meetings and the college union meeting. The following staffs are given responsibility of various activities mentioned for the year 2023-2024

| | |
|---|---|
| Staff Secretary | Mr. Lalu A |
| Returning Officer of College Union Election &staff advisor | Mr.Shabeer KK |
| Staff Editor | Mr. Ummar A |
| Attendance | Mr. Suhail OT |
| Morning Assembly | Ms. Visitha CP |
| Fine arts | Mr. Bibin KB |
| Sports | Mr. Vignesh P |
| Study tour | Mr. Suhail OT |
| Day celebration | Dr.Santhikrishna |
| Examination and practicals | Mr. Muhammad K |
| Uniform and ID card | Dr. Reshma PT |
| Records | Mr.Suhail OT |
| PRO | Mr.Vignesh P |
| PTA | Mr. Shabeer KK |
| Alumni association | Mr.Shabeer KK |
| Women's forum | Dr. Santhikrishna C |
| Faculty improvement program | Dr.Reshma PT |
| Anti Ragging Committee | Mr. Lalu A |
| Evaluation and monitoring committee | Mr. Muhammad K |
| Timetable | Dr. Reshma PT |
| Library | Ms.Jamsheera P |
| Induction programme | Dr.Reshma PT |
| Community living camp | Mr.Lalu A |
| Discipline | Mr. Vignesh P |
| Laboratories | Mr.Ummar A |
| Language lab | Mr.Lalu A |
| Mathematics Lab | Dr. Santhikrishna C, Mr.Suhail OT |
| Science lab | Ms. Visitha CP |
| Social science lab | Mr.Muhammad K |
| Technology lab | Mr. Bibin KB |
| SUPWMultipurpose hall | Dr. Reshma PT |
| Sports room | Mr.Vignesh P |

**New Appointments in the year 2024**

1. Dr Shamina E as Assistant Professor of English
2. Arunkumar PK (fine arts)
3. Ms.Sneha Menon P( Assistant Professor of Mathematics)
4. Mr.Suraj R ( Assistant Professor of Social Science)

**ACTIVITIES AT A GLANCE**

The academic year 2023–2024 was marked by vibrant academic and co-curricular activities that enriched the learning experience of our teacher education programme.

**Commencement of Classes**

The classes for the B.Ed. programme commenced on 1st August 2023 with a warm welcome to the new batch. Students were introduced to the academic framework, rules, and expectations for the year.

**Independence Day Celebration**

On 15th August 2023, the college celebrated Independence Day with patriotic fervour. The national flag was hoisted, followed by the singing of the national anthem. Students presented patriotic songs, speeches, and cultural performances highlighting India's freedom struggle and the values of unity and democracy.

**Induction Programme**

An Induction Programme for the new batch of B.Ed. students was held on 16th and 17 th August 2023. Mr. Siddique , DIET led the program.The sessions introduced students to the curriculum structure, institutional policies, teaching-learning methodologies, and professional ethics. Interactive activities, orientation talks, and ice-breaking sessions helped students integrate smoothly into the academic community.

**Onam Celebration**

The college celebrated Onam with great enthusiasm in August 2023. The festivities included Pookkalam (floral carpet) competitions, traditional games, cultural performances, and the sharing of the Onam Sadhya (traditional feast). Students and faculty joined together in traditional attire, creating an atmosphere of joy and cultural pride.

**Teachers' Day Celebration**

On 5th September 2023, the college celebrated Teachers' Day to honour the contribution of teachers to education and society. Students organised a special programme featuring cultural performances, speeches, and fun activities dedicated to their teachers. The event fostered mutual respect, gratitude, and a stronger bond between students and faculty.

**Talents Day**

On 8 September 2023, the college organised Talents Day to provide a platform for students to showcase their artistic, literary, and performance skills. The event featured music, dance, recitation, and creative displays, enabling students to express their creativity and build confidence.

**Course Inauguration**

The formal inauguration of the B.Ed. course was held on 12th October 2023.

Dr. Dinesh K, Associate Professor, Kottakkal Ayurveda College, inaugurated the programme and delivered an inspiring address on the role of teachers in fostering holistic development.

**PTA Meeting**

On the same day, 12th October 2023, the Parent-Teacher Association convened its first meeting for the year. The meeting served as a platform to discuss academic planning, student progress, and parental involvement in various college initiatives.

A new academic calendar for 2023-2024 was drafted and implemented, ensuring a balanced schedule for curricular, co-curricular, and community-oriented activities.

**Field Trip (EDU01 Task)**

As part of the EDU01 course requirements, students undertook a field trip to the tribal colony at Wayanad on 25th October 2023. This experiential learning opportunity enabled students to understand the cultural, social, and educational aspects of tribal life.

**NAAC and IQAC Initiatives**

In alignment with quality assurance measures, the college initiated steps for NAAC accreditation and formed the Internal Quality Assurance Cell (IQAC).

Faculty members Mr. Mohammed K.E and Mr. Sohail O.T attended a NAAC-related seminar at Mother Teresa College of Teacher Education, Perumba, where they participated in discussions on accreditation criteria and procedures. They later briefed the staff on these deliberations, facilitating further preparedness for accreditation.

**Kerala Piravi Celebrations**

On 1st November 2023, the college celebrated Kerala Piravi with great enthusiasm. Various programmes were organised by the students, including cultural performances, speeches, quiz competitions, and exhibitions that showcased the rich heritage, traditions, and achievements of Kerala. The event fostered a sense of pride and cultural identity among the participants.

**Christmas Celebration**

On 19th December 2023, the college celebrated Christmas with joy and festive spirit. The programme included carol singing, Christmas skits, and the exchange of greetings. A beautifully decorated crib and Christmas tree added to the festive atmosphere, and students, faculty, and staff came together to share the message of peace, love, and harmony.

**Inauguration of Various Clubs**

In January 2024, the college inaugurated several various students clubs for , fostering leadership and extracurricular engagement.

**Union and Fine Arts Activitiesvç**

The College Union Inauguration was scheduled for 19th January 2024, followed by the Fine Arts Day celebrations on 8th and 9th February 2024, providing a platform for students to showcase their artistic and cultural talents.

Workshop on Teaching-Learning Materials
On 12th June 2024, the college organised a Workshop on Teaching-Learning Materials (TLM) aimed at enhancing the creative and instructional skills of B.Ed. students. The session focused on the

preparation and effective use of various TLMs in classroom teaching, encouraging innovation and resourcefulness in future educators. Students actively participated in hands-on activities, producing a variety of instructional aids.

**Community Living Camp**

The Community Living Camp was conducted from 15th to 19th August 2024 as part of the B.Ed. curriculum to promote teamwork, social responsibility, and community engagement. The camp was inaugurated by Dr. Rajesh Monji, Assistant Professor, MES Mampad College, who inspired the participants with his address on the role of teachers in community development.

**Teaching Internship**

The Teaching Internship for B.Ed. students was conducted from 20th August to 18th December 2024 in various schools. During this period, student teachers engaged in lesson planning, classroom management, co-curricular activities, and assessment practices under the guidance of mentor teachers. The internship provided valuable hands-on experience, bridging the gap between theoretical learning and practical classroom teaching.

**Practical Examinations**

The practical examinations for B.Ed. students were conducted on 6th and 7th February 2025. Prior to this, mock viva voce examinations were held on 24th January 2024 to familiarise students with the examination process and help them improve their performance. The practicals assessed lesson delivery, teaching skills, and classroom management abilities.

**Study Tour**

A 10-day study tour was organised from 11th to 21st February 2025 covering Agra, Kullu, and Manali. Students explored historical monuments, cultural sites, and natural landscapes, gaining valuable exposure to India's diverse heritage and geography. The tour also promoted team spirit, cultural awareness, and experiential learning.From 20th to 23rd February 2025, a three-day short trip was arranged to Idukki and Vagamon. Students enjoyed the scenic beauty, visited local attractions, and engaged in group activities, making the trip a memorable and refreshing experience.

**Conclusion**

The reporting period saw remarkable participation from students and faculty in academic, cultural, community, and extension activities. Field trips, study tours, cultural festivals, workshops, and quality initiatives enriched the teacher education experience. The college remains steadfast in its mission to prepare skilled, reflective, and socially committed educators.

**Principal**

# COLLEGE UNION REPORT – 2023–2024

The College Union elections for the 2023-24 of Farook B.Ed College were held on 31st October 2023 through a popular vote. The following members were elected as the College Union for the academic year 2023–2024:

Chairperson - Sreehari K
Vice Chairperson-Anagha M K
General Secretary- Fathima N
Joint Secretary- Safa P P
University Union Councillor (UUC) - Sinan A
General Captain- Shahma K
Fine Arts Secretary -Aiswarya V P
Student Editor -Anshida Thoombath

**Class Representatives:**

1st year -Vasila Jahan
2nd year-Bayana Hanan
Association secretaries:

* English - Nada
* Physical Science - Devika Vipin
* Natural Science - Fahmida PVP
* Mathematics - Shani Mol
* Social Science - Ahsam

The Union functioned under the leadership of our respected Principal, Dr. Reshma P T and the guidance of our dedicated union advisor Mr. Shabeer K K.




**Union Inauguration**

The official inauguration of the College Union Hiraeth took place on 19th January 2024 at 10:00 am. The event was inaugurated by singer Pranav M Ramesh and was marked by inspiring speeches, cultural programs, and the announcement of the Union's vision for the year.

**Fine Arts Club Inauguration**

The Fine Arts Club was formally inaugurated on 19th January 2024 at 2:00 pm by singer Samseer. The occasion featured memorable performances, including a special cultural



events which captivated the audience.

**Natural Science Association Inauguration:**

On 10th November 2023 the Natural Science Association-"Eco explora" was inaugurated by HSA first rank holder and former FBC student Asla K. The session highlighted by the expert talk and seminar.

**World Science Day Celebration:**

World Science Day for peace and development Celebrated on 10th, featuring activities such as talks, quizzes, treasure hunt and interactive games. Discussion on the theme " Building trust on science" also conducted as the part of day celebration

**Mathematics Association Inauguration:**

The Mathematics Association, titled Trig Troupe was inaugurated on 30th November 2023 by mathematics faculty in DIET- Ms.Smitha Pramod. The session included constructive methods of teaching mathematics, debate, puzzle solving etc which encouraged participants to explore the beauty and applications of mathematics.

**Sports Meet - GALA ATLETA**

The annual Sports Meet GALA ATLETA was held on 25th January 2024. The inauguration was done by Mohammed Haneefa,Circle Inspector of Police Vengara. Three houses competed enthusiastically, with Team



Warriors claiming the overall championship.

**Arts Festival - Rang de**

The Arts Festival, held on 8th and 9th February 2024, showcased the creative talents of the students. With events spanning music, dance, literature, theatre, and fine arts, the campus came alive with colors and creativity. Team Gungroo emerged as the overall champions.

**Iftar Gathering - KISSA**

On 22nd March 2024, the college organized an Iftar Gathering named KISSA. The program included a meaningful message by Mohammed sir emphasizing unity, compassion, and togetherness during the holy month of Ramadan.

The academic year 2023-2024 was vibrant with activities, celebrations, and achievements. The College Union Hiraeth successfully organized events that strengthened student unity and encouraged cultural, academic, and athletic excellence. With the tireless efforts of the Union members, the guidance of the Principal Dr. Reshma P T, and the constant support of the Union Advisor Shabeer sir, this year will remain a golden chapter in the college's history.



# Our Achievers (2022-2024)



# Our Achievers (2023-2025)



FATHIMA SHAFEEKHA V.P
English

JAMEELA. M.P
English

JASEELA A.P
English

JASMIYA
English

SABEEBA THASNI.T
English

SHEHLA SHEREEN
English



SOBITHA P
English

FATHIMA HIBA T
Mathematics

FATHIMA SAHLA. K.V
Mathematics

HASNA PARY
Mathematics

MUHSINA.K.T
Mathematics

MURSHIDA SHAHANA. K. M
Mathematics



NILA SHELJA SUNIL
Mathematics

SHANI MOL
Mathematics

THESNI. A
Mathematics

VASILA JAHAN. K.C
Mathematics

ANSHIDA THOOMBATH
Natural Science

FAHMIDA.PVP
Natural Science



JASIYA THASNI.C
Natural Science

MUBASHIRA BINSY.K
Natural Science

NAFIYA NESRI TK
Natural Science

NASEEBA.M
Natural Science

PARVATHY M V
Natural Science

RAHAMATHUNISA VP
Natural Science



SHARINA SHAHANAS
Natural Science

AISWARYA P
Physical Science

ANANYA.E.M
Physical Science

MOHAMED SAJJAD. P
Physical Science

RINSHA SERIN.P
Physical Science

SAHANA RAHMATH C P
Physical Science



SAMEENA. M.T
Physical Science

SHAHLA SHAHDIA
Physical Science

SHAKEELA
Physical Science

SNEHA V
Physical Science

ALNA. A
Social Science

FATHIMA HIBA
Social Science



FATHIMATH KHAMARUNNISA.V.K
Social Science

HISANA NAZREEN P P.
Social Science

MUHSINA. V.P
Social Science

SHABEEBA SHERIN MC
Social Science

SNEHA T
Social Science



അപ്രതീക്ഷിത വെട്ടുകൾ,
മുറിവുകൾ സൃഷ്ടിച്ച് വീണ്ടും
കടന്നു വന്നേക്കാം...
ആസൂത്രിതവും കരുത്തുള്ളതുമായ
ചുവടുകളുമായ് നമുക്ക്
ഗതി മാറി ദിശ തേടി
ചലിക്കുക തന്നെ ചെയ്യാം...
അഴകുള്ളതും ആഴമേറിയതുമായ
ചിന്തകളും ആശയങ്ങളും
ഇഴ പിരിഞ്ഞിരിക്കുന്നുണ്ടാകാം.
അടയാളപ്പെടുത്താനുള്ള ശ്രമമാണ്
കാലഘട്ടത്തിനെ, നേർകാഴ്ചകളെ
അനുഭവങ്ങളെ, തിരിച്ചറിവുകളെ...
ഇടക്കെപ്പോഴോ നിന്ന് പോയ മാഗസിന് വീണ്ടും
നിറം നൽകാൻ നിമിത്തമായതിൽ
നിറഞ്ഞ സന്തോഷം.
നിഴലായ് നിന്ന അധ്യാപകർക്ക്,
കരുത്തേകിയ കൂട്ടുകാർക്ക്,
സഹകരിച്ച സ്ഥാപനങ്ങൾക്ക്,
വ്യക്തികൾക്ക്
കാമ്പുള്ള പാഠങ്ങൾക്ക്
ഹൃദ്യമായ നന്ദി.
പൂർണമല്ലെന്നറിയാം
കൂട്ടിച്ചേർക്കപ്പെടട്ടെ
കൂടുതൽ ഇമ്പമുള്ളതാകട്ടെ.

അൻഷിദ തുമ്പത്ത്
(സ്റ്റുഡൻറ് എഡിറ്റർ)







FAROOK B.Ed COLLEGE
















ARABIAN MAJLIS
മനം
മയക്കും
മാസ്മരിക
രുചി
ORDER NOW
KOTTAKKAL 9645 11 14 14 - 9645 00 14 14
HOME DELIVERY Available

kottakkalurbanbank.com

# People Friendly Bank

- Bank with Core Banking Facility
- POS, IMPS, UPI Facility
- Locker Facility Available in all Branches
- Insurance Coverage for Deposits
- ATM Facility Available
- A leading Bank with 24 Branches & 17 ATM
- Virtual ATM Card Facility
- NACH Cr/Dr Facility

G Pay PhonePe Pay Paytm amazon pay BHIM BharatPe

**തുടങ്ങി ആധുനിക ഓൺലൈൻ ബാങ്കിംഗ് സംവിധാനങ്ങൾ**

- NRI ബിസിനസ് അടക്കമുള്ള എല്ലാ സേവനങ്ങളും ലഭ്യം
- 7 കോടി രൂപ വരെ കാഷ് ക്രെഡിറ്റ് നൽകുന്നു
- 50 ലക്ഷം രൂപ വരെ ഭവന വായ്പ
- കേരളത്തിലെ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ സെക്ടറിൽ സ്തുത്യർഹ സേവനത്തിന് ദേശീയ-സംസ്ഥാന തലത്തിൽ നിരവധി അവാർഡുകൾ
- സർക്കാർ ക്ഷേമ പെൻഷനുകൾ ബാങ്കിലൂടെ വിതരണം ചെയ്യുന്നു
- PMJJBY, PMSBY എന്നീ ഇൻഷുറൻസ് പദ്ധതികൾ
- മരണപ്പെടുന്ന അംഗങ്ങൾക്ക് വായ്പ തിരിച്ചടക്കാൻ 3 ലക്ഷം രൂപ വരെ റിസ്ക് ഫണ്ട് ആനുകൂല്യം

## The Kottakkal Co-op Urban Bank Ltd

Bound to generations since 1937

Head Office KOTTAKKAL

RBI Lic. No. UBD.KA. 751 P

P.O. Kottakkal, Pin: 676 503, Malappuram Dist., Kerala

Tel: 0483-2742246, 2740033, 2744501, Fax: 2740034

www.kottakkalurbanbank.com, e-mail: headoffice@kottakkalurbanbank.com

IFSC Code: UTIB0SKCU78 (Fifth Digit Zero)

**ABDUL KAREEM C.**
Chairman

**JAMES MATHEWS C**
Managing Director




Metro Plaza, Tirur Road, Kottakkal. Ph: +91 93875 02007 Zeenath Silk & Sarees Kottakkal



ഒരേയൊരു ക്യാമ്പസിലെ മാത്രം റിസൽട്ടായിട്ടുപോലും മികച്ച
ഫോമിൽ തന്നെ കോട്ടക്കൽ യൂണിവേഴ്സൽ
NEET RESULT 2025
AIR 1964 FADIN BACKER C H
AIR 1578 FATHIMATH SAHALA
AIR 1544 SHAHABAS AMEN P
AIR 1918 FATHIMA JISHANA
AIR 2185 MOHD NAZIF K K
588 IMRAN ALI
586 LILAN MOHD
583 FATHIMA YUMNA
581 ALI AFNAJ
580 FATHIMA DILSHA K
574 FAYAZ MUHD
573 NAZEEL P
572 JESLA M P
571 FATHIMA RAJA
571 THAJUL FASARI
567 ATHISHAY BABU
567 MUHD NAFIH
566 NAZAL V
565 MUHD SAFVAN E
564 RILA FATHIMA
563 FATHIMA RIFA P
563 SUMAINA C V
562 MINHAJ K K
560 MUFEEDHA M
560 HAMNA JALEEL
560 ADIL V
558 NAFIYA T K
556 IRFAN MUNEER
556 DIYA FATHIMA
555 NIYA KONARI
555 JAWAD RAHMAN
555 FARSANA
555 HAMDHAN B
555 MOHD SALOOF
555 SHIDA JALANA
555 FATHIMA SANA
554 ISHA KHURAISHI
554 LIBA C T
553 SHAZIN NASSER
551 MOHD JASSIM P
551 SANOOBIYA
551 SYED IBRAHIM SUMIT
551 SAFEELA NASRIN
550 FAZIL M
550 MURSHIDA U P
549 SAMVRITHA
549 FATHIMA RIYA P
549 FATHIMA FIDHA
549 FATHIMA SUHANA
548 DHANISH HUSSAIN
548 NASHWA
548 ANJAL JEZA
547 SAHAL A T
547 SHAFA THASNI M
546 SAYYID MIZAL
545 MUHD JASHEER
544 MUHD JANEEZ
543 FATHIMA FIDHA C
543 ROULA SHERIN
543 SAFANA BANU
542 FAHMIDA
542 MOHD AMFAS
540 RIDHA
539 MOHD NASHIR C P
538 FATHIMA K E
537 AMEENA MINAL
537 HASLA HIBA P
537 MUHD SHABEER P
536 SAFNA THASNI C
535 RIZIN N
535 SHAHANA ILYAS
534 FATHIMA PARVEEN
532 MINHAJ P
532 RUSHDA K
531 FATHIMA FARHA
531 AFLA SHIRIN
530 NISHA SHERIN
CUSAT CAT TOPPERS
JEE ADVANCED RESULT 2025
SCORE 165
117 111 104 104 102 100 99 99
95 86 86 83 74 71 70 70
UNIVERSAL PUBLIC SCHOOL
SINCE 2000
UNIVERSAL INSTITUTE, KOTTAKKAL®
MEDICAL / ENGINEERING / IIT ENTRANCE COACHING CENTRE
Corporate Office: Changuvetty, Kottakkal
www.universalinstitute.in
7034 031 009, 9895 165 807, 9495 175 366